# തൃക്കാക്കര ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണം
# വികസന റിപ്പോർട്ട് - 96.





അധികാരം ജനങ്ങളിലേക്ക്



71-3

# തൃക്കാക്കര ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം
## വികസന റിപ്പോർട്ട്

'96


TRICHUR
ALWAYE TALUK
PARUR TALUK
KUNNATHUNAD TALUK
KOTHAMANGALAM TALUK
KANAYANNUR TALUK
COCHIN TALUK
MUVATTUPUZHA TALUK
IDUKKI
/EEP SEA
ALLEPPEY
KOTTAYAM

എറണാകുളം ജില്ല




ആലുവ
എറണാകുളം ജില്ല
കൊച്ചി
കണയന്നൂർ
കുന്നത്തുനാട്
കോതമംഗലം
മൂവാറ്റുപുഴ
തൃക്കാക്കര



# തൃക്കാക്കര ഗ്രാമപഞ്ചായത്ത്



# നിലവിലുള്ള വാർഡുകൾ

വാർഡുകൾ : 15

1. കുണ്ടന്നൂർ
2. വാഴക്കാല
3. ചെറുമുറ്റപ്പുഴ
4. പള്ളിപ്പുറം
5. കരുമക്കാട്
6. തൃക്കാക്കര
7. പാട്ടുപുരയ്ക്കൽ
8. തെങ്ങോട്
9. കാക്കനാട്
10. ചിറ്റേത്തുകര
11. പടമുകൾ
12. സാറ്റലൈറ്റ് ടൗൺഷിപ്പ്
13. വെള്ളാട്ടുംപാടം
14. കോവിലകത്തുംകടവ്
15. ഭാരതമാതാ കോളേജ്

# തൃക്കാക്കര ഗ്രാമപഞ്ചായത്ത്
# ഭരണസമിതി - 1996 - 2000

| | | | |
|---|---|---|---|
| 1. | ശ്രീ. | പി.ഐ. മുഹമ്മദാലി | (പ്രസിഡൻറ്) |
| 2. | ,, | എസ്.എച്ച്. പി. തങ്ങൾ | (വൈസ് പ്രസിഡൻറ്) |
| 3. | ,, | കെ.എ. കുഞ്ഞൻബാവ | (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ) |
| 4. | ,, | എൻ. പി. ഷണ്മുഖൻ | |
| 5. | ,, | പി.ബി.കെ. മൈന | |
| 6. | ,, | വി. രാമച്രന്ദൻ | |
| 7. | ശ്രീമതി | മേരി കുര്യൻ | |
| 8. | ശ്രീ. | കെ.കെ. ഇബ്രാഹിം | |
| 9. | ശ്രീമതി | എം.ടി. ഓമന | |
| 10. | ,, | എൻ.കെ. ശാന്ത | |
| 11. | ,, | സാജിത ഉമ്മർ | |
| 12. | ശ്രീ. | എം.ഇ. ഹസൈനാർ | |
| 13. | ശ്രീമതി | ഓമന രവീന്ദ്രൻ | |
| 14. | ശ്രീ. | കെ.പി. ശിവൻ | |
| 15. | ,, | പി. എ. അബ്ദു | |
| 16. | ,, | ടി.ഐ. പ്രഭാകരൻ | സെക്രട്ടറി |

# റിപ്പോർട്ടു തയ്യാറാക്കുന്നതിൽ നേതൃത്വം നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീ. | പി.ഐ. മുഹമ്മദാലി |
| 2. | ,, | എസ്.എച്ച്. പി. തങ്ങൾ |
| 3. | ,, | കെ.എ. കുഞ്ഞൻബാവ |
| 4. | ,, | ജി. രാജശേഖരൻ നായർ |
| 5. | ,, | എം.പി. ജോസഫ് മാസ്റ്റർ |
| 6. | ,, | കെ.കെ. മാത്തൻ മാസ്റ്റർ |
| 7. | ,, | ഇക്കോരൻ മാസ്റ്റർ |
| 8. | ശ്രീ. | എം. ഇ. ഹസ്സയിനാർ |
| 9. | ,, | കെ. കെ. ഇബ്രാഹിം |
| 10. | ,, | വി. രാമചന്ദ്രൻ |
| 11. | ശ്രീമതി | മേരി കുര്യൻ |
| 12. | കുമാരി | എം. ടി. ഓമന |
| 13. | ശ്രീ. | കെ. റ്റി. എൽദോ |
| 14. | ശ്രീ. | സജി വർഗീസ് |

# വിഷയവിവരം


1) ആമുഖം

2) ചരിത്രം

3) ഭൂപ്രകൃതി - ജനപ്രകൃതി

4) സാമൂഹിക സാമ്പത്തിക മേഖലകൾ

1. കൃഷി ജലസേചനം
2. മൃഗസംരക്ഷണം, മത്സ്യബന്ധനവും
3. വ്യവസായം
4. വിദ്യാഭ്യാസം
5. കുടിവെള്ളം, പൊതുജനാരോഗ്യം
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
7. പാർപ്പിടം, സാമൂഹ്യക്ഷേമം
8. സംസ്ക്കാരം
9. വനിതാ ക്ഷേമം
10. സഹകരണം
11. പട്ടികജാതി - പട്ടികവർഗ്ഗം
12. വിഭവസമാഹരണം

# ആമുഖം

പ്രാചീനകാലം മുതൽ തന്നെ ഇന്ത്യയിൽ പഞ്ചായത്തുഭരണ സംവിധാനം വിപുലമായ അധികാരങ്ങളോടുകൂടി നിലനിന്നിരുന്നതായി ചരിത്രരേഖകൾ വ്യക്തമാക്കുന്നു. ചാണക്യന്റെ അർത്ഥശാസ്ത്രത്തിലും ശുക്രാചാര്യരുടെ നീതിസാരത്തിലും ഇതു സംബന്ധിച്ചുള്ള പ്രതിപാദനങ്ങൾ ഉണ്ട്. വിദേശശക്തികൾ ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചതിനുശേഷമാണ് പഞ്ചായത്ത് ഭരണസംവിധാനം ഇല്ലാതായത്. 1920-ൽ ബോംബെ വില്ലേജ് പഞ്ചായത്ത് നിയമം നിലവിൽവന്നു. എങ്കിലും, കാര്യമായ അധികാരങ്ങളൊന്നും ഉണ്ടായിരുന്നില്ല. പഞ്ചായത്തിന്റെ തീരുമാനങ്ങൾക്ക് ഗവൺമെന്റ് ഒരു വിലയും കൽപ്പിച്ചിരുന്നില്ല. ഈ സാഹചര്യത്തിലാണ് 1931 മേയ് 28-ാം തീയതി പുറത്തിറങ്ങിയ 'യങ്ങ് ഇന്ത്യ' എന്ന പ്രസിദ്ധീകരണത്തിൽ മഹാത്മാഗാന്ധി അന്നത്തെ പഞ്ചായത്ത് സംവിധാനത്തെ വിമർശിച്ചത്. "പഞ്ചായത്ത് ഒരു പഴയകാലത്തിന്റെ സ്മരണയാണ് നമ്മുടെ മനസ്സിൽ ഉയർത്തുന്നത്" എന്നാണ് അദ്ദേഹം പറഞ്ഞത്. പഞ്ചായത്ത് എന്ന പദത്തിന്റെ അർത്ഥം, ഗ്രാമീണരാൽ തെരഞ്ഞെടുക്കപ്പെട്ട അഞ്ചുപേരുടെ സമിതി എന്നാണ്. ഇന്ത്യയിലെ എണ്ണമറ്റ ഗ്രാമറിപ്പബ്ലിക്കുകളെ ഭരിക്കുന്നതിനുള്ള ഒരു ഭരണസംവിധാനമായിരുന്നു അത്. എന്നാൽ ബ്രിട്ടീഷുകാർ ഗ്രാമറിപ്പബ്ലിക്കുകളെ പാടെ നശിപ്പിച്ചുകളഞ്ഞു.

സ്വയം പര്യാപ്തമായ, സ്വയം ഭരണാധികാരങ്ങളുടെ 'ഗ്രാമസ്വരാജ്' മഹാത്മജിയുടെ ഒരു സ്വപ്നമായിരുന്നു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയപ്പോൾ നമ്മുടെ ഭരണഘടനയിൽ പഞ്ചായത്തുകളെക്കുറിച്ച് പ്രതിപാദിക്കുന്നത് 40-ാം ആർട്ടിക്കിളിൽ സംസ്ഥാനങ്ങൾക്കുള്ള നിർദ്ദേശതത്വങ്ങളിലാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തുകളുടെ രൂപീകരണം സംസ്ഥാനങ്ങളുടെ ചുമതലയായി മാറി. അങ്ങിനെ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ വ്യത്യസ്ഥങ്ങളായ നിയമങ്ങൾ നിലവിൽവന്നു. വിഭിന്നങ്ങളായ മതങ്ങൾ, വർഗ്ഗങ്ങൾ, ഭാഷകൾ, സംസ്ക്കാരങ്ങൾ ഇവയെല്ലാം കൂട്ടിയിണക്കി സ്വാതന്ത്ര്യസമരത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും, സ്വയം ഗ്രാമീണജീവിതം ആചരിക്കുകയും ചെയ്ത നമ്മുടെ രാഷ്ട്രപിതാവിനെ ഈ അവസരത്തിൽ സ്മരിക്കുന്നു. അഹിംസയിലൂടെ സ്വാതന്ത്ര്യം നേടിത്തന്ന ചരിത്രം, ഭാരതത്തിന്റെ തനതായ ചരിത്രവും ലോകരാഷ്ട്രങ്ങളെ ആകമാനം വിസ്മയിപ്പിച്ച സംഭവവുമാണ്. സ്വാതന്ത്ര്യാനന്തരം രാഷ്ട്രപിതാവിനെ സന്ദർശിച്ച നേതാക്കളോട്, സത്യവും, അഹിംസയും മുറുകെപ്പിടിച്ചുകൊണ്ട് ഗ്രാമീണ ജനതയുടെ ഉന്നമനത്തിനുവേണ്ടി പ്രയത്നിക്കുക എന്നതാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ഗ്രാമീണജനതയുടെ ഉയർത്തെഴുന്നേൽപ്പിലൂടെ മാത്രമേ സ്വാതന്ത്ര്യം കാത്തുരക്ഷിക്കാൻ

കഴിയുകയുള്ളു എന്നും, ഓരോ ഗ്രാമവും, സ്വയംപര്യാപ്തതനേടിയ ഓരോ റിപ്പബ്ലിക്കായി തീരണമെന്നും മഹാത്മജി ആഗ്രഹിച്ചിരുന്നു. ഈ ആശയം ഉൾക്കൊണ്ട് ഭാരതത്തിന്റെ ആശയും ആവേശവും ആയിരുന്ന ശ്രീ രാജീവ്ഗാന്ധി 'പഞ്ചായത്തീരാജ്' - നഗരപാലിക ബില്ല് കൊണ്ടുവന്നു. അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യവുമായി 1994 ഏപ്രിൽ 23-ന് പ്രധാനമന്ത്രിയായിരുന്ന ശ്രീ. പി.വി. നരസിംഹറാവു ബില്ലു പാസ്സാക്കുകയും കേരളത്തിൽ യു.ഡി.എഫ്. സർക്കാർ ത്രിതല പഞ്ചായത്ത് സംവിധാനം നടപ്പിലാക്കുകയും ചെയ്തു.

അധികാരവികേന്ദ്രീകരണത്തിലൂടെ ആസൂത്രണത്തിലും, വികസനത്തിലും ജനപങ്കാളിത്തം ഉറപ്പാക്കി സാമൂഹികവും, സാമ്പത്തികവുമായ നേട്ടം ജനങ്ങൾക്ക് ഉണ്ടാക്കുക എന്നുള്ളതാണ് 'പഞ്ചായത്ത് രാജി'ന്റെ ലക്ഷ്യം.

അധികാരവികേന്ദ്രീകരണത്തിന്റെ നീർച്ചാൽ ഗ്രാമതലത്തിൽ എത്തിയിരിക്കുന്നു. ഇതുവേണ്ടപോലെ ജനപങ്കാളിത്തത്തോടെ പരിപോഷിപ്പിച്ച് സാമൂഹ്യപുരോഗതി ത്വരിതപ്പെടുത്തുവാനും, സാമൂഹ്യക്ഷേമം ശക്തിപ്പെടുത്തുവാനും കഴിയുന്നവിധത്തിൽ ജനകീയാസൂത്രണപ്രസ്ഥാനത്തിന് ഇപ്പോഴത്തെ കേരളസർക്കാർ രൂപം നൽകിയിരിക്കുന്നു. കഴിഞ്ഞ എട്ടു പഞ്ചവത്സരപദ്ധതികൾവഴി നമ്മുടെ രാജ്യം കൈവരിച്ച അസൂയാവഹമായ നേട്ടങ്ങൾ വിസ്മരിക്കത്തക്കതല്ല. എല്ലാ രംഗങ്ങളിലും വികസിത രാജ്യങ്ങളോടൊപ്പം തല ഉയർത്തി നിൽക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഇനിയും നാം ബഹുദൂരം മുന്നേറേണ്ടതുണ്ട്. ദാരിദ്ര്യനിർമ്മാർജ്ജനം, തൊഴിലില്ലായ്മ പരിഹരിക്കൽ, ഉൽപ്പാദനവർദ്ധനവ് എന്നിവക്ക് ഒമ്പതാം പദ്ധതി ഊന്നൽ നൽകുന്നു. ജനപങ്കാളിത്തത്തോടെ ഗ്രാമസഭകളിൽ നടന്ന ജനകീയ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞുവന്ന ഗ്രാമീണാവശ്യങ്ങൾ പട്ടികപ്പെടുത്തി ഒമ്പതാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നു. ജനകീയാസൂത്രണത്തിന്റെ ഒന്നാംഘട്ടം പഞ്ചായത്തുതല പരിശീലനം 1996 സെപ്തംബർ 24-ാം തീയതി തൃക്കാക്കര ഗവ. യൂത്ത് ഹോസ്റ്റലിൽവച്ച് തൃക്കാക്കര ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. പി.ഐ. മുഹമ്മദാലിയുടെ അദ്ധ്യക്ഷതയിൽ നടന്ന ചടങ്ങിൽ ശ്രീ. കെ. ബാബു എം.എൽ.എ. ഉത്ഘാടനം ചെയ്തു.

ജില്ലാതലത്തിലും, പഞ്ചായത്തു തലത്തിലും പരിശീലനം നടത്തിക്കഴിഞ്ഞതോടെ ഐതിഹ്യത്തിന്റെയും, ചരിത്രത്തിന്റെയും പാരമ്പര്യം ഏറെയുള്ള തൃക്കാക്കര അപ്പന്റെ മണ്ണിൽ ആസൂത്രണത്തിന്റെ ചൂടും, ചൂരം വന്നുകഴിഞ്ഞു. ഒക്ടോബർ 21-ാം തീയതിയോടുകൂടി പഞ്ചായത്തിലെ 15 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേരുകയും 12 ഗ്രൂപ്പുകളായി തിരിഞ്ഞ് ആവശ്യങ്ങൾ ചർച്ചചെയ്ത് വികസനപദ്ധതികളുടെ സംക്ഷിപ്തരൂപം ഗ്രൂപ്പുകൺവീനർമാർ അവതരിപ്പിക്കുകയും, വിശദമായ റിപ്പോർട്ടു പഞ്ചായത്തിനു സമർപ്പിക്കുകയും ചെയ്തു.

ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ട വികസന സെമിനാർ 1996 നവംബർ 14-ാം തീയതി തൃക്കാക്കര പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽവച്ച് നടന്നു. വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ട ദ്വിതീയ വിവരശേഖരണം നവംബർ 17 മുതൽ നടക്കുകയുണ്ടായി. പഠനപര്യടനം 17-ാം തീയതി ഞായറാഴ്ച രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞ്, കാക്കനാട് വില്ലേജ്, വാഴക്കാല വില്ലേജ് ഇവയെ കേന്ദ്രീകരിച്ചും, 18-ാം തീയതി മുതൽ ഓഫീസുകളിൽ നിന്നുള്ള ദ്വിതീയ വിവരശേഖരണവും നടത്തുകയുണ്ടായി.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങളും, ദ്വിതീയ വിവരശേഖരണങ്ങളിലൂടെയും ലഭിച്ച വസ്തുതകൾ, വിവരങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ റിപ്പോർട്ടാണിത്. ദ്വിതീയവിവരശേഖരണത്തിനും, വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനും, ഈ പഞ്ചായത്തിലെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും, സന്നദ്ധ പ്രവർത്തകരും, യുവജനങ്ങളും കാണിച്ച ആത്മാർത്ഥതയും സഹകരണവും ശ്ലാഘനീയമാണ്.

# തൃക്കാക്കര ഗ്രാമപഞ്ചായത്ത് - പൊതുവിവരങ്ങൾ

| | | |
|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | തൃക്കാക്കര ഗ്രാമപഞ്ചായത്ത് |
| 2. | അതിലുൾപ്പെടുന്ന റവന്യൂ വില്ലേജുകളുടെ പേര് | കാക്കനാട്, വാഴക്കാല |
| 3. | ബ്ലോക്ക് പഞ്ചായത്ത് | ഇടപ്പള്ളി |
| 4. | താലൂക്ക് | കണയന്നൂർ |
| 5. | ജില്ല | എറണാകുളം |
| 6. | അസംബ്ലിമണ്ഡലം | തൃപ്പൂണിത്തുറ |
| 7. | വിസ്തീർണ്ണം | 28.16 സ്വ. കി.മീ. |
| 8. | ജനസംഖ്യ | 61365 |
| 9. | വാർഡുകളുടെ എണ്ണം | 15 |
| 10. | പ്രസിഡൻറിന്റെ പേര് | ശ്രീ. പി.ഐ. മുഹമ്മദാലി |
| 11. | വൈസ് പ്രസിഡൻറിന്റെ പേര് | ശ്രീ. സയ്യിദ് ഹുസൈൻ പൂക്കോയതങ്ങൾ |
| 12. | സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | ശ്രീ. കെ.എ. കുഞ്ഞൻബാവ |

# ബ്ലോക്ക് ഡിവിഷനുകളും ഭരണസമിതി അംഗങ്ങളും

*തൃക്കാക്കര ഗ്രാമപഞ്ചായത്തിന് അഞ്ചു ഡിവിഷനുകളാണുള്ളത്.*

| | | | |
|---|---|---|---|
| 1. | വാഴക്കാല | ശ്രീമതി | ആരിഫ മുഹമ്മദ് |
| 2. | ഭാരതമാത | ശ്രീ. | സേവ്യർ തായങ്കേരി |
| 3. | തൃക്കാക്കര | ശ്രീ. | കെ.കെ. മാത്തൻ |
| 4. | കാക്കനാട് | ശ്രീമതി | സി.പി. രാധാമണിപിള്ള |
| 5. | സാറ്റലൈറ്റ് | ശ്രീ. | കെ.എൻ. രാധാകൃഷ്ണൻ |

# ഭരണപരമായ ചരിത്രം

1953 -ലാണ് തൃക്കാക്കര പഞ്ചായത്ത് ആദ്യമായി രൂപംകൊണ്ടത്. തുടക്കത്തിൽ 6 വാർഡുകളും, 7 മെമ്പർമാരുമാണ് ഉണ്ടായിരുന്നത്. പഞ്ചായത്തിന്റെ പ്രഥമപ്രസിഡന്റ് യശ:ശരീരനായ ശ്രീ. കെ.പി. കുര്യൻ ആയിരുന്നു. 1953 മുതൽ 63 വരെയുള്ള പത്തുവർഷക്കാലത്ത് ധാരാളം വികസനപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

**1953 മുതൽ 1963 വരെയുള്ള ഭരണസമിതി അംഗങ്ങൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. | കെ.പി. കുര്യൻ |
| വൈസ് പ്രസിഡന്റ് | ,, | പി.എൻ. കുട്ടൻകർത്ത |
| കമ്മിറ്റിഅംഗങ്ങൾ | ,, | എം.എ. അബൂബക്കർ മുളയ്ക്കാംമ്പിള്ളി |
| | ,, | അയ്യപ്പൻ ചാത്തനാംചിറ |
| | ,, | പാപ്പു വി. പരവര |
| | ,, | എം.എ. അബൂബക്കർ (മാനാത്ത്) |

പിന്നീട് ശ്രീ. പി.എൻ. കുട്ടൻകർത്ത രാജിവച്ച ഒഴിവിൽ ശ്രീ. കെ.കെ. കരുണാകരപിള്ള അംഗമായി.

**1964 മുതൽ 1978 വരെയുള്ള രണ്ടാമത്തെ ഭരണസമിതിയിലെ അംഗങ്ങൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. | എം.എ. അബൂബക്കർ |
| വൈസ് പ്രസിഡന്റ് | ,, | വി.കെ. മരയ്ക്കാർ |
| കമ്മിറ്റിഅംഗങ്ങൾ | ,, | എം.എച്ച്. ഇബ്രാഹിം |
| | ,, | കെ.എ. അഹമ്മദ്പിള്ള |
| | ,, | കെ.കെ. കുട്ടപ്പൻ |
| | ,, | നാരായണൻ നായർ പുതിയാത്ത് |
| | ,, | അഡ്വ. ജോസഫ് കണ്ണമ്പുഴ |
| | ,, | എൻ.വി. പോൾ |
| | ശ്രീമതി | അമ്മിണി രാഘവൻ |

ശ്രീ. എം.എ. അബൂബക്കിറിനുശേഷം ശ്രീ. വി. കെ. മരയ്ക്കാരും, പിന്നീട് ശ്രീ. കെ. കെ. കുട്ടപ്പനും പ്രസിഡൻറായി. ഇവരുടെ ഭരണകാലം 16 വർഷത്തോളം നീണ്ടുനിന്നു.

**1979 മുതൽ 1984 വരെയുള്ള മൂന്നാമത്തെ ഭരണസമിതിയിലെ അംഗങ്ങൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. | വി.രാമചന്ദ്രൻ |
| വൈസ് പ്രസിഡന്റ് | ,, | വി.എസ്സ്. അബ്ദുൾകാതർ |
| കമ്മിറ്റിഅംഗങ്ങൾ | ,, | എൻ. ജെ. തോമസ്സ് |
| | ,, | കെ.എ. അബ്ദുള്ള |

| | | |
|---|---|---|
| കമ്മറ്റി അംഗങ്ങൾ | ശ്രീ. | കെ.കെ. കുട്ടപ്പൻ |
| | ,, | സിഗ. കെ. രാമൻ |
| | ,, | പി.എസ്. ബാലകൃഷ്ണൻ നായർ |
| | ,, | പി.ഐ. മുഹമ്മദാലി |
| | ,, | കുര്യാസ് ജെ. കടവൻ |
| | ,, | കെ. എ. ജേക്കബ് |
| | ശ്രീമതി | അമ്മിണി രാഘവൻ |

ശ്രീ. വി. രാമചന്ദ്രൻ പ്രസിഡൻറു സ്ഥാനം രാജിവച്ചപ്പോൾ ശ്രീ. വി.എസ്സ്. അബ്ദുൾകാതർ ആക്ടിംഗ് പ്രസിഡൻറായി. അതിനുശേഷം ശ്രീ. കുരാസ് ജെ. കടവൻ പ്രസിഡൻറായി.

## 1988 മുതൽ 1995 വരെയുള്ള നാലാമത്തെ ഭരണസമിതിയിലെ അംഗങ്ങൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ. | എം.ഇ. ഹസൈനാർ |
| വൈസ് പ്രസിഡൻറ് | ,, | ജോർജ് മലമേൽ |
| കമ്മിറ്റിഅംഗങ്ങൾ | ,, | ഇ.കെ. മുഹമ്മദ് |
| | ,, | പി.കെ. ജലീൽ |
| | ,, | ടി.എച്ച്. മുഹമ്മദ് |
| | ശ്രീമതി | കെ.വി. അൽഫോൺസ |
| | ശ്രീ. | എൻ.ജെ. ജോർജ്ജ് |
| | ,, | എ.എ. ഇബ്രാഹിം |
| | ,, | സി.എൻ. അപ്പുക്കുട്ടൻ |
| | ,, | കെ. ടി. ശശി |
| | ,, | പി.ബി. കുഞ്ഞുമുഹമ്മദ് (മൈന) |
| | ,, | പി. തങ്കപ്പൻ |
| | ശ്രീമതി | സി.പി. രാധാമണിപിള്ള |
| | ശ്രീ. | ടി.സി. വാസു |

ആദ്യകാലത്ത് തൃക്കാക്കര പകുതിയിൽ 14 കരകളാണ് ഉണ്ടായിരുന്നത്. വിടാക്കുഴ, പെരിങ്ങഴ, വട്ടേക്കുന്നം, ഞാലകം, പള്ളിലാ, പള്ളിപ്പുറം, പുതുപ്പള്ളിപ്പുറം, ചെറുമുറ്റപ്പുഴ, കുണ്ടന്നൂർ, തുതിയൂർ, കാക്കനാട്, തെങ്ങോട്, വടകോട്, തൃക്കാക്കര. പഞ്ചായത്തു സംവിധാനം നിലവിൽ വന്നപ്പോൾ തൃക്കാക്കരപകുതിയെ തൃക്കാക്കര, ഞാലകം എന്നീ രണ്ടു പഞ്ചായത്തുകളായി തിരിച്ചു. തൃക്കാക്കര, വടകോട് എന്നീ കരകളിലെ ചില ഭാഗങ്ങൾ ഞാലകം പഞ്ചായത്തിൽ പെട്ടു. തൃക്കാക്കര പകുതിയെ തൃക്കാക്കര നോർത്ത് തൃക്കാക്കര സൗത്ത് എന്നീ രണ്ടു വില്ലേജുകളായി മാറ്റുകയും, തൃക്കാക്കര പഞ്ചായത്ത് ഉൾപ്പെടുന്ന തൃക്കാക്കര സൗത്ത് വില്ലേജിൻെറ ആസ്ഥാനം തൃക്കാക്കര ക്ഷേത്രത്തിനു സമീപം ജഡ്ജിമുക്കിലായിരുന്നു. പിന്നീട് ഓലിമുകളിലുള്ള ഉള്ളംമ്പിള്ളി മുലയിലേക്കു മാറി. ഇപ്പോൾ ഭരണസൗകര്യാർത്ഥം കാക്കനാട് വില്ലേജ്, വാഴക്കാല വില്ലേജ് എന്ന രണ്ടു റവന്യൂ വില്ലേജുകളായി വിഭജിച്ചു.

### പഞ്ചായത്തിൻെറ അതിർത്തി

| | | | |
|---|---|---|---|
| 1. | കിഴക്ക് | - | കടമ്പ്രയാർ |
| 2. | വടക്ക് | - | കളമശ്ശേരി മുനിസിപ്പാലിറ്റി |
| 3. | പടിഞ്ഞാറ് | - | ഇടപ്പള്ളി തോട് |
| 4. | തെക്ക് | - | കടമ്പ്രയാർ |

# തൃക്കാക്കര ഗ്രാമ പഞ്ചായത്ത്

## ചരിത്രം

# ചരിത്രം

മഹാനഗരമായ കൊച്ചിക്ക് തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന തൃക്കാക്കര എന്ന ഈ ഗ്രാമത്തിന് മഹത്തായ ഒരു സാംസ്ക്കാരിക പൈതൃകമാണുള്ളത്. വാഴക്കാല, കാക്കനാട് എന്നീ രണ്ടു റവന്യൂ വില്ലേജുകളിലും, ഇടപ്പള്ളി വികസനബ്ലോക്കിലും പെടുന്ന തൃക്കാക്കര, ജില്ലയുടെ ഭരണകേന്ദ്രം സ്ഥിതിചെയ്യുന്ന പഞ്ചായത്താണ്. 28.16 ച.കി.മീറ്റർ വിസ്തൃതിയും ഏകദേശം അറുപത്തി ഒരായിരത്തിൽപ്പരം ജനസംഖ്യയുള്ള ഈ പഞ്ചായത്തിന് പ്രത്യേകതകൾ ധാരാളമാണ്.

ഓണവും മഹാബലിയുടെ കഥയുമായി ബന്ധപ്പെടുത്തിയാണ് തൃക്കാക്കരയുടെ പൗരാണിക പ്രശസ്തി ആരംഭിക്കുന്നത്. തൃക്കാക്കര ക്ഷേത്രവും, തൃക്കാക്കര അപ്പനും ഐതിഹ്യപ്രസിദ്ധമാണ്. പെരുമാൾ ഭരണകാലത്ത് പ്രസിദ്ധമായ ഒരു സ്ഥലമായിരുന്ന തൃക്കാക്കര അന്ന് 'കാൽക്കരനാട്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത് എന്ന് ചരിത്രരേഖകളിൽ കാണുന്നു. അക്കാലത്തുള്ള പല ശിലാഫലകങ്ങളും, ശില്പങ്ങളും ക്ഷേത്രപരിസരത്തുനിന്നും കണ്ടുകിട്ടിയിട്ടുണ്ട്.

മലയാളികളുടെ ദേശീയോത്സവമായ ഓണാഘോഷത്തിൻെറ ഉറവിടം തൃക്കാക്കരയാണ്. തൃക്കാക്കരയെപ്പറ്റി ഓർക്കുമ്പോൾത്തന്നെ മഹാബലിത്തമ്പുരാൻ രാജ്യം ഭരിച്ചിരുന്ന ആ പഴയകാലം നാം ഓർക്കുന്നു.

"മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരും ഒന്നുപോലെ ..." എന്നു തുടങ്ങുന്ന ആ ഈരടികൾ ഓരോ മലയാളിയുടെയും നാവിൽ മങ്ങാതെ മായാതെ നിലകൊള്ളുന്നു. മഹാബലിയുടെ തലസ്ഥാനം തൃക്കാക്കരയായിരുന്നു. ഏകദേശം 16 ഏക്കറിലായി വ്യാപിച്ചുകിടന്ന ആസ്ഥാനവും, ഉണ്ടായിരുന്നതായി ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. മഹാവിഷ്ണുവിൻെറ പാദസ്പർശം ഏറ്റ സ്ഥലമായതിനാലാണ് തൃക്കാൽക്കര എന്ന പേരിൽ അറിയപ്പെട്ടിരുന്നതെന്നും അത് ക്രമേണ ലോഭിച്ച് 'തൃക്കാക്കര' ആയതാണ് എന്നുമാണ് ചരിത്രസത്യാന്വേഷികളുടെ നിഗമനം. മഹാബലിയുടെ സമത്വസുന്ദരമായ ഭരണത്തിൽ അസൂയപൂണ്ട ദേവന്മാർ മഹാവിഷ്ണുവിനെ ശരണംപ്രാപിച്ച്, മഹാബലിയുടെ ഭൂമിയിലെ സത്ഭരണം കാരണം ദേവലോകം നശിച്ചുപോകുന്ന സ്ഥിതിയാണെന്ന് ധരിപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ മഹാവിഷ്ണു വാമനരൂപം ധരിച്ച് ഭൂമിയിൽ വരികയും മഹാബലിയെക്കണ്ട് മൂന്നടിസ്ഥലം ദാനം ചോദിച്ചതായും, ദാനശീലനായ മഹാബലി സ്ഥലം അളന്നെടുക്കാൻ പറഞ്ഞതനുസരിച്ച് വാമനമൂർത്തിയായി അവതരിച്ച സാക്ഷാൽ മഹാവിഷ്ണു സ്വന്തം രൂപത്തിലായി രണ്ടടി സ്ഥലം അളന്ന് മൂന്നാമത്തെ അടി അളക്കാൻ സ്ഥലമില്ലാതെ വന്നപ്പോൾ ദാനശീലനായ മഹാബലി രാജാവ് സ്വന്തം

തലകൂടി അളന്നെടുക്കാൻ പറഞ്ഞതനുസരിച്ച് അദ്ദേഹത്തെ പാതാളത്തിലേക്ക്ചവുട്ടി താഴ്ത്തിയതായുമാണ് ഐതിഹ്യം. ഇതിൻെറ സ്മരണക്കായാണ് നാം വർഷത്തിൽ ഒരിക്കൽ, തൻെറ പ്രജകളെ കാണാൻ വരുന്ന മഹാബലിതമ്പുരാനെ വരവേൽക്കാനായി ഓണം കൊണ്ടാടുന്നത്. വാമനമൂർത്തിയുടെ ഏകക്ഷേത്രം ഇന്ത്യയിൽത്തന്നെ ഒന്നുള്ളത് തൃക്കാക്കരയിലാണ്. രാജഭരണകാലത്ത് 28 ദിവസത്തെ ഓണാഘോഷം ഉണ്ടായിരുന്നത് ഇപ്പോൾ 10 ദിവസമായി ചുരുങ്ങി. ഓണത്തിന് തുടക്കം തൃക്കാക്കരയിലാണെങ്കിലും അത്തച്ചമയ ഉത്സവം നടക്കുന്നത് തൃപ്പൂണിത്തുറയിലാണ്. അതിനും ഐതിഹ്യങ്ങൾ ധാരാളമുണ്ട്. വിസ്താരഭയത്താൽ അവയെല്ലാം തന്നെ ഇവിടെ പ്രതിപാദിക്കുന്നില്ല.

ഇനി മറ്റൊരു ഐതിഹ്യം ഉള്ളതുകൂടി അല്പം പറയാതിരിക്കുന്നത് തൃക്കാക്കരയെ സംബന്ധിച്ച് ഒരു പോരായ്മയാണ്. പഞ്ചപാണ്ഡവന്മാരുടെ ഒളിത്താവളമായിരുന്ന 'അരക്കില്ലം' സ്ഥിതിചെയ്തിരുന്നതും തൃക്കാക്കരയിലാണ്. ഇവിടെ കളക്ടറേറ്റിനോട് അടുത്തു സ്ഥിതിചെയ്യുന്ന മുടിക്കുഴിപ്പുറം എന്ന സ്ഥലത്ത് ഇപ്പോഴും പാണ്ഡവർ ഉപയോഗിച്ചിരുന്നതായിപ്പറയുന്ന ഗുഹയും മറ്റും കാണാം. ഗുഹയുടെ ഉൾവശത്ത് ഭീമൻെറ കിരീടം മുട്ടിയതായി പറയുന്ന കിരീടത്തിൻെറ രൂപത്തിലുള്ള പാടുകൾ കാണാമായിരുന്നു. ഗുഹയുടെ ഒററം ഇരുമ്പനം എന്ന സ്ഥലത്തും കാണാം. പണ്ടുകാലത്ത് ഹിടുമ്പവനം പിൽക്കാലത്ത് ഇരുമ്പനം ആയി എന്നാണ് ചരിത്രംപറയുന്നത്.

തൃക്കാക്കരപഞ്ചായത്തിൻെറ ദ്രുതഗതിയിലുള്ള വളർച്ചയുടെ ഭാഗമായി അടുത്തകാലത്ത് ഈ ചരിത്രസത്യങ്ങൾ ഉറങ്ങുന്ന ഗുഹയുടെ മുകളിലൂടെ 'കളമശ്ശേരി - ഇരുമ്പനം' റോഡു കടന്നുപോകുന്നു.

ചരിത്രത്തിൻെറയും ഐതിഹ്യങ്ങളുടെയും പാരമ്പര്യമേറെയുള്ള തൃക്കാക്കരയുടെ മണ്ണിൽ പൗരാണികകാലം മുതൽ ഹൈന്ദവരും, മുസ്ലീങ്ങളും, ക്രിസ്ത്യാനികളും തികഞ്ഞ മതസൗഹാർദ്ദത്തോടെ താമസിച്ചിരുന്നു. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്ന പാട്ടുപുരയ്ക്കൽ ഭഗവതീക്ഷേത്രവും, തുതിയൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രവും, പടമുകൾ ജുമാ മസ്ജിദ്, തൃക്കാക്കര. കുഴിക്കാട്ടുമൂല, കരിമക്കാട് എന്നീ സ്ഥലങ്ങളിലെ മുസ്ലീം ദേവാലയങ്ങളും, തെങ്ങോട് സെൻറ് മേരീസ് ചർച്ച്, അയ്യനാട് സെൻറ് മൈക്കിൾസ് ചർച്ചും ഇതിനുള്ള തെളിവുകളാണ്. എറണാകുളം ജില്ലയുടെ ആസ്ഥാനം തൃക്കാക്കരയിലേക്ക് മാറിയതോടുകൂടി ഇവിടെ താമസിക്കാനെത്തിയ വിവിധ ദേശക്കാരും, വിവിധമതവിശ്വാസികളുമായ ആളുകളെ തൃക്കാക്കര സസന്തോഷം സ്വീകരിക്കുവാനും ഉൾക്കൊള്ളുവാനുമുള്ള സഹിഷ്ണുത തൃക്കാക്കരയ്ക്കുണ്ടായി. സംസ്ക്കാര സമന്വയത്തിൻെറയും മതസൗഹാർദ്ദത്തിൻെറയും പ്രതീകമായി തൃക്കാക്കര എന്ന നാലക്ഷരങ്ങൾ ചരിത്രത്തിൻെറ താളുകളിൽ സ്ഥാനം പിടിക്കും.

തൃക്കാക്കരയുടെ സമഗ്രവികസനത്തിന് അടിത്തറ പാകിയത്, 1957-ൽ സ: ഇ.എം.എസ്സ്. നമ്പൂതിരിപ്പാടിൻെറ മന്ത്രിസഭയുടെ കാലത്ത് സ: സി. അച്ചുതമേനോൻ എൻ.ജി.ഒ. ക്വാർട്ടേഴ്സിനുവേണ്ടി ശിലാസ്ഥാപനം നടത്തിയതോടുകൂടിയാണ്. അതിനുശേഷം തൃക്കാക്കരയുടെ വികസനം പടിപടിയായി ഉയർന്നു. ജില്ലയുടെ ആസ്ഥാനം തൃക്കാക്കരയിലായിരിക്കണമെന്ന ദീർഘവീക്ഷണത്തോടെ കളക്ടറേറ്റ് കെട്ടിടത്തിൻെറ പണി ആരംഭിക്കുകയും, 1979-ൽ എറണാകുളം പട്ടണത്തിൽ ശ്വാസംമുട്ടിക്കഴിഞ്ഞിരുന്ന ജില്ലാ ആസ്ഥാനം തൃക്കാക്കരയിലേക്ക് മാറ്റിസ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. അതിനോടനുബന്ധിച്ച് ടൗണിൽ പ്രവർത്തിച്ചിരുന്ന മിക്കവാറും എല്ലാ സർക്കാർ ഓഫീസുകളും തൃക്കാക്കരയിലേക്കു മാറി. കൂടാതെ എൻ.പി.ഒ.എൽ., സി.ഇ.പി.ഇസഡ്, ദൂരദർശൻ കേന്ദ്രം,, റേഡിയോനിലയം, അനേകം പാർപ്പിടപദ്ധതികൾ, ചെറുതും വലുതുമായ ധാരാളം വ്യവസായങ്ങൾ എന്നിവയെല്ലാം തൃക്കാക്കരഗ്രാമ പഞ്ചായത്തിനെ മറ്റു പഞ്ചായത്തുകളിൽ നിന്നും പ്രത്യേകതയുള്ള ഒരു ഗ്രാമപഞ്ചായത്താക്കി മാറ്റിയിരിക്കുന്നു. വിദ്യാഭ്യാസ മേഖലയിലും തൃക്കാക്കര പഞ്ചായത്ത് മുമ്പന്തിയിൽത്തന്നെ നില്ക്കുന്നു. മോഡൽ എഞ്ചിനീയറിംഗ് കോളേജ്, ഭാരതമാതാ കോളേജ്, എന്നീ രണ്ടുപ്രസിദ്ധമായ കോളേജുകളും, ഗ്രസ്സ് അക്കാദമിയും ഏഴ് ഹയിസ് സ്ക്കൂളുകളും, അത്രതന്നെ യു.പി. സ്ക്കൂളുകളും. എൽ.പി. സ്ക്കൂളുകളും പഞ്ചായത്തിൽ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. തൃക്കാക്കര പഞ്ചായത്തിൻെറ സമഗ്രവികസനത്തിന് കാലാകാലങ്ങളിൽ മാറിവന്നിട്ടുള്ള പഞ്ചായത്തു പ്രസിഡൻറുമാരും, എം.എൽ.എ. മാർ, എം.പി. മാർ എന്നിവർ നൽകിയിട്ടുള്ള സേവനങ്ങൾ ഈ അവസരത്തിൽ കൃതജ്ഞതയോടെ സ്മരിക്കുന്നു.●

# ഭൂപ്രകൃതി

# ജനപ്രകൃതി

# ഭൂപ്രകൃതി

ചരിത്രസത്യങ്ങളുറങ്ങുന്ന തൃക്കാക്കര പഞ്ചായത്തിന്റെ ഭൂപ്രകൃതി കന്നുകളും, താഴ്വരകളും, സമതലങ്ങളും ഒന്നുപോലെ ഉൾക്കൊണ്ടിരിക്കുന്നു. 28.06 ച.കി. മീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിന്റെ ഏകദേശം 60% ത്തോളം കുന്നുകളും താഴ്വരകളും അവശേഷിക്കുന്ന 40% ത്തോളം സമതലങ്ങളുമാണ്.

## മണ്ണ്

പ്രധാനമായും രണ്ടുതരം മണ്ണ് തൃക്കാക്കര പഞ്ചായത്തിൽ കണ്ടുവരുന്നു. പശിമ കുറഞ്ഞ മണൽമണ്ണ് (സാൻറിസോയിൽ) പഞ്ചായത്തിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിലും, മറ്റ് ഭാഗങ്ങളിൽ ചെമ്മണ്ണും ആണ് (ലാറ്ററേറ്റ് സോയിൽ). ഈ രണ്ടുതരം മണ്ണും കൃഷിക്കനുയോജ്യമായ മണ്ണാണ്. ഇതുകൂടാതെ പഞ്ചായത്തിന്റെ സമതല പ്രദേശങ്ങളിൽ നെൽപാടങ്ങളും ഉണ്ട്.

മഴക്കാലത്ത് പൊതുവേ നല്ല മഴ ലഭിക്കുന്ന പ്രദേശമാണ് തൃക്കാക്കര. എന്നാൽ കുന്നിൻചരിവുകൾ അധികമുള്ളതിനാൽ ലഭിക്കുന്ന മഴയുടെ ഭൂരിഭാഗവും കുത്തിയൊലിച്ച് പാഴായിപോകുന്നു. അതുകാരണം തന്നെ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ വേനൽക്കാലത്ത് കുടിവെള്ളത്തിനും, ജലസേചനത്തിനും ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്.

പഞ്ചായത്ത് അതിർത്തിയിൽ മൊത്തം 135 പൊതു കിണറുകളും, 25 പൊതുകുളങ്ങളും, പൊതു ആവശ്യത്തിന് രണ്ടു കുഴൽ കിണറുകളും, കൂടാതെ വ്യക്തികളുടെ അധീനതയിൽ ചെറിയ കുളങ്ങളുമുണ്ട്. ഈ കുളങ്ങളിൽ ഭൂരിഭാഗവും സംരക്ഷിക്കപ്പെട്ടിട്ടില്ല. ഇവയൊക്കെ കൂടാതെ രണ്ടു വലിയ തോടുകളും പാടശേഖരങ്ങളോടനുബന്ധിച്ച് അസംഖ്യം ചെറു തോടുകളുമുണ്ട്.

## ഭൂവിനിയോഗം

അടുത്തകാലംവരെ പഞ്ചായത്തിൽ ഏകദേശം 500 ഹെക്ടറോളം സമൃദ്ധിയായി വിളയുന്ന പാടശേഖരങ്ങളായിരുന്നു. എന്നാൽ ഇപ്പോൾ ഏകദേശം 160 ഹെക്ടറായി ചുരുങ്ങിയിരിക്കുന്നു. ഈവിധം ചുരുങ്ങിയ നെൽപ്പാടങ്ങളധികവും പാർപ്പിടാവശ്യങ്ങൾക്കുവേണ്ടി മണ്ണിട്ടു നികത്തുകയാണുണ്ടായിട്ടുള്ളത്. ഇന്നും കൃഷിക്കനുകൂലമായ മണ്ണാണെങ്കിലും ഉയർന്ന ഉൽപ്പാദന ചിലവിന്റെയും കർഷകത്തൊഴിലാളികളുടെ കുറവിന്റെ പേരിലും വളരെയധികം നെൽപ്പാടങ്ങൾ കൃഷിയിറക്കാതെ പായൽപിടിച്ചു കിടപ്പുണ്ട്. എഫ്.എ.സി.റ്റി. യിൽ നിന്നുള്ള ജലമലിനീകരണം മൂലം പാലച്ചുവടും സമീപ പാടശേഖരങ്ങളിലും കൃഷിയിറക്കാൻ കഴിയാത്ത അവസ്ഥയിലാണ്. കൊച്ചിൻ എക്സ്പോർട്ട് പ്രോസസിംഗ് സോണിൽ നിന്നും മലിന ജലം ഒഴുകി സമീപപാടശേഖരങ്ങളിലെ നെൽക്കൃഷിക്ക് ഭീഷണിയുണ്ട്.

പടിഞ്ഞാറൻ ഭാഗങ്ങളിൽ പൊതുവെ, തെങ്ങ്, കമുക്, വാഴ, ഫലവൃക്ഷങ്ങൾ തുടങ്ങിയവയാണ് കൃഷിചെയ്തുവരുന്നത്. എന്നാൽ കിഴക്ക് തെക്കു ഭാഗങ്ങളിൽ റബ്ബർ, തെങ്ങ്, കുരുമുളക്, മുതലായവയാണ് കൂടുതൽ കൃഷിചെയ്തുവരുന്നത്.

ചിത്രം - 1

# മഴയുടെ തോത്


RAINFALL - COCHIN
Annual - 3099 mm
1258 in 1924
253 on 28th 1933
MILLIMETER
1400
1200
1000
800
600
400
200
0
JAN
FEB
MAR
APR
MAY
JUN
JUL
AUG
SEP
OCT
NOV
DEC
MONTH
Mean
Higest
Daily Highest

ചിത്രം - 2

# അന്തരീക്ഷ ഊഷ്മാവ് സംബന്ധിച്ച വിവരങ്ങൾ



## പഞ്ചായത്തിലെ കുടുംബങ്ങൾ

ആകെ വാർഡ് : 15. ആകെ കുടുംബം : 13638

| വാർഡു നമ്പർ | വാർഡിന്റെ പേര് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | കുണ്ടന്നൂർ | 1182 |
| 2 | വാഴക്കാല | 654 |
| 3 | ചെറുമുറ്റപ്പുഴ | 1076 |
| 4 | പള്ളിപ്പുറം | 968 |
| 5 | കരുമക്കാട് | 753 |
| 6 | തൃക്കാക്കര | 989 |
| 7 | പാട്ടുപുരയ്ക്കൽ | 1261 |
| 8 | തെങ്ങോട് | 891 |
| 9 | കാക്കനാട് | 809 |
| 10 | ചിറ്റേത്തുകര | 844 |
| 11 | പടമുകൾ | 1285 |
| 12 | സാറ്റലൈറ്റ് ടൗൺഷിപ്പ് | 1112 |
| 13 | വെള്ളാട്ടുംപാടം | 1104 |
| 14 | കോവിലകത്തുംകടവ് | 708 |
| 15 | ഭാരതമാതാ കോളേജ് | 219 |

## മനുഷ്യവിഭവം

| വർഷം | സ്ത്രീ | പു | ആകെ | സ്ത്രീപുരുഷ അനുപാതം |
|---|---|---|---|---|
| 1981 | 18140 | 18795 | 36935 | |
| 1996 | 30497 | 30868 | 61365 | |

TRAN SECT. 1

Scale 1 Km. 1 inch

# കാക്കനാട് വില്ലേജ്

| | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | സമതലം | ചെറിയ ചരിവ് നിരപ്പ് | ചെറിയ കുന്ന് | സമതലം | കുത്തനെയുള്ള കയറ്റം കുന്നിൻമണ്ട | കുത്തനെ ഇറക്കം | സമതലം | കുത്തനെ കയറ്റം | കുന്നിൻ മണ്ട | കുത്തനെ ഇറക്കം | സമതലം | ചെറിയ കയറ്റം | കുത്തനെ ചരിവ് | ചെറിയ കുന്ന് | കുത്തനെ കയറ്റം വലിയ കുന്ന് കുന്നിൻമണ്ട | ചെറിയ ചരിവ് | സമതലം |
| മണ്ണിനം | വെട്ടുകൽ മണ്ണ് | വെട്ടുകൽ മണ്ണ് മണൽ കലർന്ന ചെളിപ്പാടം | വെട്ടുകൽ മണ്ണ് | മണൽ കലർന്ന ചെളിമണ്ണ് | വെട്ടുകൽ മണ്ണ് | വെട്ടുകൽ മണ്ണ് | ചെളിമണ്ണ് | വെട്ടുകൽ മണ്ണ് | വെട്ടുകൽ മണ്ണ് | വെട്ടുകൽ മണ്ണ് | ചെളിമണ്ണ് | വെട്ടുകൽ മണ്ണ് | വെട്ടുകൽ മണ്ണ് | വെട്ടുകൽ മണ്ണ് | വെട്ടുകൽ മണ്ണ് | മണൽ കലർന്ന ചെളിമണ്ണ് | വെട്ടുകൽ മണ്ണ് |
| സസ്യാവരണം | റബ്ബർ തെങ്ങ് ഇടവിളയായി വാഴ ഫലവൃക്ഷങ്ങൾ | നെല്ല് തെങ്ങ് വാഴ ഫലവൃക്ഷങ്ങൾ | റബ്ബർ തെങ്ങ് കുരുമുളക് ഫലവൃക്ഷങ്ങൾ | നെല്ല് തെങ്ങ് വാഴ ഫലവൃക്ഷങ്ങൾ | റബ്ബർ തെങ്ങ് ഫലവൃക്ഷങ്ങൾ | റബ്ബർ തെങ്ങ് ഫലവൃക്ഷങ്ങൾ | നെല്ല് തെങ്ങ് വാഴ ഫലവൃക്ഷങ്ങൾ | റബ്ബർ തെങ്ങ് കുരുമുളക് വാഴ ഫലവൃക്ഷങ്ങൾ | റബ്ബർ തരിശ് | തെങ്ങ് കുരുമുളക് വാഴ ഫലവൃക്ഷങ്ങൾ | നെല്ല് തെങ്ങ് വാഴ ഫലവൃക്ഷങ്ങൾ | റബ്ബർ തെങ്ങ് കുരുമുളക് വാഴ ഫലവൃക്ഷങ്ങൾ | തെങ്ങ് കുരുമുളക് വാഴ ഫലവൃക്ഷങ്ങൾ | തെങ്ങ് കുരുമുളക് വാഴ ഫലവൃക്ഷങ്ങൾ | റബ്ബർ തെങ്ങ് വാഴ ഫലവൃക്ഷങ്ങൾ | നെല്ല് തെങ്ങ് വാഴ അടക്കാമരം | തെങ്ങ് കുരുമുളക് വാഴ ഫലവൃക്ഷങ്ങൾ |
| പരിസ്ഥിതി പ്രശ്നങ്ങൾ | വെട്ടുകൽ ഖനനം | നെൽപ്പാടം മൂടുന്നു | മണ്ണെടുപ്പ് | നെൽപ്പാടം മൂടുന്നു മണ്ണെടുപ്പ് വെട്ടുകൽ ഖനനം | മണ്ണെടുപ്പ് വെട്ടുകൽ ഖനനം | മണ്ണെടുപ്പ് | നെൽപ്പാടം നികത്തുന്നു ജലനിർഗ്ഗമന തോടുകൾ മൂടുന്നു | മണ്ണെടുപ്പ് വെട്ടുകൽ ഖനനം | കരിങ്കൽ മട | CEPZ നിന്നുള്ള മലിനജലം ഒഴുകുന്നതു കാരണം നെൽകൃഷി ചെയ്യുന്നില്ല | നെൽപ്പാടം നികത്തുന്നു ജലനിർഗ്ഗമന തോടുകൾ മൂടുന്നു | മണ്ണെടുപ്പ് വെട്ടുകൽ ഖനനം | ജലനിർഗ്ഗമന ചാലുകൾ മൂടുന്നു | മണ്ണെടുപ്പ് വെട്ടുകൽ ഖനനം | മണ്ണെടുപ്പ് വെട്ടുകൽ ഖനനം | നെൽപ്പാടം നികത്തുന്നു ജലനിർഗ്ഗമന ചാലുകൾ മൂടുന്നു | മണ്ണെടുപ്പ് വെട്ടുകൽ ഖനനം |

TRAN SECT. 1

Scale 1 Km. 1 inch

# വാഴക്കാലാ വില്ലേജ്

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | സമതലം | സമതലം | സമതലം | സമതലം | ചെറിയ<br>ചരിവ് | കുത്തനെ<br>ചരിവ് | താഴ്വര | കുത്തനെ<br>ചരിവ് | താഴ്വര | കുന്നിൻമണ്ട | കുത്തനെ<br>ചരിവ് | ചെറിയ<br>ചരിവ് |
| മൺതരം | മണൽ | മണൽ | മണൽ | മണൽ ·<br>Laterite | Midland<br>Laterite | Midland<br>Laterite | Midland<br>Laterite | Midland<br>Laterite | Midland<br>Laterite | Lateric<br>Soil | Lateric<br>Soil | Lateric<br>Soil |
| സസ്യാവരണം | തെങ്ങ്<br>ഇടവിളയായി<br>വാഴ,<br>ഫലവൃക്ഷങ്ങൾ | തെങ്ങ്<br>വാഴ<br>ഫലവൃക്ഷങ്ങൾ | തെങ്ങ്<br>കവുങ്ങ്<br>വാഴ<br>ഫലവൃക്ഷങ്ങൾ | തെങ്ങ്<br>കവുങ്ങ്<br>വാഴ | തെങ്ങ്<br>കവുങ്ങ്<br>വാഴ | തെങ്ങ്<br>വാഴ<br>കുരുമുളക്<br>കവുങ്ങ് | തെങ്ങ്<br>വാഴ<br>നെൽകൃഷി<br>കവുങ്ങ് | തെങ്ങ്<br>വാഴ<br>കുരുമുളക്<br>നെൽകൃഷി | തെങ്ങ്<br>നെൽകൃഷി | തെങ്ങ്<br>നെൽകൃഷി<br>കുരുമുളക്<br>ഫലവൃക്ഷങ്ങൾ<br>കവുങ്ങ് | തെങ്ങ്<br>കശുമാവ്<br>റബർ<br>നെൽകൃഷി<br>കവുങ്ങ് | തെങ്ങ്<br>കശുമാവ്<br>റബർ<br>നെൽകൃഷി<br>കവുങ്ങ് |
| പരിസ്ഥിതി<br>പ്രശ്നങ്ങൾ | നെൽപ്പാടം<br>മൂടുന്നു<br>കൃഷി<br>ചെയ്യുന്നില്ല | | നെൽപ്പാടം<br>മൂടുന്നു<br>ചെറുതായി<br>വെള്ളക്കെട്ട് | നെൽപ്പാടം<br>തരിശിട്ടിരി<br>ക്കുന്നു | നെൽകൃഷിക്കു<br>ജലക്ഷാമം<br>പാടം<br>നികത്തി<br>ക്കൊണ്ടിരി<br>ക്കുന്നു | | വളരെയധികം<br>നെൽപ്പാടം<br>തരിശിട്ടിരി<br>ക്കുന്നു | CEPZ ൽ<br>നിന്നുമുള്ള മലി<br>നജലം ഒഴു<br>കുന്നതുകാരണം<br>കിണറുകളി<br>ലെയും തോടു<br>കളിലെയും<br>വെള്ളം മലിനമാ<br>കുന്നു. | ഭൂരിഭാഗം<br>നെൽപ്പാടങ്ങളും<br>തരിശിട്ടിരി<br>ക്കുന്നു<br>വേനൽക്കാലത്ത്<br>ഓരുവെള്ളത്തി<br>ൻെറ<br>ഉപദ്രവമുണ്ട്. | | FACT ൽ നിന്നും<br>CEPZ ൽ നിന്നു<br>മുള്ള മലിനജലം<br>ഒഴുകുന്നതുമൂലം<br>കൃഷിചെയ്യാൻ<br>സാധിക്കാതെ<br>വരുന്നു.<br>നെൽപ്പാടം<br>മൂടുന്നു. | നെൽപ്പാടം<br>മൂടുന്നു. |

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി. ഗ്രാമസഭ/വാർഡ് കൺവെൻഷൻ അവലോകനം

| വാർഡ് | പങ്കെടുത്തവർ | | | പട്ടികജാതി - പട്ടികവർഗ്ഗം | | | കുടുംബങ്ങളുടെ എണ്ണം | | ഉദ്യോഗസ്ഥർ | എത്ര ഗ്രൂപ്പുകളായി ചർച്ച നടന്നു | വാർഡുതല സ്വാഗതസംഘം രൂപീകരിച്ചിരുന്നുവോ | കലാപരിപാടി ഉണ്ടായിരുന്നുവോ | പഞ്ചായത്തുതല പരിശീലനത്തിൽ എത്ര പേർ പങ്കെടുത്തു |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | സ്ത്രീകൾ | പുരുഷന്മാർ | ആകെ | സ്ത്രീകൾ | പുരുഷന്മാർ | ആകെ | വാർഡിലെ മൊത്തം | പങ്കാളിത്തം | | | | | |
| 1 | 80 | 231 | 311 | 30 | 56 | 86 | 1182 | 290 | 25 | 12 | ഉണ്ട് | ഇല്ല | 2 |
| 2 | 10 | 88 | 98 | 3 | 6 | 9 | 654 | 87 | 8 | 12 | ഉണ്ട് | ഇല്ല | 7 |
| 3 | 16 | 51 | 67 | 7 | 15 | 22 | 1076 | 64 | 2 | 4 | ഇല്ല | ഇല്ല | 2 |
| 4 | 20 | 66 | 86 | 7 | 14 | 21 | 968 | 81 | 7 | 12 | ഇല്ല | ഇല്ല | 2 |
| 5 | 18 | 100 | 118 | 2 | 2 | 4 | 753 | 114 | 9 | 12 | ഉണ്ട് | ഉണ്ട് | 4 |
| 6 | 9 | 188 | 197 | 3 | 20 | 23 | 989 | 194 | 50 | 7 | ഇല്ല | ഇല്ല | 4 |
| 7 | 7 | 69 | 76 | 3 | 14 | 17 | 126 | 73 | 6 | 12 | ഇല്ല | ഇല്ല | 2 |
| 8 | 28 | 131 | 159 | 15 | 19 | 34 | 891 | 156 | 3 | 12 | ഉണ്ട് | ഉണ്ട് | 2 |
| 9 | 29 | 109 | 138 | 13 | 32 | 45 | 809 | 129 | 4 | 10 | ഉണ്ട് | ഇല്ല | 3 |
| 10 | 14 | 132 | 146 | 6 | 23 | 29 | 844 | 143 | 3 | 12 | ഉണ്ട് | ഇല്ല | 4 |
| 11 | 6 | 114 | 120 | 1 | 4 | 5 | 1285 | 109 | 7 | 12 | ഇല്ല | ഇല്ല | 2 |
| 12 | 14 | 172 | 186 | 5 | 31 | 36 | 1112 | 178 | 9 | 12 | ഉണ്ട് | ഇല്ല | 2 |
| 13 | 30 | 80 | 110 | 9 | 16 | 25 | 1104 | 107 | 7 | 10 | ഉണ്ട് | ഇല്ല | 4 |
| 14 | 51 | 94 | 145 | 24 | 38 | 62 | 708 | 139 | 2 | 12 | ഉണ്ട് | ഇല്ല | 2 |
| 15 | 2 | 57 | 59 | ഇല്ല | 7 | 7 | 219 | | 3 | 4 | ഇല്ല | ഇല്ല | 4 |
| ആകെ | 334 | 1682 | 2016 | 128 | 297 | 425 | | | 145 | | | | |

# സാമൂഹ്യ സാമ്പത്തിക മേഖലകൾ

- കൃഷി ജലസേചനം
- മൃഗസംരക്ഷണവും, മത്സ്യബന്ധനവും
- വ്യവസായം
- വിദ്യാഭ്യാസം
- കുടിവെള്ളം, പൊതുജനാരോഗ്യം
- ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
- പാർപ്പിടം, സാമൂഹ്യക്ഷേമം
- സംസ്ക്കാരം
- വനിതാ ക്ഷേമം
- സഹകരണം
- പട്ടികജാതി - പട്ടികവർഗ്ഗം
- വിഭവസമാഹരണം

# കൃഷിയും
# ജലസേചനവും

# കൃഷിയും ജലസേചനവും

മാവേലിമന്നന്റെ ജന്മനാടായ, അറബിക്കടലിന്റെ റാണിയായ കൊച്ചിയോടു ചേർന്നുകിടക്കുന്ന 'തൃക്കാക്കര' എന്ന ഗ്രാമം തികച്ചും ഐശ്വര്യത്തിന്റേയും, കാർഷിക വിഭവങ്ങളുടെ ഉൽപാദനത്തിന്റേയും ഈറ്റില്ലമാണ്. ഭൂമിശാസ്ത്രപരമായി വടക്കുഭാഗത്ത് കളമശ്ശേരി മുനിസിപ്പാലിറ്റിയും കിഴക്കു തെക്കുഭാഗങ്ങൾ കടമ്പ്രയാറും പടിഞ്ഞാറ് ഇടപ്പള്ളിത്തോടും അതിരുകളാണ്.

കാർഷികപരമായും, വ്യാവസായികപരമായും മുന്നിൽ നിൽക്കുന്ന ഈ പഞ്ചായത്തിൽ കൊച്ചിൻ എക്സ്പോർട്ട് പ്രോസസിംഗ് സോൺ, എൻ.പി.ഒ.എൽ, മോഡൽ എഞ്ചിനീയറിംഗ് കോളേജ്, ബി.എം. കോളേജ്, ദൂരദർശൻ കേന്ദ്രം, റേഡിയോ നിലയം, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പാർപ്പിട പദ്ധതികൾ, എറണാകുളം ജില്ലയുടെ ഭരണകേന്ദ്രമായ സിവിൽ സ്റ്റേഷൻ എന്നിവ എല്ലാം തന്നെ ഈ പഞ്ചായത്തിന്റെ മാറ്റു കൂട്ടുന്നു. പുഴയോരങ്ങളും, വയലുകളും, താഴ്‌വരകളും, കുന്നിൻപ്രദേശങ്ങളും, ചരിവുകളും അടങ്ങിയ ഒരു പ്രദേശമാണിത്. പുഴയോരങ്ങളിലും, താഴ്‌വരകളിലും നിറകുംഭങ്ങൾ തലയിലേറ്റി നിൽക്കുന്ന തെങ്ങുകളും, പവിഴമുത്തുകൾപോലെ കുലച്ചുനിൽക്കുന്ന അടയ്ക്കാമരങ്ങളും, വയലുകളിൽ വിളഞ്ഞുനിൽക്കുന്നു നെല്ല്, പച്ചക്കറി, പയറുവർഗ്ഗങ്ങൾ, കൂടാതെ പുരയിടങ്ങളിൽ മാവ്, പ്ലാവ്, പുളി എന്നിവയും ഇടവിളയായി വാഴ, ജാതി, കുരുമുളക്, ചേന, ചേമ്പ്, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും ചരിവുകളിലും കുന്നിൻപ്രദേശങ്ങളിലും റബ്ബറും, ചെറിയതോതിൽ കശുമാവും കൃഷി ചെയ്തു വരുന്നു. ഇതിൽനിന്നും ഈ ഗ്രാമത്തിന്റെ കാർഷികമേഖലയിലെ ചാരുത വെളിവാകുന്നു.

1987ലെ കൃഷി സംബന്ധിച്ച വിവരം പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

| കൃഷിവിവരം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|
| നെല്ല് | 430 |
| വിരിപ്പ് | 280 |
| മുണ്ടകൻ | 320 |
| പുഞ്ച | 60 |
| തെങ്ങ് | 854 |
| റബ്ബർ | 105 |
| കുരുമുളക് | 7 |
| കമുക് | 26 |
| വാഴ | 13 |
| പയറുവർഗ്ഗം | 55 |
| പച്ചക്കറികൾ | 13 |
| എള്ള് | 15 |
| ഇടവിളകൾ | 45 |
| (ചേന, ചേമ്പ്, കാച്ചിൽ, ജാതി, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവ) | |

(അടിസ്ഥാനം - കൃഷിഭവൻ രേഖകൾ)

പഴയകാലത്ത് ഇവിടെ കൃഷിക്കാർക്ക് കൃഷി ചെയ്യുന്നതിന് സ്വന്തമായി ധാരാളം ഭൂമി ഉണ്ടായിരുന്നു. എന്നാൽ പിൽക്കാലത്ത് പാർപ്പിടാവശ്യങ്ങൾക്കും വ്യാവസായികാവശ്യങ്ങൾക്കുമായി കൂടുതൽ ഭൂമി വേണ്ടി വന്ന സാഹചര്യത്തിൽ (ഗവൺമെൻറ് ഉടമസ്ഥതയിലും, സ്വകാര്യ ഉടമസ്ഥതയിലും) ഈ പഞ്ചായത്തിലെ കൃഷി ഭാഗികമായി കുറഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ കൃഷിക്കാരുടെ ഇടയിൽ ഒത്തൊരുമയും പരസ്പര സഹായവുമുണ്ടായിരുന്നു. കുളം ഒരുക്കൽ, പുര കെട്ടി മേയൽ, കിണർ, കുളം വൃത്തിയാക്കൽ തുടങ്ങിയ പല പ്രവൃത്തികളും അന്ന് കൂലി ഇല്ലാതെ പരസ്പരം സഹായിച്ചാണ് ചെയ്തിരുന്നത്. കർഷകരും, കർഷകത്തൊഴിലാളികളും തമ്മിൽ അവാച്യമായ ഒരാത്മബന്ധം നിലനിന്നിരുന്നു. സാസ്ത്രീയ കൃഷിരീതികളൊന്നും അവലംബിച്ചിട്ടില്ലാതിരുന്ന പഴയ കാലത്ത് കാളകളേയും, പോത്തുകളേയും ഉപയോഗിച്ച് നിലമുഴുത്, തോട്, കുളം എന്നിവയിൽനിന്ന് ചാലുകൾ കീറി വെള്ളം തിരിച്ചും ചക്രം ചവിട്ടിയും തേക്കുകുട്ട ഉപയോഗിച്ചും ജലസേചനം നടത്തിയിരുന്നു. പച്ചിലവളങ്ങൾ, ചാണകം, ചാരം എന്നീ ജൈവ വളങ്ങൾ മാത്രം ഉപയോഗിച്ചാണ് കൃഷിചെയ്തിരുന്നത്. പഴയകാലത്ത് നാടൻ ഇനങ്ങൾ മാത്രം കൃഷിചെയ്തിരുന്ന കർഷകർ ഇപ്പോൾ അത്യുൽപാദനശേഷിയുള്ള ജ്യോതി, ജയ, ത്രിവേണി, പവിഴം, പട്ടാമ്പിയിനങ്ങൾ തുടങ്ങിയ നെൽവിത്തുകളാണ് കൃഷിചെയ്തുവരുന്നത്. കൂടുതൽ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ പഴയ വിത്തുകളും ഉപയോഗിക്കുന്നുണ്ട്. പണ്ടുകാലങ്ങളിൽ കീടരോഗബാധ വളരെ കുറവായിരുന്നു. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളുടെ ആവിർഭാവത്തോടെ അശാസ്ത്രീയമായ കൃഷിരീതികൾ അനുവർത്തിക്കുന്നതുമൂലം കീടരോഗബാധകൾ പ്രായേണ വർദ്ധിച്ചു. തൊഴിലാളികളുടെ ദൗർലഭ്യവും, വളം, കീടനാശിനികൾ എന്നിവയുടെ വിലവർദ്ധനവും, അമിതമായ കൂലിച്ചിലവും കൃഷി ലാഭകരമല്ലാതാക്കിത്തീർത്തു. തദ്വാരാ കൃഷി കുറയുന്നതിനും, ഭൂമി തരിശിടുന്നതിനും കാരണമായി. ക്രമാതീതമായി വർദ്ധിച്ചുവരുന്ന പാർപ്പിടനിർമ്മാണവും, വ്യാവസായിക സംരംഭങ്ങളുടെ ബാഹുല്യവും കാർഷിക മേഖല കൂടാതെ അനവധി തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. കൂടാതെ ഭൂമിയുടെ അനിയന്ത്രിതമായ വിലവർദ്ധനവും ഒരു പരിധിവരെ കൃഷി കുറയുന്നതിന് കാരണമായി. പരിസ്ഥിതിക്ക് കോട്ടം വരുത്തിക്കൊണ്ടുതന്നെ പ്രകൃതിദത്തമായ കുന്നുകൾ ഇടിച്ചു നിരത്തി, മൂന്നുപ്രാവശ്യവും കൃഷിചെയ്തിരുന്ന നെൽപ്പാടങ്ങൾ നികത്തുന്നതും ഈ പഞ്ചായത്തിൻെറ കാർഷിക മേഖലയിലെ തകർച്ചയ്ക്ക് കാരണമായിത്തീർന്നിരിക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിന് മൊത്തം 2816 ഹെക്ടർ ഭൂവിസ്തൃതിയുണ്ട്. ഇതിൽ 12% സ്ഥലത്ത് നെല്ലും 41% സ്ഥലത്ത് തെങ്ങും ഇടവിളയും 8% സ്ഥലത്ത് റബ്ബറും 2% സ്ഥലത്ത് വാഴയും കൃഷിചെയ്യുന്നു. ഈ പഞ്ചായത്തിൻെറ 7% പുറമ്പോക്കും 1% കൃഷിയോഗ്യ തരിശും 9% കൃഷിയോഗ്യമല്ലാത്ത തരിശും ആണ്. 20% പാർപ്പിടാവശ്യത്തിനും വ്യാവസായികാവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്നു.

മണ്ണിൻെറ സ്ഥിതി താഴെ പറയുംപ്രകാരമാണ്.

പട്ടിക 2

| | |
|---|---|
| വെട്ടുകൽ മണ്ണ് (ലാറ്ററേറ്റ്) | 55% |
| മണൽ മണ്ണ് | 25% |
| ചെളിമണ്ണ് | 15% |
| എക്കൽ മണ്ണ് | 5% |

*(അടിസ്ഥാനം - കൃഷിഭവൻ രേഖകൾ)*

കെട്ടിടനിർമ്മാണത്തിനും നാണ്യവിളകൾക്കുമായി നെൽവയലുകൾ നികത്തപ്പെടുന്നതുകാരണം 43%ത്തോളം പാടങ്ങൾ കുറഞ്ഞുപോയിട്ടുണ്ട്. തെങ്ങ്, റബ്ബർ എന്നിവയുടെ കൃഷിഭൂമിയുടെ വിസ്തീർണ്ണം താരതമ്യേന വർദ്ധിച്ചിട്ടുണ്ടെങ്കിലും കൃത്യമായ കൃഷിപ്പണികൾ, വളപ്രയോഗം, ജലസേചനം, കീടരോഗബാധകൾക്കെതിരേയുള്ള മരുന്നുതളി ഇവയുടെ കുറവുമൂലം വിളവ് കാര്യമായി വർദ്ധിച്ചിട്ടില്ല.

പ്രധാന വിളവുകൾ, അവയുടെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത ഇവ പട്ടിക-3 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1, 3, ഇവ താരതമ്യപ്പെടുത്തിയാൽ 10 വർഷം കൊണ്ട് കാർഷികവിളകളിൽ വിളക്രമത്തിൽ വന്നിട്ടുള്ള മാറ്റങ്ങസ് വ്യക്തമാകും. 1-ാം വിള നെൽകൃഷി 280 ഹെക്ടറിൽനിന്ന് 120 ഹെക്ടറായും, 2-ാം വിള 320 ഹെക്ടറിൽനിന്ന് 160 ഹെക്ടറായും, 3-ാം വിള 45 ഹെക്ടറിൽനിന്ന് 10 ഹെക്ടറായും കുറഞ്ഞു. നെല്ലിൻെറ വിളവിസ്തീർണ്ണത്തിലുണ്ടായ കുറവ്, തെങ്ങ്, കമു

പട്ടിക 3

| വിള | വിസ്തീർണ്ണം (ഹെ) | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത |
|---|---|---|---|
| നെല്ല് - വിരിപ്പ് | 120 | 328.80 ടൺ | 2740 കി./ഹെ. |
| മുണ്ടകൻ | 160 | 451.20 ടൺ | 2820 കി./ഹെ. |
| പുഞ്ച | 45 | 117.00 ടൺ | 2600 കി./ഹെ. |
| പയർ | 33 | 26.90 ടൺ | 818 കി./ഹെ. |
| പച്ചക്കറികൾ | 26 | | |
| തെങ്ങ് | 1152 | 96.77 ലക്ഷം | 48കായ/തെങ്ങ് |
| വാഴ | 43 | 4.89 ടൺ | 7കി./കുല |
| മരച്ചീനി | 17 | 340.00 ടൺ | 20000 കി./ഹെ. |
| കുരുമുളക് | 16 | 4416.00 കിലോ | 276 കി./ഹെ. |
| കശുമാവ് | 2 | 1120.00 കിലോ | 560 കി./ഹെ. |
| റബ്ബർ | 200 | 186.80 ടൺ | 934 കി./ഹെ. |
| കവുങ്ങ് | 76 | 15.96 ലക്ഷം | 21000 കായ/ഹെ |

(അടിസ്ഥാനം - കൃഷിഭവൻ രേഖകൾ)

ക്, വാഴ മുതലായവയുടെ വർദ്ധനവിലേയ്ക്ക് നയിച്ചതായി കാണാം. കൂടാതെ കെട്ടിടനിർമ്മാണത്തിനായും നെൽപ്പാടങ്ങൾ നികത്തിപ്പോയിട്ടുണ്ട്. കൃഷിഭൂമി തുണ്ടുകളാക്കപ്പെട്ടിരിക്കുന്നതിനാൽ കൃഷി പ്രവൃത്തിചെയ്യുവാൻ പ്രയാസം അനുഭവപ്പെടുന്നു.

## ജലസേചനം

ഈ പഞ്ചായത്തിൽ വളരെ പരിമിതമായുള്ള ജലസേചന സൗകര്യങ്ങളാണുള്ളത്. പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷിചെയ്യുന്നത്. ജൂൺ മുതൽ ആഗസ്റ്റ് മാസം വരെ ലഭിക്കുന്ന കാലവർഷവും സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവും ആണ് ജലലഭ്യതയ്ക്ക് ആധാരം. കഴിഞ്ഞ പത്തു വർഷത്തെ മഴയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4 (മഴയുടെ അളവ് മി.മീ -ൽ)

| വർഷം | ജനു | ഫെ | മാർ | ഏപ്രി | മെയ് | ജൂൺ | ജൂല | ആഗ | സെപ് | ഒക് | നവം | ഡിസം | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1986 | -- | -- | -- | 8 | 70 | 973 | 1036 | 578 | 283 | 282 | 91 | 48 | 3369 |
| 1987 | -- | -- | -- | 14 | 64 | 1003 | 903 | 506 | 172 | 303 | 99 | 14.7 | 3078.7 |
| 1988 | -- | -- | 10 | 7 | 136 | 792 | 807 | 288 | 160 | 362 | 122 | 21 | 2705 |
| 1989 | - | -- | -- | -- | 169 | 677 | 1205 | 718 | 183 | 118 | 68 | 22 | 3160 |
| 1990 | -- | - | 35 | 15 | 71 | 894 | 1073 | 412 | 123 | 230 | 147 | 90 | 3090 |
| 1991 | -- | -- | -- | 32 | 128 | 703 | 1126 | 513 | 169 | 317 | 84 | 110 | 3182 |
| 1992 | -- | -- | -- | 15 | 114 | 916 | 1147 | 409 | 168 | 478 | 102 | 96 | 3445 |
| 1993 | -- | -- | 16 | 7 | 131 | 1092 | 1201 | 396 | 173 | 502 | 180 | 20 | 3718 |
| 1994 | 8.3 | 7.3 | 12 | 168 | 199 | 926 | 823 | 638 | 311 | 526 | 102 | 3.4 | 3724 |
| 1995 | -- | -- | 12 | 109 | 121 | 918 | 936 | 428 | 233 | 324 | 115 | -- | 3196 |

മേൽ കാണിച്ചിട്ടുള്ള കണക്കുകളിൽനിന്നും ഒരു വർഷത്തിൽ പഞ്ചായത്തിനു ലഭിക്കുന്ന മൊത്തം മഴയുടെ അളവ് ഒരു പരിധിവരെ കൃഷിയ്ക്ക് പര്യാപ്തമാവുമെങ്കിലും കിട്ടുന്ന വെള്ളത്തിന്റെ സിംഹഭാഗവും ഉപയോഗശൂന്യമായി ഒലിച്ച് നഷ്ടപ്പെടുന്നു.

ജലസേചനത്തിനായി 612 പമ്പുസെറ്റുകളും, 135 പൊതു ജലസേചനകിണറുകളും, 25 കുളങ്ങളും കൂടാതെ ഓരുവെള്ളം കയറുന്നത് തടയുന്നതിനായി രണ്ട് ക്രോസ്സ് ബാറുകളും ഉണ്ട്. ജലസേചനത്തിന് വൈദ്യുതി കണക്ഷൻ ലഭിക്കാത്ത അവസ്ഥ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും ഉണ്ട്. പൊതുജലസേചന കിണറുകളും പൊതുകുവങ്ങളും ഭൂരിഭാഗവും ഉപയോഗശൂന്യമായ നിലയിലാണ്. ഓരുവെള്ളം കയറുന്നത് തടയുന്നതിലേയ്ക്കായി നിലവിലുള്ള രണ്ടു ക്രോസ് ബാറിന്റെ ഷട്ടറുകൾ യഥാസമയങ്ങളിൽ തുറക്കുകയും, അടയ്ക്കുകയും ചെയ്യാത്തതു കാരണം വേനൽ കാലത്ത് ഓരുവെള്ളം കയറിയും വർഷകാലത്ത് മഴവെള്ളം വാർന്നുപോകാതെ കെട്ടി നിന്നും കൃഷി നാശം സംഭവിക്കുന്നുണ്ട്. പെരിയാർ വാലി പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിൽ കൂടി കടന്നു പോകുന്ന കനാലിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടായാൽ പഞ്ചായത്തിലെ ജലക്ഷാമം നല്ല ഒരളവുവരെ പരിഹരിക്കാൻ കഴിയും.

ജലവുമായി ബന്ധപ്പെട്ട ആസ്തികളുടെ വിവരം ചുവടെചേർക്കുന്നു.

പട്ടിക 5

| നമ്പർ | ആസ്തികൾ | നീളം കി.മീ/എണ്ണം |
|---|---|---|
| 1. | കടമ്പ്രയാർ | 10 കി.മീ |
| 2. | ഇടപ്പള്ളി തോട് | 7 കി.മീ |
| 3. | മുണ്ടംപാലം തോട് | 3 കി.മീ |
| 4. | മണ്ണൂപ്പാടം തോട് | 4 കി.മീ |
| 5. | തോടുകൾ | 12 എണ്ണം |
| 6. | പൊതുകുളങ്ങൾ | 25 എണ്ണം |
| 7. | പെരിയാർവാലി കനാൽ | 16 കി.മീ |

അടിസ്ഥാനം - കൃഷിഭവൻ രേഖകൾ

## മണ്ണ് - ജല സംരക്ഷണം

മുൻകാലങ്ങളിൽ ഈ ഗ്രാമത്തിൽ കുന്നിപ്രദേശങ്ങൾ തട്ടുകളായി തിരിച്ചും, അതിർത്തികളിലും, ചരിവുകളിലും ധാരാളം മരങ്ങൾ വച്ച് പിടിപ്പിച്ചും മണ്ണൊലിപ്പ് തടഞ്ഞിരുന്നു. വയലുകൾ പലപ്രാവശ്യം ഉഴുതുമറിച്ചും, തൊടികളിൽ വരമ്പുകളും, താരകളും നിർമ്മിച്ചും മണ്ണു സംരക്ഷണം നടത്തിയിരുന്നു. ഇന്ന് ഇതെല്ലാം വളരെ നാമമാത്രമായി തീർന്നിരിക്കുന്നു. മണ്ണെടുത്ത് പാടങ്ങൾ നികത്തുന്നതുകാരണം കുന്നുകൾ തന്നെ തുലോം കുറഞ്ഞിരിക്കുന്നു. നീർത്തടം അടിസ്ഥാനത്തിൽ മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ചിലഭാഗത്തു മാത്രം നടക്കുന്നുണ്ട്. അത്തരം പദ്ധതികൾ പഞ്ചായത്തിന്റെ എല്ലാം ഭാഗങ്ങളും കാര്യക്ഷമമായി നടക്കേണ്ടതുണ്ട്.

## നഴ്സറികൾ

ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൃഷിക്കാർക്ക് ആവശ്യാനുസരണം ലഭ്യമാക്കാൻ കൃഷി ഭവനിൽ കൂടി വിതരണം ചെയ്യുന്നതു കൂടാതെ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒരു നഴ്സറി ഉണ്ടാകേണ്ടതുണ്ട്.

## വളംഉപഭോഗം

ആവശ്യത്തിന് തൊഴിലാളിളെ ലഭിക്കാത്തതു കൊണ്ടും ക്രമാതീതമായ കൂലിവർദ്ധനകൊണ്ടും പച്ചിലവളങ്ങൾ ശേഖരിക്കാൻ പ്രയാസം അനുഭവപ്പെടുന്നു. മറ്റു ജൈവവളങ്ങൾ ആവശ്യാനുസരണം കിട്ടാനുമില്ല. ഈ കാരണങ്ങളാൽ രാസവളങ്ങൾ കൂടുതലായി ഉപയോഗിക്കേണ്ടിവരുന്നു. അതുകാരണം മണ്ണിന്റെ ഘടന മോശമാകുന്നതിനും, മണ്ണിന്റെ ജൈവാംശങ്ങളുടെ അളവു കുറയുന്നതിനും, അതുവഴി വിളവ് കുറയുന്നതിനും കാരണമായി. കഴിഞ്ഞ മൂന്നുവർഷമായി രാസവളങ്ങളുടെ വിലവർദ്ധന കാരണം രാസവളങ്ങളുടെ ഉപഭോഗം കുറഞ്ഞിട്ടുണ്ട്. കീടനാശിനികളുടെ കാര്യത്തിലും ഇതു തന്നെയാണ് സ്ഥിതി. ശാസ്ത്രീയമായ വളപ്രയോഗരീതി കുറച്ചുകൂടി കാര്യക്ഷമമായ രീതിയിൽ അവലംബിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ സഹകരണസംഘം വഴിയും, സ്വകാര്യസ്ഥാപനംവഴിയും വിതരണം ചെയ്ത വളത്തിന്റെയും കീടനാശിനിയുടെയും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 6

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസ വളം | കീടനാശിനി | | രാസ വളം | കീടനാശിനി | | രാസ വളം | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1. | സഹകരണം<br>അയ്യനാട് സർവ്വീസ് സഹകരണ സംഘം വാഴക്കാല | | | | 27 MT | - | | 26.35 MT | - | |
| 2. | സ്വകാര്യം | 52 MT | 25 Lt. | 75 Kg. | 43 MT | 22 Lt. | 60 Kg. | 41 MT | 15 Lt. | 52 Kg. |

അടിസ്ഥാനം : കൃഷിഭവൻ രേഖകൾ

## കൃഷി ഭവൻ

തൃക്കാക്കര പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തിലായി തൃക്കാക്കര കൃഷിഭവൻ സ്ഥിതിചെയ്യുന്നു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും പെട്ട കൃഷിക്കാർക്ക് കൃഷിഭവൻ വഴി നല്കുന്ന ആനുകല്യങ്ങൾ ലഭിക്കുന്നു. കൃഷി ഓഫീസറും മൂന്നു കൃഷി അസിസ്റ്റന്റുമാരും പ്രവൃത്തിക്കുന്നു.

കഴിഞ്ഞ മൂന്നുവർഷം കൃഷിഭവൻ വഴി വിതരണം ചെയ്ത
നടീൽ വസ്തുക്കളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക - 7

| ക്രമനം. | ഇനം | 1993 - 94 | 1994 - 95 | 1995 -96 |
|---|---|---|---|---|
| 1. | തെങ്ങിൻതൈ | 2900 എണ്ണം | 1050 എണ്ണം | 1350 എണ്ണം |
| 2. | കശുമാവിൻ തൈ | 110 ,, | - - | - - |
| 3. | കുരുമുളകുവള്ളി | 9000 ,, | 10,000 ,, | 5000 ,, |
| 4. | കവുങ്ങ് | 2500 ,, | 200 ,, | 200 ,, |
| 5. | പച്ചക്കറിവിത്ത് (പാക്കറ്റ്) | 2434 ,, | 750 ,, | 700 ,, |
| 6. | ഫലവൃക്ഷങ്ങൾ | 210 ,, | 43 ,, | 1267 ,, |
| 7. | വാഴവിത്ത് | 1500 ,, | - - | - - |
| 8. | ഗ്രാമ്പുതൈ | - - | 100 ,, | 200 ,, |
| 9. | ജാതിതൈ | 1200 ,, | 200 ,, | - - |
| 10. | പയർവിത്ത് ( സി. 152) | - - | 148 കി.ഗ്രാം | - - |

അടിസ്ഥാനം : കൃഷിഭവൻ രേഖകൾ

## കഴിഞ്ഞ 5 വർഷങ്ങളിൽ തൃക്കാക്കര കൃഷിഭവൻവഴി നടപ്പിലാക്കിയ വിവിധ പദ്ധതികൾവഴി കർഷകർക്കു ലഭിച്ച ആനുകൂല്യങ്ങൾ

പട്ടിക - 8

| ക്രമ നമ്പർ | 1991 - 92 രൂപാ ലക്ഷത്തിൽ | 1992 - 93 രൂപാ ലക്ഷത്തിൽ | 1993 - 94 രൂപാ ലക്ഷത്തിൽ | 1994 - 95 രൂപാ ലക്ഷത്തിൽ | 1995 - 96 രൂപാ ലക്ഷത്തിൽ |
|---|---|---|---|---|---|
| 1. | 2,27,791 | 7,97,701 | 3,97,867 | 3,93,433 | 7,53,856 |

### പാടശേഖര സമിതികൾ

ഈ പഞ്ചായത്തിൽ കൃഷിഭവൻെറ ആഭിമുഖ്യത്തിൽ നാലു പാടശേഖരസമിതികളും, ഒരു കേരവികസനസമിതിയും പ്രവർത്തിച്ചുവരുന്നു. പാടശേഖരസമിതികളുടെ ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമല്ല. സമിതികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. മണ്ണുപ്പാടം നെല്ലുല്പാദക സമിതി
2. ഞാറക്കുഴി പാടശേഖരസമിതി
3. ഇടച്ചിറപാടശേഖരസമിതി.
4. ചാത്തനാംചിറ പാടശേഖരസമിതി.
5. തൃക്കാക്കര പഞ്ചായത്ത് കേരവികസന സമിതി.

സമിതികൾ വഴി നാലു പവ്വർട്രില്ലറുകളും, രണ്ട് ട്രാക്ടർ, മുപ്പത്തി അഞ്ചു റോക്കർസ്പേയർ, 55 നാപ്സിക്ക് സ്പേയർ, 25 തെങ്ങുകയറ്റയന്ത്രം, 7 വിത്തുസംഭരണി എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

### കൂലിനിരക്ക് - സേവനവ്യവസ്ഥ

ഈ പഞ്ചായത്തിൽ ഏകീകരിച്ച കൂലിനിരക്ക് ഇല്ല. ശരാശരി കൂലി നിരക്ക് താഴെ ചേർക്കുന്നു.

കൊയ്തിന് സ്ത്രീകൾക്ക് കൂലി 1/5 പദമായി (നെല്ല്) നല്കുന്നു. അതുപോലെതന്നെ തേങ്ങയിടുന്നതിന് തെങ്ങൊന്നിന് 2½ രൂപമുതൽ 3 രൂപവരെയും, തെങ്ങ് ഒരുക്കുന്നതിന് 5 രൂപാ ക്രമത്തിലും കൂലി നിലവിലുണ്ട്. ഇതിനുപുറമേ തൊഴിലാളികൾക്ക്

ഈ പഞ്ചായത്തിൽ ഏകീകരിച്ച കൂലിനിരക്ക് ഇല്ല.
ശരാശരി കൂലിനിരക്ക് താഴെ ചേർക്കുന്നു.

പട്ടിക - 9

| തൊഴിൽ | ജോലി സമയം (മണിക്കൂറിൽ) | ശരാശരി കൂലിനിരക്ക് | |
|---|---|---|---|
| | | പുരുഷൻ | സ്ത്രീ |
| കിളയ്ക്കൽ | 8 | 110 രൂപ | - - |
| ഞാറുനടൽ | 8 | - - | 60 രൂപ |
| കള പറിച്ചിൽ | 8 | - - | 60 രൂപ |
| കൊയ്ത്ത് | - | - - | അഞ്ചിൽ ഒന്നുപദം |
| തേങ്ങയിടൽ | - | 250 രൂപ | - - |
| തെങ്ങ് ഒരുക്കൽ | - | 110 രൂപ | - - |

ഭക്ഷണവും നല്കി വരുന്നു. ഇപ്പോൾ മറ്റു തൊഴിൽ മേഖലകളിൽ ലഭിക്കുന്ന കൂലിയുമായി താരതമ്യപ്പെടുത്തിയാൽ കാർഷിക മേഖലയിൽ താഴ്ന്നകൂലി നിരക്കാണ് നിലവിലുള്ളത്. എന്നാൽ കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഇന്നുള്ള കൂലിനിരക്കുതന്നെ താങ്ങാൻ കഴിയാത്തവരാണ്.

## വിപണനസൗകര്യം

കാർഷികമേഖലയിലെ ഉല്പാദനങ്ങളുടെ വിപണനത്തിന് പഞ്ചായത്തിൽ പ്രത്യേക സൗകര്യങ്ങളൊന്നും ഇല്ല. അടുത്തുള്ള എറണാകുളം കോർപ്പറേഷൻ മാർക്കറ്റിലോ, ആലുവ മുനിസിൽ മാർക്കറ്റിലോ ഉൽപ്പന്നങ്ങൾ എത്തിക്കേണ്ടതായിവരുന്നു. കർഷകന് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾ നിലവിലില്ല.

## വിത്ത് - വായ്പ

പ്രാദേശികമായി ലഭിക്കുന്ന വിത്തുകളും, കൃഷിഭവൻ വഴി ലഭിക്കുന്ന വിത്തുകളും ഉപയോഗിച്ചാണ് കൃഷി നടത്തുന്നത്. സമയാസമയങ്ങളിൽ കർഷകന് ആവശ്യമുള്ളത്ര അളവിൽ കൃഷിഭവൻ വഴി ഗുണമേന്മയുള്ള വിത്ത് ലഭ്യമാക്കണം.

കാർഷിക വായ്പക്കായി പഞ്ചായത്തിനുള്ളിലുള്ള അയ്യനാട്ടു സർവ്വീസ് സഹകരണസംഘം, യൂണിയൻ ബാങ്ക് ഓഫം ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കാത്തലിക്ക് സിറിയൻ ബാങ്ക്, ഫെഡറൽ ബാങ്ക്, ബാങ്ക് ഓഫ് ഇൻഡ്യ കാർഷിക വികസന ബാങ്ക് എന്നീ ധനകാര്യസ്ഥാപനങ്ങളാണ് ശയ. മിക്കപ്പോഴും ബാങ്കുകളിലെ നടപടിക്രമങ്ങളിലുള്ള സങ്കീർണത കാരമം കർഷകന് സമയത്ത് വായ്പ ലഭിക്കാറില്ല. കൃഷിക്കാർത്ത് വായ്പ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. ഉപ്പുവെള്ളം കയറുന്നതു തടയാൻ രണ്ടു ക്രോസ് ബാറുകൾ നിലവിലുണ്ടെങ്കിലും കൃത്യസമയത്ത് അവയുടെ പ്രയോജനം കർഷകർക്ക് ലഭ്യമാകുന്നില്ല.
2. പ്രധാനപ്പെട്ട 12 തോടുകൾ ഉണ്ടെങ്കിലും അവയിൽ പലതും മണ്ണടിഞ്ഞുകൂടിആഴംകുറഞ്ഞും, രണ്ടുവശങ്ങളും ഇടിഞ്ഞും, കയ്യേറ്റം മൂലം വീതി തീരെകുറഞ്ഞും ചിലസ്ഥലങ്ങളിൽ നികന്നും കിടക്കുന്നു. അതു കാരണം കൃഷിക്കു ഉപയുക്തമാകുന്നില്ല.
3. HMT, NPOL, KRR കമ്പനി, വ്യവസായമേഖല (കുഞ്ഞുങ്ങൾ) കൊച്ചിൻ റിഫൈനറി, എഫ്.എ.സി.ടി. എന്നിവകളിൽ നിന്നും ഒഴുകുന്ന മലിനജലം പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പാടശേഖരങ്ങളും കൃഷിചെയ്യാൻ സാധിക്കാത്ത അവസ്ഥ നിലനില്ക്കുന്നു. കൂടാതെ ഇതു മൂലം സംജാതമായിട്ടുള്ള പരിസ്ഥിതി പ്രശ്നം വളരെ വലുതാണ്.
4. കൃഷിപ്പണിക്ക് വേണ്ടത്ര തൊഴിലാളികളെ കിട്ടാത്ത സാഹചര്യത്തിൽ ആധുനിക യന്ത്രവൽക്കരണ കൃഷിരീതികളെ അവലംബിക്കേണ്ടിരിക്കുന്നു. അതിനുതകും വണ്ണം പാടശേഖരങ്ങളിൽ ട്രാക്ടർ, ട്രില്ലർ, ഇവ ഇറക്കുന്നതിനുള്ള സൗകര്യം പലസ്ഥലങ്ങളിലും നിലവിലില്ല.
5. നിലവിലുള്ള തോടുകൾ നികത്തുന്നതു കാരണം വെള്ളക്കെട്ടു ഭീഷണി നിലനില്ക്കുന്നു
6. കാർഷികമേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വളരെകുറവാണ്. കൂലികുറവും, തൊഴിൽ ദനിങ്ങളുടെ കുറവുമാണ് ഇതിനു പ്രധാനകാരണം.
7. കർഷകന് താങ്ങാൻ പറ്റാത്തവിധം കൂലിച്ചിലവ്, വളം, കീടനാശിനി എന്നിവയുടെ വിലയും അടിക്കടി വർദ്ധിക്കുന്നു.
8. മണ്ണിന്റെ ജൈവസമ്പത്ത് കുറഞ്ഞുവരുന്നു.
9. കൃഷി പ്രായേണ നഷ്ടമായിതീരുന്നു.
10. കൃഷിമുഖ്യതൊഴിലായിട്ടുള്ളവർ നാമമാത്രമാണ്.
11. ഭൂരിപക്ഷം കൃഷിക്കാരും കൃഷി ഉപതൊഴിലായി ചെയ്യുന്നു.
12. കൃഷിഅഭിവൃദ്ധിപ്പെടുത്തുവാൻ മാറിമാറിവരുന്ന സർക്കാരുകൾ പ്രഖ്യാപിക്കുന്ന മിക്കപദ്ധതികളും ആരംഭത്തിലേതന്നെ നിലച്ചുപോകുന്നു.
13. മണ്ണുപരിശോധന നടത്തുന്നതിന്റെ ആവശ്യകത

യെ കുറിച്ച് കർഷകർ വേണ്ടത്ര ബോധവാന്മാരല്ല.

14. കർഷകരെ സഹായിക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുള്ള വിള ഇൻഷ്വറൻസ് പദ്ധതിക്ക് കർഷകരുടെ ഭാഗത്തു നിന്നും വേണ്ടത്ര പ്രതികരണം ഉണ്ടായിട്ടില്ല.

15. പഞ്ചായത്തിൽ കൂടുതലായി കൃഷിചെയ്യുന്ന തെങ്ങുകൃഷിക്ക് വ്യാപകമായി കാറ്റുവീഴ്ചരോഗവും, കൂമ്പുചീയൽ രോഗവും കാണപ്പെടുന്നു.

16. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ, നടീൽ വസ്തുക്കൾ എന്നിവ കൃഷിക്കാർക്ക് വേണ്ടത്ര അളവിൽ വേണ്ടസമയത്ത് കൃഷിഭവൻ വഴി ലഭ്യമാകുന്നില്ല. അവയുടെ ഗുണമേന്മ ഉറപ്പുവരുത്തണം.

17. ശാസ്ത്രീയമായ വളപ്രയോഗരീതിയെക്കുറിച്ചുള്ള അറിവ് കർഷകന് പരിമിതമാണ്.

18. കർഷകന് ആവശ്യമായ തോതിൽ ജൈവവളം ലഭ്യമാകുന്നില്ല.

19. പ്രകൃതിദത്തമായ കുന്നുകൾ ഇടിച്ചു നിരത്തി നെൽപ്പാടങ്ങൾ നികത്തി വർപ്പിട പദ്ധതികൾ നിർമ്മിക്കുന്നതുകാരണം നെൽകൃഷികുറയുകയും, വമ്പിച്ച തോതിൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നു.

20. മുകൾഭാഗത്തുള്ള ഫലപുഷ്ടിയുള്ള മണ്ണ് എടുത്തുമാറ്റുന്നതുകാരണം മണ്ണിന്റെ ജൈവസമ്പത്ത് നഷ്ടപ്പെടുകയും അതുവഴി വിളവ് ഗണ്യമായി കുറയുകയും ചെയ്യുന്നു.

21. വൻതോതിൽ മണ്ണിടിക്കുന്നതിനാൽ മണ്ണൊലിപ്പ് വളരെ കൂടുതലായി നടക്കുന്നു.

22. നിലവിലുള്ള പാടശേഖര സമിതികൾ നിർജ്ജീവമാണ്.

23. നിലവിലുള്ള കാർഷിക സബ്സിഡി വളരെ പരിമിതമാണ്.

24. കൂലി കൂടുതലും, കീടരോഗബാധയുടെ ക്രമാതീതമായ വർദ്ധനവും കാരണം കർഷകന് പച്ചക്കറി കൃഷിയോട് താല്പര്യം കുറയുന്നു.

25. കാർഷിക ഉൽപ്പന്നങ്ങൾക്ക് മിതമായ വിലകിട്ടുന്നതിനും, വിപണനത്തിനുമുള്ള സൗകര്യം വേണ്ടത്ര ഇല്ല.

26. ഭൂമി തുണ്ടുതുണ്ടായി കിടക്കുന്നതു കാരണം കൃഷിപ്പണി ചെയ്യുവാൻ പ്രയാസം അനുഭവപ്പെടുന്നു.

27. കൂൺകൃഷി, പുഷ്പക്കൃഷി, മത്സ്യക്കൃഷി, ഔഷധക്കൃഷി ഇവയെപ്പറ്റി കൃഷിക്കാർക്ക് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല.

28. വളം, വിത്ത് എന്നിവ പാടങ്ങളിൽ എത്തിക്കുന്നതിന് വഴി സൗകര്യം ഇല്ല.

29. തെങ്ങുകൃഷിയെ ബാധിച്ചിട്ടുള്ള ഏറ്റവും വലിയ വിപത്തായ കാറ്റുവീഴ്ച രോഗവും, കൂമ്പുചീയൽ രോഗവും നിമിത്തം വിളവ് കാര്യമായി കുറഞ്ഞു.

30. കൃഷി ആവശ്യത്തിനായി പമ്പുസെറ്റു സ്ഥാപിച്ചിട്ട് വർഷങ്ങളോളം കാത്തിരുന്നിട്ടും വൈദ്യുതി ലഭിക്കാത്തതിനാൽ പമ്പുസെറ്റ് പ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്.

സാദ്ധ്യതകൾ

1. വർഷകാലത്ത് അധികജലം വാർന്നു പോകുന്നതിനും, വേനൽക്കാലത്തു ഉപ്പുവെള്ളം കയറുന്നത് തടയാനും കൃത്യമായ സംവിധാനം ഉണ്ടാകണം.

2. കടമ്പ്രയാർ-മനയ്ക്കക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രാവർത്തികമാക്കണം.

3. ഇടച്ചിറ-മണ്ണൂപ്പാടം തോടിൽ ചീപ്പ് നിർമ്മിച്ച് ഒരുവെള്ളം കയറുന്നതു തടയണം.

4. പഞ്ചായത്തിലെ മിക്കവാർഡുകളിൽ കൂടിയും കടന്നുപോകുന്നതും ഉദ്ദേശം 16 കിലോമീറ്ററോളം ദൈർഘ്യം വരുന്നതുമായ പെരിയാർവാലി കനാലിൽക്കൂടി വെള്ളം ഒഴുകുന്നതിനുള്ള നടപടികൾ എത്രയും വേഗം ഉണ്ടാകണം. കൂടുതൽ പ്രദേശത്ത് പുഞ്ചക്കൃഷി ചെയ്യുന്നതിനും, പഞ്ചായത്തിലെ മൊത്തത്തിലുള്ള ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കുന്നതിനും സാധിക്കും.

5. തലക്കോട്ടുമൂലച്ചിറ, കൊടുങ്ങത്തോട്, ചാത്ത നാംചിറത്തോട്, കണ്ണങ്കേരിതോട് എന്നിവ നന്നാക്കിയും, മലിനജലം ഒഴുകുന്നതു തടഞ്ഞും ഉദ്ദേശം മുന്നൂറ്റി അമ്പതോളം ഏക്കർ സ്ഥലത്ത് നെൽക്കൃഷി ചെയ്യാൻ സാധ്യമാകും.

6. തുകലൻകുത്തിത്തോട്, ഇടപ്പള്ളിത്തോട്, കടമക്കേരിത്തോട്, ചേരിത്തോട്, ചാത്തനാംചിറതോട്, കണ്ണങ്കേരിത്തോട്, പള്ളിപ്പാട്ടുതോട്, വല്ലേപ്പാട് തോടം, മാനാത്ത് താഴത്തുതോട്, കിളിയാങ്കൽ താണപാടം തോട്, തെങ്ങോച്ചാൽ തോട്, ആഞ്ഞിക്കാത്തുനട തോട്, മണ്ണുപ്പാടം ഇടച്ചിറത്തോട് എന്നീ തോടുകളുടെ സൈഡ് ബണ്ട് കെട്ടി വീതിയും ആഴവും കൂട്ടിയാൽ കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്നതിനും, വെള്ളക്കെട്ടു ഭീഷണി ഒഴിവാക്കുന്നതിനും സാധിക്കും.

7. വാരിക്കോരിച്ചിറ, വലിയകുളം, ചിന്നംപിള്ളിച്ചിറ, പൊയ്കച്ചിറ, പരിപ്പേച്ചിറ, പറയൻകുളം, മുതിരച്ചിറ, കുഴിപ്പള്ളി മൂലച്ചിറ, പുളിക്കില്ലത്തുചിറ, കളപ്പുരപ്പാടം കുളം, പായിക്കരക്കുളം എന്നീ പൊതുകുളങ്ങൾ നന്നാക്കിയാൽ ശുദ്ധജലമത്സ്യക്കൃഷിക്ക് വളരെയധികം സാദ്ധ്യതകളുണ്ട്.

8. എച്ച്.എം.ടി, എൻ.പി.ഓ.എൽ, കെ.ആർ.ആർ. കമ്പനി, വ്യവസായമേഖല (CEPZ) കൊച്ചിൻ റിഫൈനറി, എഫ്.എ.സി.റ്റി (FACT) എന്നിവകളിൽ നിന്നും ഒഴുകി എത്തുന്ന മലിനജലം തടയുന്നതിനോ, ശുദ്ധീകരിക്കുന്നതിനോ അടിയന്തിര നടപടി ഉണ്ടാകണം. ഇവ പരിസ്ഥിതിക്ക് വൻഭീഷണിയായി മാറിയിരിക്കുന്നു.

9. നിലവിലുള്ള വറ്റാത്ത പാറമടകളിൽ നിന്നും വെള്ളം പമ്പുചെയ്ത് കൃഷിക്ക് ഉപയുക്തമാക്കുന്ന പദ്ധതികൾ ഉണ്ടാകണം.

10. കൃഷിപ്പണിക്ക് വേണ്ടത്ര തൊഴിലാളികളെ കിട്ടാത്ത സാഹചര്യത്തിൽ യന്ത്രവൽക്കരണ കൃഷിരീതിയെ അവലംബിക്കേണ്ടിയിരിക്കുന്നു. അതിന് സൗകര്യം ഉണ്ടാകത്തക്ക വിധം പാടശേഖരങ്ങൾക്ക് റോഡ് സൗകര്യം ഉണ്ടാക്കണം.

11. കാർഷിക വൃത്തിയോടുള്ള ജനങ്ങളുടെ മനോഭാവം മാറ്റാൻ സംഘടിതമായി യുവജനങ്ങളെ ബോധവൽക്കരണത്തിലൂടെ പ്രാപ്തരാക്കണം. തൊഴിൽ രഹിതരുടെ രജിസ്ട്രേഡ് സംഘം ഉണ്ടാക്കുകയും, അവർക്ക് ശമ്പള വ്യവസ്ഥ ഏർപ്പെടുത്തുന്നതിനുള്ള സാമ്പത്തിക സഹായം സർക്കാർ നൽകുകയും വേണം.

12. കൃഷിയനുബന്ധ തൊഴിലുകളിൽ ആഭിമുഖ്യം വളർത്തുന്നതിന് ആവശ്യമായ പാഠഭാഗങ്ങൾ പ്രൈമറി തലം തൊട്ട് സ്കൂൾ സിലബസിൽ ഉൾപ്പെടുത്തണം.

13. എല്ലാ സ്ഥലങ്ങളിലേയും മണ്ണുപരിശോധിച്ച് ശാസ്ത്രീയമായ വളപ്രയോഗം നടത്തുന്നതിന് കൃഷിക്കാരെ ഉൽബുദ്ധരാക്കാൻ സാങ്കേതിക പരിജ്ഞാനം സിദ്ധിച്ച കൃഷിവകുപ്പ് ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധപതിപ്പിക്കണം.

14. വിള ഇൻഷുറൻസ് പദ്ധതി എല്ലാ വിളകൾക്കും ബാധകമാക്കുകയും ആനുകൂല്യം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിച്ച് താമസംവിനാ കർഷകന് ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

15. ഭീമമായ കൃഷിച്ചിലവ് കുറയ്ക്കുന്നതിന് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി കുറ്റമറ്റതായി നടപ്പിലാക്കണം.

16. തരിശിടുന്ന നെൽപാടങ്ങൾ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പാടശേഖരസമിതികളെ കൃഷിചെയ്യാൻ ഏൽപ്പിക്കണം..

17. കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളുടെയും, വിത്തുകളുടേയും ഗുണമേന്മ ഉറപ്പുവരുത്തുന്നതോടൊപ്പം യഥാസമയം ആവശ്യാനുസരണം കിട്ടാൻ സൗകര്യമുണ്ടാക്കണം.

18. വിത്തും, വളവും സൗജന്യമായി കൃഷിഭവൻ വഴി നൽകി വേനൽക്കാലപച്ചക്കറിക്കൃഷി വ്യാപകമാക്കണം.

19. കൃഷിക്കാർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്കം ന്യായമായ വില ഉറപ്പുവരുത്തുന്നതിന് പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് ഉണ്ടാവണം.

20. വയലുകൾ നികത്തി കെട്ടിടം നിർമ്മിക്കുന്നത് നിയമ വിരുദ്ധമാക്കണം. അത്തരം പ്രവർത്തനങ്ങ

ളെ നിരുത്സാഹപ്പെടുത്തണം.

21. പുഷ്പക്കൃഷി, കുൺകൃഷി, ഓഷധക്കൃഷി, തേനീച്ചക്കൃഷി, മത്സ്യക്കൃഷി എന്നിവയ്ക്ക് കർഷകരെ ഉൽബുദ്ധരാക്കണം. പഞ്ചായത്തിൽ അതിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം.

22. മണ്ണിന്റെ ജൈവസമ്പത്ത് അനുദിനം കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പഞ്ചായത്തിൽ അർബൻ കമ്പോസ്റ്റിനുള്ള പ്രാധാന്യം ഏറിവരുന്നു. വിവിധ പാർപ്പിട പദ്ധതികളിൽ നിന്നും ശേഖരിക്കുന്ന വേസ്റ്റും, സ്വകാര്യ മാർക്കറ്റുകളിൽനിന്നും ശേഖരിക്കുന്ന വേസ്റ്റും ഇതിലേയ്ക്കായി ഉപയോഗിക്കാം. ഇങ്ങനെ ചെയ്താൽ ജൈവവളത്തിന്റെ കുറവ് നല്ലൊരു പരിധിവരെ പരിഹരിക്കാം.

23. തെങ്ങിനുണ്ടായിട്ടുള്ള വ്യാപകമായ കാറ്റുവീഴ്ച രോഗത്തിനും, കൂമ്പുചീയൽ രോഗത്തിനുമെതിരേ കൃഷിഭവന്റെ മേൽനോട്ടത്തിൽ മരുന്നുതളി വ്യാപകമാക്കണം.

24. കാറ്റുവീഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിക്കളഞ്ഞ് പകരം രോഗപ്രതിരോധശക്തിയുള്ള തെങ്ങിൻ തൈയും, നഷ്ടപരിഹാരവും നൽകുന്ന പദ്ധതി തൃക്കാക്കര പഞ്ചായത്തിൽ അടിയന്തിരമായി നടപ്പിലാക്കണം.

25. കൃഷിയാവശ്യത്തിന് പമ്പുസെറ്റ് സ്ഥാപിച്ച് കാലം ഏറെയായിട്ടും വൈദ്യുതി ലഭിക്കാതെ കഷ്ടപ്പെടുന്ന കർഷകർക്ക് വളരെ മുന്തിയ പരിഗണന ഉണ്ടാകേണ്ടിയിരിക്കുന്നു. ഇലക്ട്രിസിറ്റി ബോർഡിന്റെ നിയമവ്യവസ്ഥകളിൽ മാറ്റം വരുത്തി, കർഷകനോടുള്ള സമീപനം കൂടുതൽ ലളിതമാക്കണം.

### തൃക്കാക്കര ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച സ്ഥിതിവിവരം

| വർഷം 84 - 85 കാക്കനാട് വില്ലേജ് | നിലം | പുരയിടം | പുറമ്പോക്ക് | തരിശ് | ആകെ |
|---|---|---|---|---|---|
| കാക്കനാട് 84 - 85 | 756 ഹെ. കൈവശക്കാർ (453) | 735.3972 ഹെ. പുരയിടം. (5925) | 205.0300 ഹെ. | 57.4922 | 1754.0971 |
| 95 - 96 | 571.8980 | 909.7057 | 232.4017 | 37.2259 | 1751.2313 |
| വാഴക്കാല 84 - 85 | 438.54 ഹെ. കൈവശക്കാർ (425) | 748.90 ഹെ. പുരയിടം (5325) | 44.56 | 55.0088 | 1287.022 |
| 95 - 96 | 508 | 2329 | 395 | | 3232 |

അവലംബം : വില്ലേജ് രേഖകൾ, കാരണവൻമാർ ആയിച്ചർച്ച

# മൃഗസംരക്ഷണം

# മത്സ്യബന്ധനം

# മൃഗസംരക്ഷണം - മത്സ്യബന്ധനം

കൃഷി പ്രധാനപ്പെട്ട ഉപജീവനമാർഗ്ഗമായിരുന്ന തൃക്കാക്കരയിൽ പുരാതനകാലം മുതൽത്തന്നെ കൃഷിയുടെ അവിഭാജ്യഘടകമായി കന്നുകാലി വളർത്തലും നടന്നുപോന്നിരുന്നു. നിലംഉഴുന്നതിനും വണ്ടിവലിക്കുന്നതിനും, പാല്, മാംസം മുതലായവക്കുവേണ്ടിയും, ജൈവവളത്തിൻെറ ഒരു മുഖ്യസ്രോതസ്സ് എന്ന നിലയിലും മൃഗങ്ങളെ വളർത്തിയിരുന്നു. മൃഗസംരക്ഷണം മുഖ്യതൊഴിലാക്കിയ ധാരാളം കുടുംബങ്ങൾ അന്നിവിടെ ഉണ്ടായിരുന്നു. ഒരിപ്പുനിലങ്ങൾ ഒന്നാംവിളക്കുശേഷം മേച്ചിൽ സ്ഥലങ്ങളായി മാറ്റപ്പെട്ടിരുന്നു. തരിശുഭൂമിയും, 'കന്നുകാലിചെക്കന്മാരും' സുലഭമായിരുന്ന ആ കാലഘട്ടത്തിൽ മിക്കവാറും എല്ലാ ഭവനങ്ങളിലും വളർത്തു മൃഗങ്ങൾ ഉണ്ടായിരുന്നു.

സമൂഹത്തിൽ ഏറ്റം താഴെക്കിടയിൽ നില്ക്കുന്നവരുടെ പ്രധാന ധനസമ്പാദന മാർഗ്ഗമായിരുന്നു കന്നുകാലിവളർത്തൽ. കന്നുകാലിക്കുട്ടികളെ പോറ്റാൻ കൊടുക്കുന്ന സമ്പ്രദായം വളരെ വ്യാപകമായിരുന്നു. ആദ്യ പ്രസവത്തിലെ കറവയും, കുഞ്ഞും പോറ്റുന്നവന് അവകാശപ്പെട്ടതാണ്. രണ്ടാം പ്രസവത്തിനുശേഷം തള്ളപ്പശുവിനേയും കിടാവിനേയും തിരികെ നല്കുന്നു. ആടിനേയും ഇങ്ങിനെ പോറ്റാൻ നല്കിയിരുന്നു. പാവപ്പെട്ട പലരേയും സമൃദ്ധിയുടെ പടവുകൾ ചവുട്ടിക്കയറാൻ സഹായിച്ച ഈ രീതിയും പുരാതന കന്നുകാലി വളർത്തൽ സമ്പ്രദായത്തോടൊപ്പം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്.

പശു, കാള, എരുമ, പോത്ത്, ആട്, പന്നി, പട്ടി, മുയൽ തുടങ്ങി എല്ലാവിധ വളർത്തു മൃഗങ്ങളും, കോഴി, താറാവ്, കാടപക്ഷി, തത്ത, ലൗബേർഡ്സ് തുടങ്ങിയ പക്ഷികളും തൃക്കാക്കരയിൽ വ്യാപകമായി വളർത്തപ്പെടുന്നു. 1987-ലെ കന്നുകാലി സെൻസസ്സ് അനുസരിച്ചുള്ള തൃക്കാക്കര പഞ്ചായത്തിലെ കന്നുകാലികളുടെ എണ്ണം താഴെ കൊടുക്കുന്നു.

പട്ടിക - 1

| | | | |
|---|---|---|---|
| പശു നാടൻ | 1819 | പട്ടി | 1584 |
| സങ്കരം | 2140 | കോഴി നാടൻ | 24445 |
| എരുമ | 60 | സങ്കരം | 3804 |
| ആട് | 2390 | താറാവ് | 2756 |
| പന്നി | 32 | | |

1996 ലെ കണക്ക് ലഭ്യമല്ല.

പട്ടിക 2

1993 ലെ പഠന റിപ്പോർട്ട്

| | |
|---|---|
| പശു നാടൻ | 1118 |
| സങ്കരം | 954 |
| എരുമ | 13 |
| മറ്റുള്ളവ | 10098 |

പട്ടിക 3

1993 ലെ പഠന റിപ്പോർട്ട്

| | |
|---|---|
| Dairy House holds | 1780 |
| Co-operatives | 1 + 1 |
| Others | 3 |

കാളവണ്ടിയും കലപ്പയും രംഗത്തുനിന്നും പിൻവാങ്ങിയതോടെ കാള, പോത്ത്, എന്നിവയുടെ സംഖ്യ വളരെയേറെ കുറയുകയുണ്ടായി. തരിശുഭൂമി ഇല്ലാതായതോടെ നാടൻ പശുക്കളുടേയും, ആടുകളുടേയും എണ്ണത്തിൽ സാരമായ കുറവുണ്ടായി. ഇപ്പോഴുള്ള മൃഗങ്ങളിൽ എഴുപതു ശതമാനത്തോളം സങ്കരയിനത്തിൽ പ്പെട്ടവയാണ്.

പാലിന്റെ ഉല്പാദനത്തിൽ കാര്യമായ വർദ്ധന ഉണ്ടായി എങ്കിലും തൃക്കാക്കരയിലെ ആവശ്യത്തിനുള്ള പാൽ മറ്റു സ്ഥലങ്ങളിൽ നിന്നും കൊണ്ടുവരികയാണ്. ഇറച്ചി, മുട്ട തുടങ്ങിയ എല്ലാ മൃഗോല്പന്നങ്ങൾക്കും മറ്റു സ്ഥലങ്ങളെ ആശ്രയിക്കുന്ന ഈ പഞ്ചായത്തിൽ മൃഗസംരക്ഷണ മേഖലയിൽ വൻ വികസന സാദ്ധ്യതകൾ ഉണ്ട്. പക്ഷേ മേച്ചിൽ സ്ഥലങ്ങളുടെ അഭാവവും, വൈയ്ക്കോൽ, പുല്ല് എന്നിവ ലഭിക്കാനുള്ള പ്രയാസവും, കാലിത്തീറ്റയുടെ വിലക്കയറ്റവും, വേണ്ടത്ര ചികിത്സാ സൗകര്യം ഇല്ലാത്തതും കർഷകരെ ഈ രംഗത്തു നിന്നും പിൻവാങ്ങാൻ പ്രേരിപ്പിക്കുന്നു.

പലകർഷകരും ചായക്കടകളിലും, വീടുകളിലും പാൽ വിറ്റാണ് ഉപജീവനം കണ്ടെത്തുന്നത്. ആവശ്യക്കാരുടെ കുറവും, വിലലഭിക്കാനുള്ള ബുദ്ധിമുട്ടും അവരുടെ പ്രധാനപ്രശ്നങ്ങളാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പാൽ സംഭരണ കേന്ദ്രങ്ങൾ തുറക്കുന്നത് ആശ്വാസകരമായിരിക്കും.

മൃഗആരോഗ്യ സംരക്ഷണ മേഖലയിൽ നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി വളരെ പരിതാപകരമാണ്. കാക്കനാട്ട് ഒരു വെറ്ററിനറി ഹോസ്പിറ്റൽ ആരംഭിച്ചിട്ട് ഒരു വർഷമേ ആയിട്ടുള്ളു. സർക്കാർ അനുവദിച്ചിട്ടുള്ള പുതിയ സ്കീമുകൾ ഒന്നുംതന്നെ ഇവിടെ പ്രവർത്തനം തുടങ്ങിയിട്ടില്ല. ധാരാളം നിർദ്ധനകൃഷിക്കാർ ഉള്ള ഈ പഞ്ചായത്തിൽ ആ സ്കീമുകൾക്കെല്ലാം വൻ സാദ്ധ്യതകൾ ഉള്ളതുകൊണ്ടു അവയെക്കുറിച്ചുള്ള വിശദമായ ഒരു പഠനം അത്യന്താപേക്ഷിതമാണ്.

## പ്രശ്നങ്ങൾ : പരിഹാരമാർഗ്ഗങ്ങൾ

കുളമ്പുരോഗം, അകിടുവീക്കം, താടനീർ, ചങ്കടപ്പൻ, വയറിളക്കം തുടങ്ങിയ മൃഗരോഗങ്ങൾ ഇവിടുത്തെ മൃഗസംരക്ഷകരുടെ പ്രധാന പ്രശ്നങ്ങളാണ്. ഇവിടുത്തെ സസ്യങ്ങളിൽ യൂറിയയുടെ അംശം കൂടുതലായതുകൊണ്ട് രോഗ സാദ്ധ്യത വളരെ അധികമാണെന്നാണ് വിദഗ്ധാഭിപ്രായം. നിലവിലുള്ള സംവിധാനം ഇതിന് വേണ്ടത്ര പരിഹാരമാവുന്നില്ല. മൃഗാശുപത്രികളുടെ എണ്ണവും പ്രവർത്ത നസമയവും വർദ്ധിപ്പിക്കുകയും, സേവന സന്നദ്ധരായ ഉദ്യോഗസ്ഥരെ കൂടുതലായി നിയമിക്കുകയും വേണം. ഇവിടെ സാധാരണ ഉണ്ടാകാറുള്ള രോഗങ്ങളെക്കുറിച്ചും, പ്രതിവിധികളെക്കുറിച്ചും കർഷകരെ ബോധവാന്മാരാക്കാനുള്ള ഒരു സംവിധാനം ഉണ്ടാക്കണം. കാലിത്തീറ്റയുടെ ലഭ്യത മൃഗസംരക്ഷണരംഗത്തെ മറ്റൊരു പ്രശ്നമാണ്. പുല്ലുകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ചുരുക്കം ചിലരെ നമ്മുടെ പഞ്ചായത്തിലുള്ളു. കൂടുതൽ ആളുകളെ ഈ രംഗത്തേക്ക് കൊണ്ടുവരാൻ നമുക്കു കഴിയണം. വെറുതെ കിടക്കുന്ന പൊതുസ്ഥലങ്ങളിൽ പുല്ലുകൃഷിയും, ആടുമാടുകൾ ഭക്ഷിക്കുന്ന ഇതര സസ്യകൃഷിയും നടത്തുവാനുള്ള ഒരു കൂട്ടായ യത്നം ഉണ്ടായേ തീരൂ. ന്യായവിലയ്ക്ക് കാലിതീറ്റ ലഭ്യമാക്കാനായി സഹകരണാടിസ്ഥാനത്തിലുള്ള ഒരു മുന്നേറ്റം കർഷകർക്ക് വളരെയേറെ പ്രയോജനം ചെയ്യും. ഈ പ്രദേശത്ത് ലഭ്യമായ അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് ഒരു കാലിത്തീറ്റ നിർമ്മാണ വ്യവസായം ആരംഭിക്കുന്നത് വികസനത്തെ ത്വരിതപ്പെടുത്തും.

കാറ്റ്, വെയിൽ, മഴ എന്നിവയിൽ നിന്നും മൃഗങ്ങൾക്കു സംരക്ഷണം നല്കുന്ന തരത്തിലുള്ള ചിലവുകുറഞ്ഞ കാറ്റിൽ ഷെഡുകളുടെ നിർമ്മാണം ഈ രംഗത്തെ

മറ്റൊരു പ്രശ്നമാണ്. ഷെഡ്ഡുകൾ നിർമ്മിക്കാനുള്ള വിദഗ്ധോപദേശവും, സാമ്പത്തിക സഹായവും സർക്കാർ തലത്തിൽ നിന്നും ഉണ്ടാകണം.

ഒന്നോ, അതിലേറെയോ പാൽ സൊസൈറ്റികൾ സ്ഥാപിച്ചുകൊണ്ട്, വിപണന രംഗത്തെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സാധിക്കും. എട്ടാം വാർഡിലെ മിൽമ യൂണിറ്റും മറ്റും നല്കുന്ന സേവനം തൃപ്തികരമല്ല എന്നു കേൾക്കുന്നു. റീഡിങ്ങ് ടെസ്റ്റ് നടത്തുന്ന സമയവും രീതിയും തദ്ദേശ വാസികളുടെ താല്പര്യങ്ങൾ അനുസരിച്ചല്ല എന്നും പറയപ്പെടുന്നു. ചിറ്റേത്തുകരയിലേതുപോലെ നിലംപതിഞ്ഞമുകൾ, കുഴിക്കാട്ടു മൂല, കൊല്ലംകുടി മുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ സ്ഥാപിക്കുന്നത് ആ പ്രദേശങ്ങളിലെ ക്ഷീരോല്പാദകരെ വളരെയേറെ സഹായിക്കും,

ഗോബർ ഗ്യാസ് പ്ലാൻറുകളെക്കുറിച്ച് വ്യാപകമായ പ്രചാരണം ആവശ്യമാണ്. കാരണം വളരെ കുറച്ചു പേർ മാത്രമേ ഈ രംഗത്തേയ്ക്ക് കാലെടുത്തുവയ്ക്കാൻ ധൈര്യപ്പെട്ടിട്ടുള്ളു. ഊർജ്ജോല്പാദനത്തിലും, ജൈവവള നിർമ്മാണത്തിനും പുറമെ മലിനീകരണം ഒഴിവാക്കാനും അവ നമ്മെ സഹായിക്കുന്നു.

ഇറച്ചിക്കോഴികൃഷി സാമാന്യം ലാഭകരമായി നടത്തുന്ന കുറെയേറെ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കോഴിത്തീറ്റയുടെ വില വർദ്ധനയും, കുഞ്ഞുങ്ങളെ കിട്ടുവാനുള്ള ബുദ്ധിമുട്ടും, കോഴി രോഗങ്ങളും ഇവരെ ബുദ്ധിമുട്ടിക്കുന്നു. സംഘടിതാടിസ്ഥാനത്തിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയണം. പഞ്ചായത്തിലെ വിപുലമായ ആവശ്യം കണക്കിലെടുത്തുകൊണ്ട് ധാരാളം പുതിയ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

നാടൻ കോഴി വളർത്തൽ നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴും വ്യാപകമാണ് എങ്കിലും കഴിഞ്ഞ മൂന്നുനാലു വർഷങ്ങളായി നാടൻ കോഴിവളർത്തൽ കുറഞ്ഞു വരികയാണ്. രോഗങ്ങൾ കാരണം ആയിരക്കണക്കിന് കോഴികൾ ചത്തുപോകുന്നതാണ് പ്രധാനപ്രശ്നം. രോഗപ്രതിരോധ കുത്തിവെയ്പും ഔഷധങ്ങളുടെ ലബ്ധിയും വേണ്ടത്ര ഇല്ല. വഴിയോരങ്ങളിൽ വില്പനക്കെത്തുന്ന അന്യനാട്ടിൽ നിന്നും കൊണ്ടുവരുന്ന പ്രതിരോധകുത്തിവെയ്പിന് വിധേയമാക്കാത്ത കോഴിക്കുഞ്ഞുങ്ങൾ ആണ് രോഗം പരത്തുന്നത് എന്നു പറയപ്പെടുന്നു. ഇത് തടയുകയും, നല്ലതരം കോഴിക്കുഞ്ഞുങ്ങളെ കർഷകർക്കു വിതരണം ചെയ്യുകയും വേണം.

അറവു ശാലകളും, ഇറച്ചിക്കടകളും മൃഗസംരക്ഷണ മേഖലയുമായി അഭേദ്യം ബന്ധപ്പെട്ടവയാണ്. റോഡുവക്കിൽ, മാംസകച്ചവടം നടത്തുന്നത് തികച്ചും അനാരോഗ്യകരമാണ്. സുരക്ഷിതമായ അറവുശാലകളും മാർക്കറ്റുകളും ഉണ്ടായേതീരൂ. അറവുശാലകളിൽ നിന്നുമുള്ള അവശിഷ്ടങ്ങൾ തോടുകളിലും, കുളങ്ങളിലും നിക്ഷേപിക്കുന്നത് അതിരൂക്ഷമായ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഈ അവശിഷ്ടങ്ങൾ ഉപയോഗിച്ചുകൊണ്ട് ഉപ ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള ഒരു പദ്ധതി ഈ പ്രശ്നം പരിഹരിക്കുന്നതോടൊപ്പം ഏതാനും ആളുകൾക്ക് തൊഴിൽ നല്കുക കൂടി ചെയ്യും.

ചെറിയ തോതിൽ താറാവുകൃഷി നടത്തുന്ന ഇരുന്നൂറിലേറെ ആളുകളുണ്ട് നമ്മുടെ പഞ്ചായത്തിൽ വൻ തോതിൽ കൃഷി നടത്തുന്നവർ പത്തിൽ താഴെ മാത്രം. ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന രോഗബാധയാണ് ഈ രംഗത്തെ പ്രധാന പ്രശ്നം. തീറ്റ സാധനങ്ങളുടെ വിലക്കയറ്റവും, തീറ്റാനുള്ള സ്ഥലദൗർലഭ്യവും ഇവരെ വിഷമിപ്പിക്കുന്നു. സഹകരണാടിസ്ഥാത്തിലുള്ള ഒരു മുന്നേറ്റം ഈ രംഗത്തെ പ്രശ്നങ്ങൾക്കു കുറെയൊക്കെ പരിഹാരമാവും.

ആടുവളർത്തലിൽ ഏർപ്പെട്ടിട്ടുള്ള അനേകം കുടുംബങ്ങൾ നമ്മുടെ നാട്ടിലുണ്ട്. പാലുകുറഞ്ഞ നാടൻ ഇനങ്ങൾ ആണ് കൂടുതൽ. ആട്ടിറച്ചിയുടെ കുതിച്ചുയരുന്നആവശ്യം നിറവേറ്റുന്നതിനായി ഇളം പ്രായത്തിലുള്ള ആടുകൾ പോലും കാശാപ്പുശാലകളിലേക്ക് കൊണ്ടു പോകപ്പെടുന്നു. നല്ലയിനം ആടുകളെ വിതരണം ചെയ്യുകയാണെങ്കിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനാവും. വളരെക്കുറച്ച് ബുദ്ധിമുട്ടു മാത്രമുള്ള ഈ രംഗത്തേക്ക് വീട്ടമ്മമാരെ ആകർഷിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകണം.

നല്ലയിനം പട്ടികളെ വളർത്തുന്നത് ഒരു ഹോബിയായി സ്വീകരിച്ചിട്ടുള്ളവർ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. എന്നാൽ നാടൻ പട്ടികളെ വളർത്തുന്നവർ അവയെ കെട്ടിയിടാനോ, വാക്സിനേഷൻ എടുക്കാനോ ശ്രദ്ധിക്കാറില്ല. അലഞ്ഞു നടക്കുന്ന തെണ്ടിപ്പട്ടി

കൾ പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലുമുണ്ട്. അവയെ നശിപ്പിക്കാനോ, വാക്സിനേഷൻ എടുപ്പിക്കാനോ ഉള്ള സംഘടിതമായ ശ്രമങ്ങൾ ഒന്നും ഇനിയും നടന്നിട്ടില്ല. പേപ്പട്ടി വിഷബാധ മനുഷ്യർക്കും, വളർത്തു മൃഗങ്ങൾക്കും ഒരു ഭീഷണിയായിത്തീർന്നിരിക്കുന്നു.

## വികസന സാദ്ധ്യതകൾ

1. വീട്ടുമുറ്റത്തെ കോഴിവളർത്തൽ: താല്പര്യമുള്ള, കുറഞ്ഞവരുമാനമുള്ള കുടുംബങ്ങളെ ചേർത്ത് ഒരു യൂണിറ്റ് സ്ഥാപിക്കുക. 45 ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ സർക്കാർ ഫാമുകളിൽ നിന്നും വാങ്ങി വിതരണം ചെയ്യുക. അടുക്കളയിലെ ആഹാരാവശിഷ്ടങ്ങൾ നല്കി വളരെ ലാഭകരമായി അവയെ വളർത്താൻ കഴിയും. മുട്ടക്കോഴികളെ ഇരുമ്പുവലകൊണ്ടുള്ള കൂടുകളിൽ വളർത്തുന്ന രീതി പത്തും പതിനഞ്ചും സെൻറ് ഭൂമി മാത്രം ഉള്ളവർക്ക് അവലംബിക്കാവുന്നതാണ്.

2. ഇറച്ചിക്കോഴി വളർത്തൽ: നമ്മുടെ പഞ്ചായത്തിൽ വളരെയേറെ സാദ്ധ്യതകളുള്ള ഒരു രംഗമാണ് ഇറച്ചിക്കോഴി വളർത്തൽ വനിതകൾ, ഹരിജനങ്ങൾ തുടങ്ങിയവരുടെ പ്രത്യേകം പ്രത്യേകം യൂണിറ്റുകൾ ഉണ്ടാക്കി, വിവിധ ഏജൻസികളുടെ സഹായത്തോടെ വിജയകരമായി നടത്താൻ പറ്റിയ ഒരു സംരംഭമാണിത്. ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ യഥാസമയം യൂണിറ്റുകൾക്ക് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.

3. കാടക്കോഴി വളർത്തൽ: പോഷകമൂല്യവും, ഔഷധഗുണവുമടങ്ങിയ കാടയിറച്ചിയും, കാടമുട്ടയും വിപണരംഗത്ത് വിപ്ലവങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ചെറുതോതിലും, വൻതോതിലും കാടകൃഷി നടത്തുന്നത് വളരെ ആദായകരമാണ്. പഞ്ചായത്തു തലത്തിൽ ഇതിനുള്ള നേതൃത്വവും നിയന്ത്രണവും; പ്രോത്സാഹനവും നല്കാവുന്നതാണ്

4. മുയൽ വളർത്തൽ: മാംസത്തിനും, തുകലിനും ഉപയോഗിക്കുന്ന മുയൽകൃഷി വീട്ടമ്മമാർക്ക് എളുപ്പത്തിൽ ലാഭകരമായി നടത്തുവാൻ സാധിക്കും.

5. ആടുവളർത്തൽ: പഞ്ചായത്തിലെ തിരെഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് സങ്കരയിനത്തിൽപ്പെട്ട പെണ്ണാടുകളെ നല്കികൊണ്ട് ആടുകൃഷി വികസിപ്പിക്കുവാൻ സാധിക്കും. 8 മാസം പ്രായമുള്ള 2 പെണ്ണാടുകളെ വളർത്തുന്ന ഒരാൾക്ക് രണ്ടുവർഷം കഴിയുമ്പോൾ നാലായിരം രൂപയോളം ലാഭം കിട്ടും എന്നാണ് ഔദ്യോഗികകണക്ക്.

6. പശുവളർത്തൽ: ഒരു ഉപതൊഴിൽ എന്ന നിലയിൽ പശുവളർത്തുന്നത് കുടുംബവരുമാനം ഗണ്യമായ രീതിയിൽ വർദ്ധിപ്പിക്കാൻ സഹായിക്കും.

7. ചെറുകിടകാലിത്തീറ്റ നിർമ്മാണയൂണിറ്റ്: മൃഗസംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന എല്ലാവർക്കും ആസ്വാസപ്രദമായിരിക്കും കാലിത്തീറ്റ നിർമ്മാണത്തിനായി സഹകരണ മേഖലയിൽ ഒരു യൂണിറ്റ് സ്ഥാപിക്കുന്നത്.

8. പേ വിഷ നിയന്ത്രണത്തിനായി പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ജനകീയ ശ്രമം ഉണ്ടാകേണ്ടത് ആവശ്യമാണ്.

## മത്സ്യബന്ധനം

പഞ്ചായത്തിലെ വിവിധ തോടുകൾ, പുഴകൾ എന്നിവയിൽ നിന്നും മത്സ്യം പിടിക്കുക എന്നതിലുപരിയായി എടുത്തു പറയത്തക്ക ചലനങ്ങളൊന്നും മത്സ്യബന്ധനരംഗത്തം ഇതേവരെ ഉണ്ടായിട്ടില്ല. ബ്രാല്, കറുപ്പ്, പരവ, മുഴി, കാരി തുടങ്ങിയ ശുദ്ധജല മത്സ്യങ്ങളെ പിടിച്ചെടുത്ത് സമീപപ്രദേശങ്ങളിൽ വിറ്റഴിക്കുന്ന ജോലിയിൽ വ്യാപൃതരായ കുറച്ചുപേർ നമ്മുടെ പഞ്ചായത്തിലുണ്ട്. അനുകൂല സാഹചര്യം ഉണ്ടായിരുന്നിട്ടും ശുദ്ധജലംമത്സ്യം കൃഷിചെയ്യാനുള്ള ഒരു സംരംഭവും ഇതേവരെ ഇവിടെ ഉണ്ടായിട്ടില്ല. കടൽ മത്സ്യ വിപണന രംഗത്ത് പ്രവർത്തിക്കുന്ന അഞ്ഞൂറിലേറെ ആളുകൾ ഉണ്ട്.

## പ്രശ്നങ്ങൾ

മത്സ്യത്തൊഴിലാളികളുടെ പ്രധാനപ്രശ്നം മത്സ്യത്തിൻെറ ലഭ്യതയിലുണ്ടായിട്ടുള്ള കുറവാണ്. അവർക്ക് ലഭിച്ചുകൊണ്ടിരുന്ന പല അനുകൂല്യങ്ങളും നിർത്തലാക്കപ്പെടുന്നതും, ഉള്ളവ സമയത്ത് ലഭിക്കാത്തതും അവരെ വിഷമിപ്പിക്കുന്നു. മത്സ്യബന്ധനത്തിനുവേണ്ട വല, വഞ്ചി തുടങ്ങിയവ വാങ്ങാനാവശ്യമായ പണം മുടക്കാനില്ലാത്തതും അവർക്ക് പ്രശ്നമാണ്. സർക്കാരിൽ നിന്നും അല്പം കൂടി മയമു

ള്ള ഒരു സമീപനം ഉണ്ടായാലേ മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു.

## വികസന സാദ്ധ്യതകൾ

1. എട്ട് ഏക്കറോളം വരുന്ന പഴങ്ങക്കട്ടുചാൽ സർക്കാർ അധീനതയിലുള്ള സ്ഥലമാണ്. മത്സ്യകൃഷിക്ക് ഏറ്റം അനുയോജ്യമായ ഈ സ്ഥലം വർഷതോറും ലേലംവിളിച്ച് മത്സ്യകൃഷിക്കായി നല്കുകയാണെങ്കിൽ മത്സ്യബന്ധനരംഗത്ത് ഒരു കുതിച്ചു ചാട്ടത്തിന് ഇടയാക്കും.2. പഞ്ചായത്തിലെ കുളങ്ങളിലും, തോടുകളിലും മത്സ്യകൃഷി ആരംഭിക്കുവാനുള്ള ശ്രമങ്ങൾ ഉടനുണ്ടാകണം. 3. എച്ച്.എം.ടി. കമ്പനി, വ്യാപാര മേഖല, എൻ.പി.ഒ.എൽ, തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും ഒഴുക്കിവിടുന്ന മലിനജലം മത്സ്യങ്ങളെ കൊന്നൊടുക്കുന്നു. ഇത് പരിഹരിക്കാനുള്ള അടിയന്തിര നടപടികൾ ഉണ്ടാവണം. 4. ശുദ്ധജല മത്സ്യകൃഷിയുടെ സാദ്ധ്യതകളെയും, പ്രശ്നങ്ങളെയും പറ്റി പഠിക്കാനായി ഒരു കമ്മറ്റിയെ നിയോഗിക്കുകയും, പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങൾക്കനുസരണം പുതിയ പദ്ധതികൾ ആവിഷ്കരിക്കയും വേണം.

# വ്യവസായം

# വ്യവസായം

കാർഷിക വൃത്തിക്ക് പരമപ്രാധാന്യം നല്കിയിരുന്ന തൃക്കാക്കര പഞ്ചായത്തിൽ വ്യാവസായിക പ്രവർത്തനങ്ങൾ അല്പമെങ്കിലും ആരംഭിച്ചത് ആയിരത്തിത്തൊള്ളായിരത്തി നാല്പതിനു ശേഷമാണ്. കരിങ്കൽ, ചെങ്കൽ, മേഖലകളിൽ ഉണ്ടായ ചെറുചലനങ്ങൾ കൊച്ചി നഗരത്തിന്റെ വളർച്ച ധ്രുതഗതിയിലായതോടെ അഭിവൃദ്ധിപ്പെടുകയും അനേകം സ്ത്രീ പുരുഷന്മാർക്ക് ജോലി നല്കുന്ന മേഖലകളായി വികസിക്കുകയും ചെയ്തു. മൺപാത്ര നിർമ്മാണം, കൊട്ട, പായ, പനമ്പ്, എന്നിവ നെയ്ത്തൽ, കൊപ്ര വ്യവസായം, നെല്ലുകുത്തി അരിയാക്കൽ, പപ്പട നിർമ്മാണം തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ ആദ്യകാലം മുതൽത്തന്നെ തൃക്കാക്കരയിൽ വേരുറപ്പിക്കുകയും വളരെയേറെ ആളുകളുടെ ഉപജീവനമാർഗ്ഗമാവുകയും ചെയ്തിരുന്നു. എന്നാൽ വൻകിടവ്യവസായങ്ങളുടെ ആവിർഭാവത്തോടുകൂടി ഈ മേഖലകളിൽ നിന്നുമുള്ള സാമ്പത്തിക ലാഭം പരിമിതമായതോടെ പലരും ഈ രംഗത്തുനിന്നും പിൻവാങ്ങുകയും ഈ മേഖലകളുടെ പ്രസക്തി ഗണ്യമായി കുറയുകയും ചെയ്തു.

തൃക്കാക്കര നിവാസികളിൽ ഇരുപതു ശതമാനത്തോളം ആളുകൾ കൊച്ചി നഗരത്തിലും, വ്യാവസായിക നഗരങ്ങളായ ആലുവാ, കളമശ്ശേരി എന്നീ സ്ഥലങ്ങളിലുമുള്ള വിവിധ വ്യവസായ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരാണ്. എന്നിട്ടും വ്യവസായ മണ്ഡലത്തിൽ വളരെ ചെറിയ ഒരു സ്ഥാനം അലങ്കരിക്കുവാനേ തൃക്കാക്കരയ്ക്ക് കഴിഞ്ഞിട്ടുള്ളു. ഒരു വൻകിട വ്യവസായ സംരംഭം പോലും ഇവിടെയില്ല.

പാട്ടുപുരയ്ക്കൽ ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിൽ ആരംഭിച്ച തുകൽ ഉറയ്ക്കിടുന്ന വ്യവസായവും, കേരളാ റബ്ബർ റീ ക്ലൈമ്സുമാണ് തൃക്കാക്കരയിലെ ആദ്യവ്യവസായ സംരംഭങ്ങൾ. തുടർന്ന പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ധാരാളം ചെറുകിട വ്യവസായങ്ങൾ ഉടലെടുത്തു.അഞ്ഞൂറോളം സ്ത്രീ പുരുഷന്മാർക്ക് ജോലി നല്കുന്ന പൊതു മേഖലയിലുള്ള കേരള ബുക്ക്സ് ആൻഡ് പബ്ളിക്കേഷൻ സൊസൈറ്റി 1978-ൽ ആരംഭിച്ചത് ഈ പഞ്ചായത്തിന്റെ വ്യവസായിക ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. 1982ൽ സ്ഥാപിതമായ വ്യാപാരമേഖല (Export Processing Zone) മറ്റൊരു എടുത്തു പറയത്തക്ക നേട്ടമാണ് 1996 ൽ ഉൽഘാടനം ചെയ്യപ്പെട്ട വ്യവസായ പാർക്ക് തൃക്കാക്കരയുടെ വ്യവസായിക സ്വപ്നങ്ങളെ പൂവണിയിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.

# LIST OF FACTORIES IN THRIKKAKARA GRAMA PANCHAYAT

| Sl. No. | Reg. No. | Name & Address of Factory | Mfg. Process | Max. No. of Workers, Licence Strength |
|---|---|---|---|---|
| 1. | EKM/03 176/88 | Shevery Estate Ltd., CEPZ Kakkanad, Plot No. 10 & 11 | Plants by Using Tissue Culture | 200 |
| 2. | 181/88 | Chelur Satellite Communications Systems Ltd., CEPZ, Plot No. 8) | Integrated Receiver Dosoramble TVs. | 46 |
| 3. | 182/89 | Hindustan Engg. Company (sales) Vazhakkala, CHN - 30 | Repair of Automobiles | 100 |
| 4. | 183/99 | Asma Rubber Products (P) Ltd, CEPZ, Kakkanad Plot. 39. | Exploring of latex gloves | 95 |
| 5. | 185/89 | Chelur Engg. Industries (P) Ltd., Kusumagiri.P.O., Kakkanad | Pannels & Acessories | 16 |
| 6. | 187/89 | AVT Rubber Products Ltd, CEPZ Kakkanad Plot. No. 1 | Latex Examination gloves | 200 |
| 7. | 193/89 | M/s. Stariltx (india) Ltd, CEPZ, Kakkanad | Latex Disposable Examination gloves | 200 |
| 8. | 195/89 | Veera treat wood Ltd., CePZ,Kakkanad | Export of Chemical impringnated Rubber wood moulding component | 250 |
| 9. | 204/89 | Dantix/Rubber (P) Ltd, CEPZ Plot No. 39A, Kakkanad | N.R. Based Examination gloves | 100 |
| 10. | 206/90 | Nikasu Pack (P) Ltd, CEPZ Kakkanad | Feeding Bottle | 50 |
| 11. | 212/90 | AARK SyntheticsLtd, CEPZ Kakkanad Plot No. 4 | Plastic catening disposable and food packing | 75 |
| 12. | 218/90 | Universal gloves (P)Ltd, CEPZ Plot No. 15 | Latex gloves | 250 |
| 13. | 223/90 | Trend setters Instyle (India) Ltd, CEPZ Kakkanad | Garments making | 500 |
| 14. | 224/91 | Taba Gloves (P) Ltd, CEPZ Kakkanad Plot No. 19 | Rubber examination gloves | 100 |
| 15. | 226/91 | Ploy fire products Ltd. CEPZ | Production of padding material of garments | 50 |

| | | | | |
|---|---|---|---|---|
| 16. | 227/91 | M/s. Janco Polyerms (P) Ltd. CEPZ | Latex examination disposable gloves | 100 |
| 17. | 228/91 | Sun Fibre optics (P) Ltd, CEPZ plot No. 37 | Paroine Token ring connector | 150 |
| 18. | 229/91 | M/s. Project Garments (P) Ltd., CEPZ Kakkanad | Ready made garments | 80 |
| 19. | 231/91 | D.V. Deo CEPZ, plot No. 3 | Perfumying compunds | 35 |
| 20. | 236/92 | Cochin Spices Ltd., CEPZ | Cleaning Grinding Washing drying & packing of Papper | 50 |
| 21. | 239/92 | AMP Tools (India) Pvt Ltd, CEPZ Kakkanad Plot No. 44 | Processing of Tolls die components | 150 |
| 22 | 211/92 | Navel Physical & Oceano graphic Laboratory B.M.C. P.O. | Proto type & Modification of equipment require to conuct trials and project work connected Defence Research & Development. | 200 |
| 23. | 244/92 | Covema Filaments Ltd, Plot No. 14 CEPZ Kakkanad | Nylon Yarn | 98 |
| 24. | 249/93 | Mode Creazone India Ltd., Unit II Plot No. 41. CEPZ | Readymade Garments | 225 |
| 25. | 252/93 | General Engg. Industries, Athani Kakkanad | Nuts, bolts, Etc | 50 |
| 26. | 266/94 | Abad Exim Private Limited, CEPZ Kakkanad Plot No. 32 & 33 B. | Frozen Sea foods | 100 |
| 27. | 274/94 | Tata Ceramics Ltd., CEPZ Plot No. 26, 29 | Various size of bone chinatable ware | 450 |
| 28. | 276/94 | Over Seas Latex (P) Ltd., Plot No. 5 CEPZ Kakkanad. | Latex Examination gloves | 150 |
| 29. | 277/94 | Mode Creazac India Ltd., Plot No. 16 A CEPZ | Ready made Garments | 1000 |
| 30. | 278/94 | Trend Designe Ltd., Unit. ICEPZ. Plot No. II Floor | Ready made Garments | 1000 |
| 30. | 279/94 | Intimate apparels (P) Ltd., Plot No. 16 A III Floor CEPZ | Ready made Garments | 570 |
| 31. | 280/94 | Make Games or Musical equipments (P) Ltd, CEPZ Plot No. 12B | bos for playing stringed instruments | 22 |
| 32. | 281/94 | India Cassettes (P) Ltd, CEPZ. Plot No. 16 A | Video & Audio Cassettes | 48 |
| 33. | 287/95 | The Devi Colam Distilleries Ltd, Paracka Mugal Kusumagiri, Kakkanad. | Indian made foreign liquers and whisky | 120 |
| 34. | 292/96 | Cry sind Electronics (P) Ltd, | Assembling of PCB. Mini controls oven, Filter case and covers | 50 |

| | | | | |
|---|---|---|---|---|
| 35. | 293/96 | Nort Pak Fibre optics (P) Ltd, plot No. 2 CEPZ | Assembling Fibre optics products opticals switches and mult plexer and couplers. | 50 |
| 36. | 133/88 | Kerala rubber and Reclaims | Rubber Reclaim | 100 |
| 37. | 172/88 | Bimbino Garments CEZ, Kakkanad | Readymade Garments | 200 |
| 38. | 273/91 | House of cartons (India) Pvt. Ltd., Satellite Town Ship Road, Kakkanad | Cartons | 45 |
| 1. | 03/16/83 | B.H.M. Saw Mill Thrikkakara | Timber sawing | 9 |
| 2. | 88/88 | Brothers Timber Works Vazhakkala | | 9 |
| 3. | 331/88 | M.R.Steel Industries, Thrikkara | M.S. Wire drawing wire dies | 9 |
| 4. | 335/88 | Thrikkakara engg. Industries CHN - 24 | Pression Job | 9 |
| 5. | 476/88 | D.V. deo CEPZ, Kakkanad | perfumes | 9 |
| 6. | 506/88 | M/s. In techs. Mgg. (P) Ltd, Market Road, Edapally, Near edapally Bridge | Automobiles construction equipment Repair | 9 |
| 7. | 512/88 | Kurian's Ink & Chemicals (P) Ltd, Vazhakkala. | Printing Ink | 9 |
| 8. | 712/91 | Kakknad Engg. Works. D. No. 9/160, Kusumagiri | Structural & Fabrication Works. | 9 |
| 9. | 786/92 | Corromandal Condiments Ltd, Edachira | Spice Powder & Curry powders | 9 |
| 10. | 791/92 | Duplex Offset printers, Edappally | Printing | 9 |
| 11. | 808/93 | Gree tech Engg. Company Kunnampuram | Panel board switch board & fabrication | 9 |
| 12. | 845/94 | Closteel Industrial Chembumukku B.M.C. | Fabrication & Gel. Engg. | 9 |
| 13. | 920/95 | Suvarna Industries IV/566 Edappally, Thrikkakara | Automobile servicing | 9 |
| 11. | 939/96 | Deeta Engineering Workers Kuzhikattumulla | Steel Fabrication | 9 |
| 15. | 980/96 | Krishna Motors D.No. 7/752 New Police station Road, Kakkanad | Repair & Servicing | 9 |

പട്ടിക-1

| | | | 1993 - 94 | | SSI Units : Industry - Wise Classification | | | | |
|---|---|---|---|---|---|---|---|---|---|
| Agrobased | Forest | Animal | Textiles | Engineering | Electricals | Building | Chemicals | Others | Total |
| 22 | 17 | 8 | 17 | 11 | 5 | 9 | 13 | 10 | 112 |

പട്ടിക-2

1993 - 94 SSI Units - MM - Industry

| SC | Women | Others | Total |
|---|---|---|---|
| 2 | 13 | 35 | 50 |

## വ്യവസായ സ്ഥാപനങ്ങൾ

1992-ലെ കണക്കനുസരിച്ച് ഫാക്ടറികളായി രജിസ്റ്റർ ചെയ്യപ്പെട്ട ആറ് വൻകിട സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നെങ്കിലും അതിൽ മൂന്നെണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. അഞ്ഞൂറോളം ജീവനക്കാരുള്ള കേരളാ ബുക്സ് ആൻറ് പബ്ലിക്കേഷൻ സൊസൈറ്റിയാണ് ഇതിൽ ഒരെണ്ണം. മുപ്പതു പേർക്ക് തൊഴിൽ നൽകുന്ന അലൈഡ് റിഫ്രാക്ടറീസ്, അൻപതു ജോലിക്കാരുള്ള കേരളാ റബ്ബർ ആൻഡ് റിക്ലൈംസ് എന്നിവയാണ് ഇതര സ്ഥാപനങ്ങൾ. ഈ മൂന്നു സ്ഥാപനങ്ങളും കൂടി 1600 എച്ച്.പി. വൈദ്യുതിയോളം ഉപയോഗിക്കുന്നു.

## എഞ്ചിനീയറിംഗ് വ്യവസായം

തൃക്കാക്കര പഞ്ചായത്തിലെ പ്രധാന വ്യവസായമായ എഞ്ചിനീയറിങ്ങ് മേഖലയിൽ അമ്പതിലേറെ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. നാനൂറ്റി അമ്പതോളം പുരുഷന്മാർ ജോലിചെയ്യുന്ന ഈ രംഗത്ത് സ്ത്രീകൾ ആരും തന്നെ ഇല്ല. ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട ഫാബ്രിക്കേഷൻ ജോലികളാണ് ഇവ പ്രധാനമായും നിർവ്വഹിക്കുന്നത്. ഇരുനൂറിലേറെ ജീവക്കാരുള്ള അത്താണിയിലെ ജനറൽ എഞ്ചിനീയറിങ്ങ് കമ്പനി ഇലക്ട്രിസിറ്റി ബോർഡിൻെറയും, പി ആൻഡ് ടി-യുടെയും ജോലികൾ ഏറ്റെടുത്തു നടത്തുന്നു. സ്റ്റീൽ ഫർണീച്ചറും, മെറ്റൽഷീറ്റും ഉണ്ടാക്കുന്ന സ്ഥാപനങ്ങളും ഉണ്ട്.

എഞ്ചിനീയറിങ്ങ് വ്യവസായ രംഗത്തെ ഏറ്റവും വലിയ പ്രശ്നം വിദഗ്ദ്ധജോലിക്കാരെ കിട്ടാനുള്ള ബുദ്ധിമുട്ടാണ്. ജോലിയിൽ വേണ്ടത്ര വൈദഗ്ദ്ധ്യം ലഭിച്ചു കഴിഞ്ഞാലുടൻ കൂടുതൽ വേതനം ലഭിക്കുന്ന ഭവന നിർമ്മാണരംഗത്തേയ്ക്കും, മറ്റു വൻകിട സ്ഥാപനങ്ങളിലേക്കും ഇക്കൂട്ടർ ചേക്കേറുന്നതുമൂലം വ്യവസായ സംരംഭകർ ബുദ്ധിമുട്ടുന്നു. ഐ.ടി.ഐകളിൽനിന്നും മറ്റും പാസ്സായിവരുന്ന യുവജനങ്ങൾക്ക് ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള നൈപുണ്യമോ വൈദഗ്ദ്ധ്യമോ ഇല്ലാത്തതും വൻകിട സ്ഥാപനങ്ങൾ നൽകുന്നതിനു തുല്യമായ വേതനം നൽകാനുള്ള സാമ്പത്തിക ബുദ്ധമുട്ടും വ്യവസായ രംഗത്തെ പ്രതിസന്ധികളാണ്. വൈദ്യുതിയുടെ ലഭ്യതയിൽ ഉള്ള കുറവ് വ്യവസായ വികസനത്തെ മുരടിപ്പിക്കുന്നു. അസംസ്കൃത വസ്തുക്കൾ പ്രത്യേകിച്ചും മെറ്റൽഷീറ്റ് ന്യായമായ വിലയ്ക്ക് ലഭിക്കുവാനുള്ള ബുദ്ധിമുട്ട് ഈ വ്യവസായത്തിന് ഒരു ഭീഷണിയാണ്. സിഡ്കോയിൽ നിന്ന് ന്യായവിലയ്ക്ക് ഷീറ്റ് നൽകിയിരുന്ന കാലഘട്ടത്തിൽ പോലും വൻകിടക്കാർ വളഞ്ഞ മാർഗ്ഗങ്ങളിലൂടെ അവ കൈയ്ക്കലാക്കുകയും ഉയർന്നവിലയ്ക്ക് വെളിയിൽനിന്നും വാങ്ങാൻ ചെറുകിടക്കാർ നിർബന്ധിതരാകുകയും ചെയ്തിരുന്നു. ഇന്നത്തെ സ്ഥിതി കൂടുതൽ ദയനീയമാണ്. ചെറുകിട വ്യവസായങ്ങൾക്ക് ന്യായമായ വിലയ്ക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനുള്ള ഒരു സംവിധാനം ഉണ്ടായേ പറ്റൂ.

വിപണനമാണ് എഞ്ചിനീയറിങ്ങ് വ്യാവസായികൾ നേരിടുന്ന മറ്റൊരു വലിയ വെല്ലുവിളി പരസ്യങ്ങളിലൂടെ ഉൽപാദനവസ്തുക്കളെ ആകർഷകമാക്കാൻ കഴിയുന്ന വൻകിടസ്ഥാപനങ്ങളോടൊപ്പം വിപണിയിൽ പിടച്ചു നിൽക്കാനാവാതെ പലരും പുറം തള്ളപ്പെട്ടു പോകുന്നു. സർക്കാർ സ്ഥാപനങ്ങൾ പോലും ചെറുകിടക്കാരെ ഒഴിവാക്കാൻ ശ്രമിക്കുന്നു. എസ്.എസ്.ഐ. യൂണിറ്റിൽനിന്നും കൊട്ടേഷൻ വച്ചിട്ടുണ്ടെങ്കിൽ 15%

വിലക്കൂടുതൽ ഉണ്ടെങ്കിൽ പോലും അതിന് മുൻഗണന നൽകണമെന്ന് നിയമമുള്ളതുകൊണ്ട്, ചെറുകിടക്കാരെ വിവരം അറിയിക്കാതെ വൻകടക്കാരിൽനിന്നും വാങ്ങുവാനുള്ള പ്രവണത അടുത്തകാലത്ത് കൂടിവരുന്നു. ഇത് ഒഴിവാക്കാനുള്ള അടിയന്തിര ശ്രമം ജില്ലാ വ്യവസായ ഓഫീസിൽ നിന്നും ഉണ്ടാകണം. വിപണന മേഖലയിലെ ആവശ്യങ്ങൾ യഥാസമയം ഉൽപാദന യൂണിറ്റുകളെ അറിയിക്കുവാനും അവ തമ്മിലുള്ള ഇടപാടുകൾക്ക് നേതൃത്വം നൽകാനും ജില്ലാ-താലൂക്ക് വ്യവസായ ഓഫീസർക്ക് കഴിയണം. അതിനുപുറമെ ചെറുകിട വ്യവസായ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ചുള്ള സംശയങ്ങൾ ദുരീകരിക്കുന്നതിനായി ഗുണനിലവാര പരിശോധനാകേന്ദ്രം എല്ലാ താലൂക്കുകളിലും സ്ഥാപിക്കേണ്ടതാണ്. ബാങ്ക് ലോൺ കിട്ടാനുള്ള ബുദ്ധിമുട്ടും വ്യവസായ പുരോഗതിക്ക് തടസ്സം സൃഷ്ടക്കുന്നു. ലീഡ് ബാങ്ക് ഉൾപ്പെടെ എല്ലാ ബാങ്കുകളും വ്യവസായ സംരംഭകരേയും വ്യവസായികളേയും നിരുത്സാഹപ്പെടുത്തുന്നു.

*കെട്ടിട നിർമ്മാണ രംഗത്തെ* അമിതമായ കൂലി വർദ്ധന വിദഗ്ദ്ധ തൊഴിലാളികളെ അങ്ങോട്ട് ആകർഷിക്കുന്നു. പഞ്ചായത്തിലെ നല്ലൊരു ശതമാനം ആളുകൾ ഈ മേഖലയിലാണ് ജോലി ചെയ്യുന്നത്. ജോലിയുടെ താൽക്കാലികത ഈ രംഗത്തു പണിയെടുക്കുന്നവരുടെ ഒരു പ്രധാന പ്രശ്നമാണ്. കോൺട്രാക്ട് വ്യവസ്ഥയിൽ കെട്ടിടം പണി നടത്തുവാൻ തൽപരരായ ജോലിക്കാർക്ക് ധനസഹായം നൽകിക്കൊണ്ട് തൊഴിലാളി സംഘങ്ങളുടെ ഒരു സമുച്ചയം പഞ്ചായത്തിൽ വളർത്തിയെടുക്കാൻ സാധിക്കും.

## വ്യവസായ മേഖല (Export Processing Zone)

കയറ്റുമതിയും വ്യവസായരംഗത്ത് ഒരു കുതിച്ചുചാട്ടവും ലക്ഷ്യമാക്കിക്കൊണ്ടു കേന്ദ്ര സർക്കാർ 1982-ൽ ആരംഭിച്ച വ്യവസായ മേഖലയിൽ ഇപ്പോൾ 38 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. പതിനൊന്നായിരത്തോളം ആളുകൾ ഇവിടെ നേരിട്ട് ഉപജീവിതമാർഗ്ഗം കണ്ടെത്തുന്നു. ഇതിൽ 8500 പേർ വനിതകളാണ് പുതുതായി പത്തു യൂണിറ്റുകൾ പ്രവർത്തനക്ഷമത നേടിക്കൊണ്ടിരിക്കുന്നു. റബ്ബർ ഉൽപന്നങ്ങളുമായി ബന്ധപ്പെട്ട 10 യൂണിറ്റുകളും, ഇലക്ട്രോണിക് സാധനങ്ങൾ നിർമ്മിക്കുന്ന 12 യൂണിറ്റുകളും, വസ്ത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന 7 യൂണിറ്റുകളും, ഭക്ഷണ നിർമ്മാണവുമായി ബന്ധപ്പെട്ട 5 യൂണിറ്റുകളും, പ്ലാസ്റ്റിക്സ്, സെറാമിക്സ്, കമ്പ്യൂട്ടർ തുടങ്ങിയവയുമായി ബന്ധപ്പെട്ട ഏതാനും യൂണിറ്റുകളും ഇവിടെയുണ്ട്.

പട്ടിക - 3

വ്യാപാര മേഖല : യൂണിറ്റുകൾ

| | | |
|---|---|---|
| 1. | റബ്ബർ ഉൽപ്പന്നങ്ങൾ | 10 |
| 2. | ഇലക്ട്രോണിക്ക് | 12 |
| 3. | വസ്ത്രനിർമ്മാണം | 7 |
| 4. | ഭക്ഷ്യസാധനങ്ങൾ | 5 |
| 5. | പ്ലാസ്റ്റിക്സ് | 1 |
| 6. | സെറാമിക്സ് | 1 |
| 7. | ടിഷ്യൂ കൾച്ചർ | 1 |
| 8. | കമ്പ്യൂട്ടർ | 1 |
| | ആകെ | 38 |
| | പുതിയ യൂണിറ്റുകൾ | 10 |

നൂറു ശതമാനം കയറ്റുമതി ലക്ഷ്യമാക്കിക്കൊണ്ട് ആരംഭിച്ച വ്യവസായ മേഖലയിലെ ഉൽപന്നങ്ങളിൽ 20% ഇവിടെത്തന്നെ വിറ്റഴിക്കാനുള്ള അനുവാദം ലഭിച്ചത് വ്യവസായികൾ സ്വാഗതം ചെയ്യുന്നു. സർക്കാർ സംവിധാനത്തിന്റെ "അനങ്ങാപ്പാറ നയം" പലപ്പോഴും വ്യവസായികളെ വീർപ്പുമുട്ടിക്കുന്നു. അസംസ്കൃത വസ്തുക്കൾ ലഭിക്കാനുള്ള പ്രശ്നങ്ങളും, യാത്രാസൗകര്യത്തിന്റെ പരിമിതിയും മേഖലയുടെ പൊതു പ്രശ്നങ്ങളാണ്.

വ്യാപാരമേഖല സൃഷ്ടിക്കുന്ന സാമൂഹിക പ്രശ്നങ്ങൾ തൃക്കാക്കര പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മർമ്മ പ്രധാനമാണ്. വിവധ സ്ഥാപനങ്ങളിൽ നിന്നും പുറത്തേയ്ക്കൊഴുക്കിവിടുന്ന മലിനജലം പരിസ്ഥിതിപ്രശ്നങ്ങൾ സൃഷ്ടിക്കുകയും, കൃഷിയെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. സ്ഥാപനങ്ങൾ പുറംതള്ളുന്ന വെയ്സ്റ്റും ഒരു പ്രശ്നം തന്നെയാണ്. ഇതിലും ഉപരിയാണ് വ്യാപാരമേഖലയിലെ തൊഴിലാളികളുടെ ദയനീയസ്ഥിതിീറിടുത്തെ ഒരു തൊഴിലാളിക്കു ലഭിക്കുന്ന പ്രതിമാസവേതനം 450 രൂപ മുതൽ 750

രൂപ വരെയാണം. തുച്ഛമായ ഈ സംഖ്യകൊണ്ട് ഒരു തൊഴിലാളി കുടുംബത്തിന് ജീവിക്കാനാവുകയില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെ ഇത്തരം ഒരു സംവിധാനം നിലനിർത്തുന്നത് ഒരു ജനാധിപത്യരാജ്യത്തിന് അപമാനകരമാണ്. വനിതാ ജീവനക്കാർക്ക് താമസിക്കാനുള്ള യാതൊരു സൗകര്യവും ഇവിടെയില്ല. വ്യവസായ സ്ഥാപനങ്ങളിൽ തിങ്ങിയരുന്ന്, ശ്വാസംമുട്ടി ജോലി ചെയ്യേണ്ട അവസ്ഥ ഒട്ടും ആശാസ്യമല്ല. ഉയർന്ന താപനിലയിലും, വളരെ താണതാപനിലയലും ജോലി ചെയ്യുമ്പോൾ സ്വീകരിക്കേണ്ട എല്ലാ മുൻകരുതലുകളും അവഗണിക്കപ്പെട്ടിരിക്കുന്നു. വേണ്ടത്ര വിശ്രമ സൗകര്യവും ടോയ്‌ലറ്റ് സൗകര്യവും മറ്റും നൽകാതെ പാവപ്പെട്ട തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് കയറ്റുമതിയുടെ പേരിലാണെങ്കിൽ പോലും ഒരു പരിഷ്കൃത സമൂഹത്തിനു ചേർന്നതല്ല.

വ്യാപാര മേഖലയിൽ നിന്നും പുറം തള്ളപ്പെടുന്ന റബ്ബർ, പ്ലാസ്റ്റിക്ക് വെയ്സ്റ്റ് ഉപയോഗിച്ച് നടത്താവുന്ന അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുകയാമെങ്കിൽ കുറെയേറെ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.

## മെഴുകുതിരി വ്യവസായം

മെഴുകുതിരി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന പതിനൊന്ന് യുണിറ്റുകൾ ആണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. ഈ രംഗത്ത് ജോലിചെയ്യുന്ന നൂറ്റി പതിനഞ്ചോളം വരുന്ന തൊഴിലാളികളിൽ എൺപതു ശതമാനവും സ്ത്രീകളാണ്. ദിവസക്കൂലി വ്യവസ്ഥയിലും ചെയ്തുതീർത്ത ജോലിയുടെ അടിസ്ഥാനത്തിനും ആണ് വേതനം. മെഴുകിന്റെ ലഭ്യത കുറവായതുകൊണ്ട് പുതിയ വ്യവസായങ്ങൾ ഈ രംഗത്തു തുടങ്ങുന്നതിന് 1986 മുതൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള വ്യവസായങ്ങൾ നിലനിർത്താനായി സബ്സിഡൈസ്ഡ് നിരക്കിൽ വിതരണം ചെയ്യുന്ന മെഴുക് ആവശ്യത്തിന്റെ മുപ്പതു ശതമാനം മാത്രമാണ്. വ്യവസായത്തിന്റെ നിലനിൽപിനെ ദോഷകരമായി ബാധിക്കുന്ന ഒരു സ്ഥിതിവിശേഷമാണിത്. വൻകിട യുണിറ്റുകൾ ഉദ്യോഗസ്ഥരെ സ്വാധീനിച്ച് ക്വോട്ട വ്യവസ്ഥിയിൽ തെറ്റായ രീതിയിൽ മാറ്റം വരുത്തുന്നതുമൂലം ചെറുകിട യൂണിറ്റുകൾക്ക് അർഹമായ വിഹിതം കിട്ടാതെ വരുന്നു.

പ്ലാസ്റ്റിക്ക് നൂലുകൊണ്ട് കൊട്ടകൾ, ബാഗുകൾ, കസേരകൾ തുടങ്ങിയവ നിർമ്മിക്കുന്ന വ്യവസായരംഗത്ത് ജോലി ചെയ്യുന്ന ഇരുനൂറ്റിയമ്പതോളം ആളുകളുണ്ട്. തൃക്കാക്കരയിൽ സ്ത്രീകൾ എഴുപതു ശതമാനത്തിലേറെയാണം. ഹരിജനങ്ങൾക്കും, വനിതകൾക്കും സജീവപങ്കാളിത്തം സാദ്ധ്യമായ ഈ രംഗത്ത് ഒട്ടേറെ വികസന സാദ്ധ്യതകളുണ്ട്.

ചൈനാ ക്ലേ ഉപയോഗിച്ചുള്ള ഏക വ്യവസായ യുണിറ്റ് വീണ്ടും പ്രവർത്തനക്ഷമമായിട്ടുണ്ട്. തൃക്കാക്കരയുടെ വിവിധ ഭാഗങ്ങളിൽ ക്ലേ കണ്ടെത്താൻ സാധിക്കുമെന്ന പ്രതീക്ഷ പലർക്കുമുണ്ട്. അങ്ങിനെ ക്ലേ കണ്ടെത്തുകയാണെങ്കിൽ ഈ വ്യവസായത്തന് വൻ വികസന സാദ്ധ്യതകൾ ഉണ്ട്.

*രണ്ട് ഔഷധനിർമ്മാണ (ഫാർമസ്യൂട്ടിക്കൽസ്)* സംരംഭങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. ആറു പുരുഷന്മാരും 5 സ്ത്രീകളും ഉപജീവനം കണ്ടെത്തുന്ന ഈ സ്ഥാപനങ്ങളുടെ പ്രധാന പ്രശ്നങ്ങൾ അസംസ്കൃത വസ്തുക്കൾ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരേണ്ടിവന്നതും, ടെക്നിക്കൽ ജോലിക്കാർ പരിചയസമ്പന്നരായിക്കഴിയുമ്പോൾ ഉയർന്ന ശമ്പളം തേടി ഗൾഫിലേയ്ക്കോ, വൻകട സ്ഥാപനങ്ങളിലേയ്ക്കോ പോകുന്നതുമാണ്.

*റെഡിമെയ്ഡ് തുണി ഉൽപന്നങ്ങൾ* നിർമ്മിക്കുന്ന ഇരുപതിലേറെ യൂണിറ്റുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പ്രത്യക്ഷമായി ഇരുന്നൂറിലേറെ ആളുകൾക്ക് ജോലി ലഭിക്കുന്ന ഈ മേഖലയിലെ പ്രധാനപ്രശ്നം വിപണ സൗകര്യങ്ങളുടെ അഭാവമാണ്. അസംസ്കൃത പദാർത്ഥങ്ങൾ ദുരെ നിന്നും കൊണ്ടുവരേണ്ടതും വലിയ ഒരു പ്രശ്നമാണ്.

പഞ്ചായത്തിലെ എല്ലാ വസ്ത്രനിർമ്മാണ യൂണിറ്റുകളേയും ഏകോപിപ്പിച്ചുകൊണ്ട് ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപവൽക്കരിക്കുകയും, അതിന്റെ നിയന്ത്രണത്തിൽ ഒരു പുതിയ ബ്രാൻഡ് നെയിം സ്വീകരിച്ചുകൊണ്ട് ആകർഷണീയങ്ങളായ ഡിസൈനുകൾ കണ്ടെത്തി വിപണന മേഖലയെ സ്വാധീനിക്കുകയും ചെയ്താൽ ഈ വ്യവസായം അനേകമാളുകൾക്ക് തൊഴിൽ നൽകുന്ന ഒരു മേഖലയായി വളർന്നുവരും.

## പരമ്പരാഗത വ്യവസായം

വലിയ സാമ്പത്തിക ലാഭമില്ലായിരുന്നിട്ടും കളിമൺ പാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് ഉപജീവനം തേടുന്ന ഇരുപതിലേറെ കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ദൂരെനിന്നും കളിമണ്ണ് കൊണ്ടുവരിക എന്നതാണ് നിർധനരായ ഈ തൊഴിലാളികളുടെ ഏറ്റവും വലിയ പ്രശ്നം. അതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തിക്കൊടുക്കുകയാണെങ്കിൽ സമൃദ്ധിയുടെ നാളുകൾ വീണ്ടും സ്വപ്നം കാണാൻ ആ കൊച്ചുകുടുംബങ്ങൾക്കു കഴിയും.

കരിങ്കല്ലിൽ അദ്ഭുതം സൃഷ്ടിക്കാൻ കഴിവുള്ള ഏതാനും ശിൽപികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവർക്കാവശ്യമായ പ്രത്യേകതരം കല്ലുകൾ പണിസ്ഥലത്തെത്തിക്കുവാനും, അവർ നിർമ്മിക്കുന്ന ശിൽപങ്ങളെ വിപണനരംഗത്തെത്തിക്കുവാനും സഹായിച്ചാൽ ഈ പരമ്പരാഗത വ്യവസായം നമ്മുടെ നാട്ടിൽ അഭിവൃദ്ധി പ്രാപിക്കും.

*കൊട്ട, പനമ്പ്* വ്യവസായത്തിൽ ഉപജീവനം കണ്ടെത്തുന്ന ഇരുപത്തിയഞ്ചോളം കുടുംബങ്ങളുണ്ടിവിടെ. ദിവസം 150 രൂപയിലേറെ വിലമതിക്കുന്ന ഉൽപന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന ഒരു വിദഗ്ദ്ധ തൊഴിലാളിക്ക് ആഴ്ചയിൽ 450 രൂപ വിലയ്ക്കുള്ള ഉൽപന്നങ്ങൾ നിർമ്മിക്കാനുള്ള ഈറ്റയേ ലഭ്യമാകുന്നുള്ളു. ഈ പ്രശ്നം പരിഹരിക്കുകയാണെങ്കിൽ കയറ്റുമതി സാദ്ധ്യതകളുള്ള ഈ പരമ്പരാഗത വ്യവസായം അഭിവൃദ്ധിപ്പെടും.

പപ്പട വ്യവസായത്തിലേർപ്പെട്ടിട്ടുള്ള പതിനഞ്ചോളം കുടുംബങ്ങളുടെ പ്രധാനപ്രശ്നം മിതമായ വിലയ്ക്ക് ഉഴുന്നു കിട്ടാത്തതാണ്. സബ്സിഡൈസ്ഡ് നിരത്തിൽ ഉഴുന്ന് വിതരണം ചെയ്യുകയാണെങ്കിൽ നിലവിലുള്ള വിപണനമേഖലകളെ നിലനിർത്തിക്കൊണ്ട് ഈ വ്യവസായത്തിന് മുന്നോട്ടു പോകാനാവും.

*കച്ചവടരംഗത്ത്* പ്രവർത്തിക്കുന്ന ആയിരത്തിലേറെ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയിലൂടെ ഉപജീവനം കണ്ടെത്തുന്നവർ ഇരുനൂറോളം സ്ത്രീകൾ ഉൾപ്പെടെ രണ്ടായിരത്തി അഞ്ഞൂറിലധികമാണ്. പലചരക്കു കടകൾ, ഹോട്ടലുകൾ, ബേക്കറികൾ, സ്റ്റേഷനറി, മെഡിക്കൽ ഷോപ്പുകൾ, സാനിട്ടറി-ഇലക്ട്രിക്ക് ഷോപ്പുകൾ എന്നുവേണ്ട എല്ലാത്തരത്തിലും പെട്ട സ്ഥാപനങ്ങൾ തൃക്കാക്കരയിലുണ്ട്. സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറിൻെറ അനാവശ്യമായ ഇടപെടലുകൾ ആണ് വ്യാപാര രംഗത്തെ ഏറ്റവും വലിയ പ്രശ്നം. വ്യാപാരം നടത്തുവാനുള്ള കെട്ടിടങ്ങളുടെ ദൗർലഭ്യം മറ്റൊരു പ്രശ്നമാണ്.

അഞ്ച് ഓയിൽ മില്ലുകളും അഞ്ച് തടിമില്ലുകളും എട്ട് ഫ്ളവർ മില്ലുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

കോൺക്രീറ്റ് കട്ടള, ജനൽ തുടങ്ങിയവ നിർമ്മിക്കുന്ന ആറ് യൂണിറ്റുകളും, ഹോളോ ബ്രിക്സ് നിർമ്മിക്കുന്ന ആറ് യൂണിറ്റുകളും തൃക്കാക്കരയിലുണ്ട്. ടെലഫോൺബൂത്ത്, ഫോട്ടോസ്റ്റാറ്റ് രംഗത്തു പ്രവർത്തിക്കുന്ന നൂറിലേറെ ആളുകളിൽ പകുതിയും സ്ത്രീകളാണ്. കുക്കിങ്ങ് ഗ്യാസ്, പൊതുവിതരണ രംഗത്ത് രണ്ടു വനിതകൾ ഉൾപ്പെടെ പത്തോളം ജീവനക്കാർ ഉള്ള സ്ഥാപനവും പ്രൈവറ്റ് വിതരണ രംഗത്ത് ആകെ പതിനഞ്ചോളം ജീവനക്കാരുള്ള നാലു സ്ഥാപനങ്ങളും ഉണ്ട്.

## പ്രവർത്തനരഹിതമായ സ്ഥാപനങ്ങൾ

ഓസ്ക്കർ ബ്രഡ് ഫാക്ടറി, മാരി ബിസ്ക്കറ്റ് കമ്പനി, ട്രാവൻകൂർ സിമൻറ്സിൻെറ ഷെൽസം യൂണിറ്റ്, വ്യാപാര മേഖലയിലുള്ള നാലു യൂണിറ്റുകൾ തുടങ്ങിയ ഏതാനും സ്ഥാപനങ്ങൾ പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഇവ വീണ്ടും തുറന്നു പ്രവർത്തിക്കേണ്ടത് ഇവയിൽ ഉപജീവനം തേടിയിരുന്നവരുടേയും നാടിൻേറയും ആവശ്യമാണ്.

## വികസനത്തിൻെറ പാതയിൽ

അസംസ്കൃത സാധനങ്ങളുടെ ലഭ്യത, വിപണന സാദ്ധ്യത, വിദഗ്ദ്ധ തൊഴിലാളികളെ ലഭിക്കുവാനുള്ള സാദ്ധ്യത, പണം മുടക്കുവാനുള്ള കഴിവും സന്നദ്ധതയും തുടങ്ങി പുതിയ വ്യവസായങ്ങളുടെ ആവിർഭാവത്തിന് അനുയോജ്യമായ പലഘടകങ്ങളും തൃക്കാക്കരയിൽ ലഭ്യമാണ്. സംഘടിതവും ആസൂത്രിതവുമായ ഒരു യത്നം ഉണ്ടാവുകയാണെങ്കിൽ പല പുതിയ വ്യവസായങ്ങൾക്കും ജനം നൽകുവാനും നാടൻെറ ശാപമായ തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരം കാണാനും സാധിക്കും.

വികസന സാദ്ധ്യതളുടെ കാര്യത്തിൽ ഒന്നാംസ്ഥാ

നം ഒരു പക്ഷേ, ഹോളോ ബ്രിക്സ് വ്യവസായത്തിനായിരിക്കും. മെറ്റൽ, മണൽ, സിമൻറ് എന്നീ അസംസ്കൃത വസ്തുക്കളുടെ കുറഞ്ഞ ചിലവിലുള്ള ലഭ്യതയും, ഈ പഞ്ചായത്തിലെ ആവശ്യത്തിനുവേണ്ട ഹോളോ ബ്രിക്സ് പുറമേ നിന്നും കൊണ്ടുവരുന്ന സ്ഥിതിവിശേഷവും ഈ വ്യവസായത്തിൻെറ വിജയസാദ്ധ്യതകളിലേക്ക് വിരൽ ചൂണ്ടുന്നു. ചെറിയ യന്ത്രത്തിൽ വാർക്കുന്ന ചെറുകിടക്കാർ നിർമ്മിക്കുന്ന ഇഷ്ടികക്ക് നിശ്ചലമായി ഇരിക്കാൻ മൂന്നു മണിക്കൂർ സമയം കിട്ടാത്തതുകൊണ്ട് ഗുണമേന്മ കുറയുന്നു എന്നൊരു ആക്ഷേപമുണ്ട്. കൂടുതൽ പണം മുടക്കി വൻയന്ത്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ വാങ്ങുന്നത് ഉൽപ്പന്നത്തിൻെറ ഗുണമേന്മ വർദ്ധിക്കുവാനും, അങ്ങിനെ വിപണനം എളുപ്പമാക്കുവാനും സഹായിക്കുന്നു.

റബ്ബർ ബാൻഡ്, ഗ്ലൗസ്, ചെരിപ്പുകൾ തുടങ്ങിയ റബ്ബർ ഉൽപന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് ധാരാളം സാദ്ധ്യതകൾ കാണുന്നു. റബ്ബർ തോട്ടങ്ങളുടെ സാമീപ്യവും, വിപണനമേഖലയെക്കുറിച്ച് ലഭ്യമായ നേരിട്ടുള്ള അറിവും ഇത്തരം വ്യവസായങ്ങളുടെ വികസന സാദ്ധ്യതയിലേക്ക് വിരൽ ചൂണ്ടുന്നു.

തുകൽ വ്യവസായങ്ങൾ, വസ്ത്രനിർമ്മാണ യൂണിറ്റുകൾ, പ്ലാസ്റ്റിക്ക് വ്യവസായം, ഇലക്ട്രോണിക്ക് അസംബ്ലിങ്ങ് യൂണിറ്റുകൾ, പൈപ്പ് നിർമ്മാണം തുടങ്ങിയ പലവ്യവസായ സംരംഭങ്ങൾക്കുമുള്ള സന്നദ്ധത പല ഗ്രാമ സഭകളും വ്യക്തമാക്കിയിട്ടുണ്ട്. തെങ്ങും, തേങ്ങയുമായി ബന്ധപ്പെട്ട ഏതാനും വ്യവസായങ്ങൾക്ക് തൃക്കാക്കരയിൽ വിജയ സാദ്ധ്യത ഉള്ളതായി കാണുന്നു. സുരക്ഷിതത്വം ഉറപ്പുവരുത്തുകയാണെങ്കിൽ, മൂലധനം എത്ര വേണമെങ്കിലും നിക്ഷേപിക്കുവാൻ തയ്യാറുള്ള വ്യക്തികൾ നമ്മുടെ നാട്ടിലുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ നല്ലൊരു പടതന്നെയും നമുക്കുണ്ട്. സംഘടിതമായ ഒരു യത്നത്തിലൂടെ ഒരു വ്യാവസായിക വിപ്ലവംതന്നെ സൃഷ്ടിക്കാൻ തൃക്കാക്കരയ്ക്കു കഴിയും. കഴിയണം.

## തൊഴിലാളിയും തൊഴിൽ സംസ്ക്കാരവും

വ്യവസായ നടത്തിപ്പുകാരുടെ ഒരു പ്രധാന ആരോപണം തൊഴിലാളികളിൽ ആത്മാർത്ഥതയും അർപ്പണ മനോഭാവവും കുറഞ്ഞുവരുന്നു എന്നതാണ്. തൊഴിലാളി യൂണിയനുകൾ വേതന വർദ്ധവിനായി മുറവിളികൂട്ടുന്നതോടൊപ്പം തന്നെ നന്നായി ജോലി ചെയ്യാനും തൊഴിലാളികളെ പ്രേരിപ്പിക്കണം. മുതലാളിയും തൊഴിലാളിയും തമ്മിലുള്ള അകലം വളരെ കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ പുതിയൊരു തൊഴിൽ സംസ്ക്കാരം ഉദയം ചെയ്തേ പറ്റൂ. വികസനത്തിൻേറയും, ഉൽപ്പാദനത്തിൻേറയും രാഷ്ട്രീയമായിരിക്കണം അവരെ നയിക്കുന്നത്.

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. വൈദ്യുതി സുലഭമായി ലഭിക്കുക എന്നത് എല്ലാ വ്യവസായങ്ങളുടേയും വികസനത്തിന് പരമപ്രാധാന്യമുള്ള ഒരു വസ്തുതയാണ്. പുതിയ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ വൈദ്യുതി കണക്ഷൻ ലഭിക്കാൻ വേണ്ടിവരുന്ന അമിതമായ കാലതാമസം ഒഴിവാക്കിക്കിട്ടണം. അതിലുള്ള അഴിമതി തുടച്ചു മാറ്റാതെ പറ്റില്ല.

2. വ്യവസായ വകുപ്പിൻെറ കീഴിലുള്ള വിവിധ ഓഫീസുകളിലെ അഴിമതികളുടെ ഭീകരദൃശ്യങ്ങൾ പല വ്യവസായികളുടെയും ഓർമ്മയിൽ പോലും കിടിലം സൃഷ്ടിക്കുന്നു. ഇതും അവസാനിപ്പിച്ചേ പറ്റൂ. വ്യവസായ വകുപ്പിൻെറ കീഴിൽ ഒരു *ഇൻഡസ്ട്രീയൽ ക്രെഡിറ്റ് സൊസൈറ്റി* പഞ്ചായത്തിൽ സ്ഥാപിക്കുകയും എല്ലാ വ്യവസായികളേയും വ്യവസായ സംരംഭകരേയും അതിൽ അംഗങ്ങളാക്കുകയും ചെയ്യുകവഴി ഈ പ്രശ്നം കുറെയൊക്കെ പരിഹരിക്കാൻ കഴിയും.

3. പഞ്ചായത്തിലെ ജനപ്രതിനിധികൾ, പ്രമുഖ വ്യവസായികൾ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വ്യവസായ വികസന സമിതി രൂപീകരിക്കുകയും, അതിൻെറ 'പ്രവർ ത്തക സമിതി' മാസത്തിൽ രണ്ടുപ്രാവശ്യമെങ്കിലും സമ്മേളിച്ച് പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നതു വഴി വ്യവസായ വികസനം എളുപ്പമാക്കാൻ സാധിക്കും.

4. വ്യവസായ സാദ്ധ്യതകളെ കുറിച്ചുള്ള അജ്ഞത നാം നേരിടുന്ന ഒരു വലിയ വെല്ലുവിളിയാണ്. ഇതിനെ നേരിടാനായി തൽപരരായ യുവതീയുവാക്കൾക്ക് വ്യവസായപരിശീലനം നൽകുവാനുള്ള ഒരു സമഗ്രപദ്ധതിക്ക് രൂപം നൽകുവാൻ പഞ്ചായത്ത് വ്യവസായ വികസന സമിതിക്ക് കഴിയണം.

ഇത്തരം പരിശീലന ക്ലാസ്സുകളിൽ അനുഭവസമ്പന്നരായ വ്യവസായകളും, തൊഴിലാളി പ്രമുഖരും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും പങ്കെടുക്കുകയും വിശദീകരണങ്ങൾ നൽകുകയും ചെയ്യുന്നത് പലവിധ തെറ്റിദ്ധാരണകളെയും ഒഴിവാക്കാനും വ്യവസായ സംരംഭങ്ങളെ വിജയത്തിലേക്ക് നയിക്കുവാനും സഹായിക്കും.

5. തൃക്കാക്കര പഞ്ചായത്തിലെ വ്യവസായ വികസനത്തിന്റെ ഏറ്റവും വലിയ ഭീഷണി സ്ഥലത്തിന്റെ വിലയിലുണ്ടായ അമിതമായ വർദ്ധനയാണ്. സ്വന്തമായി ഭൂമിവാങ്ങി വ്യവസായ സ്ഥാപനം കെട്ടിപ്പടുക്കുവാൻ സാധാരണക്കാർക്ക് ഇനി സാദ്ധ്യമല്ല. പഞ്ചായത്തു തലത്തിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ടാക്കുക എന്നതാണ് ഇതിനുള്ള ഏക പരിഹാരമാർഗ്ഗം.

6. ജില്ലാ-താലൂക്ക്-ബ്ലോക്ക് തലങ്ങളിൽ വിപണന സംവധാനം ഉണ്ടാക്കേണ്ടതാണ്. താലൂക്ക് വ്യവസായ ഓഫീസുകൾ കാര്യക്ഷമമായി പ്രവർത്തിക്കുകയാണെങ്കിൽ വ്യവസായ പുരോഗതി എളുപ്പമാകും. പൊന്നുരുന്നിയിലുള്ള കണയന്നൂർ താലൂക്ക് വ്യവസായ ഓഫീസിൽ ഫോൺ സൗകര്യം പോലും ഇല്ല. ഇവിടെ ഒരു ഫുൾടൈം ഓഫീസും, ഓഫീസറും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ആരംഭവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വ്യവസായ വകുപ്പിന്റെ കീഴിൽനിന്നും എടുത്തുമാറ്റി പഞ്ചായത്തു കമ്മിറ്റികളെ ഏൽപിക്കുകയാണെങ്കിൽ തീർച്ചയായും വ്യവസായ രംഗത്ത് ഒരു വൻ മുന്നേറ്റമുണ്ടാകും.

7. കലാലയങ്ങളിലെ വിദ്യാഭ്യാസം തൊഴിൽ മേഖലയുമായി യാതൊരു ബന്ധവുമില്ലാതെ നീങ്ങിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചരത്തിൽ വിവിധ ജോലികൾക്ക് പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടത് ആത്യാവശ്യമാണ്. അച്ചടി, ബുക്ക് ബൈൻഡിംഗ്, കൃഷിപ്പണികൾ, തെങ്ങുകയറ്റം, മുടിമുറിയ്ക്കൽ തുടങ്ങിയ എല്ലാ തൊഴിലുകൾക്കും പരിശീലനം നൽകുവാനുള്ള ഒരു സംവിധാനം നമ്മുടെ വ്യാവസായിക രംഗത്തും തൊഴിൽ രംഗത്തും അത്ഭുതങ്ങൾ സൃഷ്ടിക്കും.

8. തൊഴിലിനെ സ്നേഹിക്കാനും ആദരിക്കാനും, എല്ലാ തൊഴിലുകളെയും അംഗീകരിക്കാനും നാം തയ്യാറാവണം. നമ്മുടെ വിദ്യാർത്ഥികളിലും ഇത്തരം മനോഭാവം വളർത്തിയെടുക്കാൻ നമുക്കു കഴിയണം. വ്യാവസായിക വളർച്ചയിലൂടെ മാത്രമേ നമ്മുടെ നാടിന് മുന്നേറാനാവൂ എന്ന വസ്തുത വിദ്യാലയങ്ങളിലൂടെ കുരുന്നു ഹൃദയങ്ങളിലേക്ക് നാം പകർന്നു നൽകണം. അടുത്ത തലമുറയിലെങ്കിലും ഒരു വ്യാവസായിക സംസ്ക്കാരം ഇവിടെ ജന്മമെടുക്കുവാൻ ഇത് സഹായിക്കും.

# വിദ്യാഭ്യാസം

# വിദ്യാഭ്യാസം

വിദ്യാഭ്യാസം ഒരു സാമൂഹ്യപ്രക്രിയയാണ്. സമൂഹത്തിന്റെ സർവതോമുഖമായ വളർച്ചയാണ് ലക്ഷ്യം വിദ്യാഭാസമെന്നാൽ അക്ഷരവിദ്യ മാത്രമാണെന്ന ധാരണ നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്ത് വേരുറച്ചു പോയിട്ടുണ്ട്. ഈ തെറ്റിദ്ധാരണയിൽനിന്ന് ഭാരതത്തിലെ ജനങ്ങളെ മോചിപ്പിക്കുവാൻ രാഷ്ട്രപിതാവായ മഹാത്മജിയുടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന ആശയം മുന്നോട്ടുവച്ചു. ഭരണഘടന വാഗ്ദാനംചെയ്ത സൗജന്യവും സാർവത്രികവുമായ പ്രാഥമികവിദ്യാഭ്യാസം നമ്മുടെ സംസ്ഥാനത്ത് പാലിക്കപ്പെട്ടിട്ടുണ്ട്. സ്വാതന്ത്ര്യത്തിനുമുമ്പുതന്നെ മിഷനറിമാരും, സാമൂഹ്യപരിഷ്കർത്താക്കളും വിദ്യാഭ്യാസമേഖലയിൽ ചെയ്ത സേവനങ്ങൾ ഈ നേട്ടങ്ങൾക്കു പിന്നിലുണ്ട്. ഏതാണ്ട് 60 ലക്ഷത്തോളം വിദ്യാർത്ഥികളും രണ്ടുലക്ഷത്തിലേറെ അദ്ധ്യാപകരും രക്ഷിതാക്കളും ചേർന്ന ഒരു ബൃഹത്തായ മേഖലയാണ് വിദ്യാഭ്യാസം. സർക്കാർ വരുമാനത്തിന്റെ 35% ഈ മേഖലയ്ക്കായി ചെലവിടുന്നതുകൊണ്ട് ദീർഘകാലാടിസ്ഥാനത്തിലും നിലനിൽക്കുന്നതുമായ നേട്ടങ്ങൾ ഉണ്ടാക്കാൻ പര്യാപ്തമായ ഒരു വിദ്യാഭ്യാസപദ്ധതിക്ക് രൂപംനൽകേണ്ടിയിരിക്കുന്നു.

കൊച്ചി നഗരത്തോടു ചേർന്നുകിടക്കുന്ന തൃക്കാക്കര പഞ്ചായത്തിൽ ഇന്ന് 21 സ്ക്കൂളുകളിലായി പതിനായിരത്തിലേറെ കുട്ടികൾ പഠിക്കുന്നുണ്ട്. ഇതിൽ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

പട്ടിക 1.

| | | |
|---|---|---|
| LPS | | 6 |
| UPS | | 2 |
| HS | | 2 |
| | Total | 10 |
| Unaided Schools | | |
| LPS | | 2 |
| HS | | 1 |
| | Total | 3 |
| CBSE | | |
| HS | | 4 |
| LP/UPS | | 4 |
| | Total | 8 |

പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആകെ 5548 കുട്ടികൾ പഠിക്കുന്നുണ്ട്. ഇവരിൽ SC/ST വിഭാഗത്തിൽ 1012 കുട്ടികൾ ഉൾപ്പെടുന്നു. സി.ബി.എസ്.ഇ. വിദ്യാലയങ്ങളിൽ ആകെ 3415 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്.

ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ തന്നെ പൊതു വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ ആരംഭിച്ചിരുന്നു. തെങ്ങോട്ട് ഗവ. യു.പി. സ്ക്കൂൾ, കാക്കനാട് ഗവ. യു.പി. സ്ക്കൂൾ ഇവ 1910 കാലത്തുതന്നെ ആരംഭിച്ചു. 1947-ൽ യു.പി. സ്ക്കൂൾ ആയി ആരംഭിച്ച് പിന്നീട് മാർ അത്തനേഷ്യസ് ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂളാണിത്. തുടർന്ന് 1976-ൽ കർദ്ദിനാൾ എച്ച്.എസ്. നിലവിൽവന്നു. മാണി എഞ്ചിനീയർ സ്ഥാപിച്ച സെറ്റിൽമെൻറ് കോളനിയും അതോടൊപ്പം സ്ഥാപിച്ച വിദ്യാലയവുമാണ് പിന്നീട് പഞ്ചായത്ത് ഏറ്റെടുത്തു നടത്തിയത്. തുടർന്നുള്ള വർഷങ്ങളിൽ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കാര്യമായ വികാസം ഉണ്ടായിട്ടില്ല. പകരം റെക്കഗ്നൈസ്ഡ് വിദ്യാലയങ്ങളാണ് വളർന്നുവന്നത്. ജില്ലാ ആസ്ഥാനവും കേന്ദ്രസംസ്ഥാന ജീവനക്കാരുടെ ക്വാർട്ടേഴ്സുകളും പുതിയ റസിഡൻഷ്യൽ കേന്ദ്രവുമായി ഈ പഞ്ചായത്ത് മാറിയത് ഈ മാറ്റത്തിനു വഴിയൊരുക്കിയതായി കാണാം. ഇതു സാമ്പത്തികമായി ഉയർന്ന മേഖലയിലുള്ളവരുടെ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിലും സാധാരണക്കാരായ രക്ഷിതാക്കളുടെ കുട്ടികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ക്ഷയിച്ചുവരാനും ഇടയാക്കി. നഗരവൽക്കരണത്തിൻെറ ഭാഗമായി ഏതാണ്ട് അഞ്ഞൂറോളം വിദ്യാർത്ഥികൾ നഗരത്തിലെ വിദ്യാലയങ്ങളിൽ പോയി പഠിക്കുന്ന സ്ഥിതിയുണ്ട്.

ഉന്നത വിദ്യാഭ്യാസത്തിനായി നഗരത്തിലെ വിദ്യാലയങ്ങളെയാണ് കുട്ടികൾ പ്രധാനമായി ആശ്രയിക്കുന്നത്. 1965-ൽ സ്ഥാപിതമായ ബി.എം.സി. കോളേജും 1987-ൽ ആരംഭിച്ച മോഡൽ എഞ്ചിനീയറിംഗ് കോളേജും പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്.

ഔപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കു പുറമേ ധാരാളം ട്യൂട്ടോറിയൽ കോളേജുകൾ, ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങൾ, തയ്യൽ സ്ക്കൂളുകൾ, ഒരു നഴ്സറി ടീച്ചർ ട്രെയിനിംഗ് സ്ക്കൂൾ ഇവയും പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള പൊതു വിദ്യാലയങ്ങളിൽ അയ്യനാട് എൽ.പി.എസ്., സെൻറ് മേരീസ് എൽ.പി. സ്ക്കൂൾ , തുതിയൂർ ഇവ ശോഷിച്ച് സാമ്പത്തികമായി തകർന്ന അവസ്ഥയിലെത്തിയിരിക്കുന്നു.

പഠനനിലവാരം മെച്ചപ്പെടുത്താനുള്ള പല ശ്രമങ്ങളും നടക്കുന്നുണ്ട്. എന്നാൽ എൽ.പി./യു.പി. വിദ്യാലയങ്ങളിലെ പ്രവർത്തനവുംകൂടി ഏകോപിപ്പിച്ചാൽ മാത്രമേ വേണ്ടത്ര ഫലപ്രദമാവുകയുള്ളൂ. 30%ൽ താഴെ കുട്ടികൾ പൊതുവിൽ അവശ്യപഠന നിലവാരത്തിലെത്തുന്നില്ലെന്ന് വെളിവാകുന്നുണ്ട്. കലാകായിക രംഗങ്ങളിൽ ജില്ലയിലെ മത്സരങ്ങളിൽ എത്തുന്നുണ്ടെങ്കിലും ബഹുദൂരം മുന്നോട്ടു പോകേണ്ടതായിട്ടുണ്ട്.

ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിലും മിക്ക വിദ്യാലയങ്ങളും വളരെ പിന്നിലാണ്. തെങ്ങോട്, കാക്കനാട് യു.പി. സ്ക്കൂളുകൾ ചുറ്റുമതിൽ പോലുമില്ലാതെ അനാഥമായിട്ടാണു കിടക്കുന്നത്. കാക്കനാട് യു.പി.എസ്. - ൽ കുടിവെള്ള സൗകര്യവും അപര്യാപ്തമാണ്. ഇന്നത്തെ പല സൗകര്യങ്ങളും പി.ടി.എ.യും വിദ്യാലയ വികസനസമിതിയും ഉത്സാഹിച്ചതിൻെറ ഫലമായി ഉണ്ടായിട്ടുള്ളതാണ്.

ഈ പോരായ്മകൾ പരിഹരിച്ച് പഠനനിലവാരം മെച്ചപ്പെടുത്തി പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുകയും ആകർഷികമാക്കുകയും വേണം. ഇതിനായി കർദിനാൾ ഹൈസ്ക്കൂൾ, എം.എ.എച്ച്.എസ്. ഇവ കേന്ദ്രമാക്കി സ്ക്കൂൾ കോംപ്ലക്സ് പ്രവർത്തനം സംഘടിപ്പിക്കണം. വിദ്യാലയങ്ങളിലെ പഠനപ്രവർത്തനങ്ങൾ മാസത്തിലൊരിക്കൽ അധ്യാപകർ ഒത്തുചേർന്നു ചർച്ച നടത്തി പരിഹാരം കാണണം. പഞ്ചായത്തുതലത്തിലും സ്ക്കൂൾ തലത്തിലും വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ച് പ്രശ്നപരിഹാരം നേടാവുന്നതാണ്. പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ പഠനത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തുകയും കുടുംബസന്ദർശനങ്ങൾ നടത്തുകയും വേണം. അമ്മമാരുടെ യോഗവും ഫലപ്രദമായി ഉപയോഗപ്പെടുത്തണം. ഇവയെല്ലാം ചടങ്ങിനു മാത്രം ചേരുകയും തുടർപ്രവർത്തനം ഇല്ലാതിരിക്കുകയും ചെയ്യുന്ന സ്ഥിതി മാറ്റിയെടുക്കണം. വോളണ്ടറി ഏജൻസികളും സഹായവും വിദ്യാഭ്യാസനിലവാരം ഉയർത്താൻ തേടാവുന്നതാണ്. സ്പോൺസർമാരെ കണ്ടെത്തി പഠനോപകരണങ്ങൾ - ഓഡിയോ വിഷ്വൽ ടെക്നോളജി എയ്ഡ്സ് , ലബോറട്ടറി, ലൈബ്രറി ഇവ സംഘടിപ്പിക്കേണ്ടതാണ്. ഇതിനായി പഞ്ചായത്തിലെ നിരവധി വ്യവസായസ്ഥാപനങ്ങളുടെ സഹായം തേടാവുന്നതാണ്.

പഞ്ചായത്തിലെ സാക്ഷരതാ പ്രവർത്തനവും

അംഗൻവാടികളും വേണ്ടത്ര നല്ല നിലയിലല്ല പ്രവർത്തിക്കുന്നത്. കുട്ടികളുടെ ഉച്ചഭക്ഷണത്തിനായി പഞ്ചായത്ത് കഴിഞ്ഞവർഷം 20987 രൂപയാണ് ചെലവാക്കിയത്. ഇത് ഉയർത്തേണ്ടതാവശ്യമാണ്.

പത്താംക്ലാസ് പഠനം കഴിയുന്ന വിദ്യാർത്ഥികളിൽ ചെറിയൊരു വിഭാഗം മാത്രമേ കോളജ് വിദ്യാഭ്യാസം തുടരുന്നുള്ളൂ. അതിനാൽ തോറ്റവരും ജയിച്ചവരുമായ ഈ കുട്ടികളെ തൊഴിലധിഷ്ഠിത മേഖലയിലേക്ക് തിരിച്ചുവിടേണ്ടത് വളരെ അത്യാവശ്യവുമാണ്. അതിനായി ഈ മേഖലയിൽ ഏറ്റവും ആകർഷകമായ പ്ലമ്പർ, മെക്കാനിക്കൽ, കമ്പ്യൂട്ടർ, വെൽഡിംഗ്, എംബ്രോയിഡറി ട്രെയിഡുകളിൽ ഐ.ടി.ഐ. കളും ബയോടെക്നോളജിയിൽ പോളിടെക്നിക്കും ഏറ്റവും കൂടുതൽ വികസിച്ചിരിക്കുന്ന കെട്ടിടനിർമ്മാണമേഖലയിലേക്ക് തൊഴിലാളികളെ ലഭ്യമാക്കുന്ന ബിൽഡിംഗ് ആർക്കിടെക്ച്ചർ, കൺസ്ട്രക്ഷൻ വർക്സ് ഇവയിൽ തൊഴിൽ പരിശീലനം നൽകാൻ പര്യാപ്തമായ ഒരു സാങ്കേതികസ്ഥാപനം നിർമ്മിതിയോടനുബന്ധിച്ച് സ്ഥാപിക്കേണ്ടതാവശ്യമാണ്.

മുഴുവൻ വിദ്യാലയങ്ങളിലും നഴ്സറി വിദ്യാലയങ്ങൾ ആരംഭിക്കണം.

## പ്രശ്നങ്ങളും സാധ്യതകളും

1. പൊതുവിദ്യാലയങ്ങളിൽ ഭൗതിക സൗകര്യങ്ങൾ അപര്യാപ്തമാണ്. ചുറ്റുമതിൽ, കുടിവെള്ളം, ലൈബ്രറി, ലബോറട്ടറി, പ്രാഥമിക സൗകര്യങ്ങൾ ഇവ ലഭ്യമാക്കണം. ഇതിനായി പി.ടി.എ., സ്പോൺസർമാർ, സർക്കാർ സഹായം ഇവ ഉപയോഗപ്പെടുത്തണം.
2. എല്ലാ വിദ്യാലയങ്ങളിലും സർക്കാരോ, പഞ്ചായത്തോ നഴ്സറി വിദ്യാലയങ്ങൾ ആരംഭിക്കണം.
3. അധ്യാപകർക്ക് ഫലപ്രദമായ പരിശീലനം ലഭിക്കുന്നില്ല. അതിനാൽ കാര്യക്ഷമത കുറയുന്നു. കൂട്ടായ ചർച്ചയ്ക്കുള്ള അവസരം ഉണ്ടാകുന്നില്ല. അക്കാദമിക് കാര്യങ്ങളിൽ ഡിപ്പാർട്ടുമെൻറ് ശ്രദ്ധിക്കുന്നില്ല. സ്ക്കൂൾ കോംപ്ലക്സുകൾ സജീവമാക്കുകയും ഓരോ വിദ്യാലയങ്ങൾക്കും പ്രത്യേകം സമിതികൾ രൂപീകരിക്കുകയും ചെയ്ത് കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള പ്രവർത്തനം സംഘടിപ്പിക്കണം.
4. പി.ടി.എ. മാതൃസംഗമം ഇവ സജീവവും തുടർന്നു പ്രവർത്തിക്കുന്നവയും ആക്കി മാറ്റണം.
5. ഹൈസ്ക്കൂൾ റിസൾട്ട് വേണ്ടത്ര ഉയർന്നിട്ടില്ല. ഇതിനായി പ്രത്യേകപരിപാടികൾ - ഭവനസന്ദർശനം ഇവ തയ്യാറാക്കുന്നതോടൊപ്പം, എൽ.പി., യു.പി. ക്ലാസ്സുകളിലെ പഠനം കുറ്റമറ്റതാക്കുകയും വേണം.
6. തെങ്ങോട് യു.പി.എസ്., കാക്കനാട് യു.പി.എസ്., ഇവ അപ്ഗ്രേഡുചെയ്ത് വി.എച്ച്.എസ്.എസ്. ആക്കണം. ചിറ്റേത്തുകര, തോപ്പിൽ എൽ.പി. എസ്. കൾ അപ്ഗ്രേഡ് ചെയ്ത് യു.പി. ക്ലാസ്സുകൾ ആരംഭിക്കണം.
7. ഏറ്റവും കൂടുതൽ (1012) പട്ടികജാതി വിദ്യാർത്ഥികളും അതിലേറെ സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികളുമാണ് ഈ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തുന്നത് എന്നതിനാൽ ഈ സ്ഥാപനങ്ങളുടെ ഭൗതികസൗകര്യങ്ങൾ കുറ്റമറ്റതാക്കാനും ആകർഷകമാക്കാനും സർക്കാർ മുന്നോട്ടുവരണം. പ്രത്യേകം സഹായം നൽകണം.
8. മുഴുവൻ എൽ.പി/യു.പി. സ്ക്കൂളുകളിൽ സ്പെഷ്യൽ ടീച്ചേഴ്സിനെ നിയമിക്കണം.

പട്ടിക - 2

## തൃക്കാക്കര പഞ്ചായത്ത് - സർക്കാർ എയ്ഡഡ് - അൺഎയ്ഡഡ് സ്കൂളുകൾ

| നമ്പർ | സ്കൂളിന്റെ പേര് | LPS | | | UPS | | | HS | | | TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | T | B | G | T | B | G | T | B | G | T |
| 1. | മാർ അത്തനേഷ്യസ് ഹൈസ്കൂൾ, കാക്കനാട് | - | - | - | 372 | 322 | 694 | 402 | 468 | 870 | 774 | 790 | 1564 |
| 2. | കർദിനാൾ ഹൈസ്കൂൾ | - | - | - | 444 | 274 | 718 | 381 | 287 | 668 | 825 | 561 | 1386 |
| 3. | എം.എ.എ.എം. എൽ.പി.സ്കൂൾ, കാക്കനാട് | 242 | 229 | 471 | - | - | - | - | - | - | 242 | 229 | 471 |
| 4. | എൻ.ഐ.എൽ.പി. സ്കൂൾ, ചിറ്റേത്തുകര | 118 | 98 | 216 | - | - | - | - | - | - | 118 | 98 | 216 |
| 5. | ഡി.എൽ.പി. സ്കൂൾ, ചിറ്റേത്തുകര, തൃക്കാക്കര | 161 | 121 | 282 | - | - | - | - | - | - | 161 | 121 | 282 |
| 6. | എസ്.ജെ.എൽ.പി. സ്കൂൾ, കാക്കനാട് | 248 | 188 | 436 | - | - | - | - | - | - | 248 | 188 | 436 |
| 7. | എസ്.എം. എൽ.പി. സ്കൂൾ, തുതിയൂർ | 85 | 63 | 148 | - | - | - | - | - | - | 85 | 63 | 148 |
| 8. | എൽ.പി. സ്കൂൾ, അയ്യനാട് | 47 | 45 | 92 | - | - | - | - | - | - | 47 | 95 | 92 |
| 9. | ഗവ. യു.പി.എസ്., കാക്കനാട് | 148 | 129 | 277 | 154 | 131 | 285 | - | - | - | 302 | 260 | 562 |
| 10. | ഗവ. യു.പി.എസ്. തെങ്ങോട്ട് | 112 | 106 | 218 | 92 | 81 | 173 | - | - | - | 204 | 187 | 391 |
| | ആകെ | 1161 | 979 | 2140 | 1062 | 808 | 1870 | 783 | 755 | 1538 | 3006 | 2542 | 5548 |
| 11. | ഇൻഫന്റ് ജീസസ് എൽ.പി. സ്കൂൾ | 149 | 131 | 280 | - | - | - | - | - | - | 149 | 131 | 280 |
| 12. | മേരിമാതാ ഹൈസ്കൂൾ | 202 | 199 | 401 | 133 | 137 | 270 | 146 | 117 | 263 | 481 | 453 | 934 |
| | ആകെ | 1512 | 1309 | 2721 | 1195 | 945 | 2340 | 929 | 872 | 1791 | 3636 | 3126 | 6762 |

SC / ST വിദ്യാർത്ഥികൾ

| | B | G | T |
|---|---|---|---|
| LPS | 228 | 203 | 431 |
| UPS | 158 | 156 | 314 |
| HS | 117 | 150 | 267 |
| Total | 503 | 509 | 1012 |

പട്ടിക - 3

## സി.ബി.എസ്.ഇ. - വിദ്യാലയങ്ങൾ

| നമ്പർ | സ്ക്കൂളിന്റെ പേര് | LPS | | | UPS | | | HS | | | PLUS TWO | | | TOTAL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | T | B | G | T | B | G | T | B | G | T | B | G | T |
| 1. | ഭാവൻസ് ആദർശ വിദ്യാലയം | 180 | 152 | 332 | 119 | 100 | 219 | 99 | 93 | 192 | - | - | - | 398 | 345 | 743 |
| 2. | ഭാവൻസ് വരുണവിദ്യാലയം | 159 | 147 | 306 | 95 | 84 | 179 | 20 | 23 | 43 | - | - | - | 274 | 254 | 528 |
| 3. | മാർതോമ പബ്ലിക് സ്ക്കൂൾ | 172 | 150 | 322 | 72 | 65 | 137 | 50 | 48 | 98 | - | 22 | 22 | 294 | 263 | 557 |
| 4. | അസ്സീസ്സി വിദ്യാനികേതൻ | 241 | 189 | 430 | 134 | 63 | 197 | 12 | 10 | 22 | - | - | - | 387 | 262 | 649 |
| 5. | വ്യാസ വിദ്യാലയം | 76 | 66 | 142 | 14 | 11 | 25 | - | - | - | - | - | - | 90 | 77 | 167 |
| 6. | ജമാ അത് റസിഡൻഷ്യൽ പബ്ലിക് സ്കൂൾ | 110 | 72 | 182 | 31 | 10 | 41 | - | - | - | - | - | - | 141 | 82 | 223 |
| 7. | നവനിർമാൺ പബ്ലിക് സ്കൂൾ | - | - | - | - | - | - | - | - | - | - | - | - | 244 | 154 | 398 |
| 8. | കൊച്ചിൻ പബ്ലിക് സ്കൂൾ | 75 | 75 | 150 | - | - | - | - | - | - | - | - | - | 75 | 75 | 150 |
| 9. | കാർഡിനൽ എൽ.പി. സ്ക്കൂൾ | 165 | 176 | 341 | - | - | - | - | - | - | - | - | - | 165 | 176 | 341 |
| | ആകെ | 1198 | 927 | 2205 | 465 | 333 | 798 | 181 | 174 | 355 | - | 22 | 22 | 2068 | 1688 | 3756 |

പട്ടിക - 4

## സ്ക്കൂളിന്റെ പൊതുവിവരം - സർക്കാർ എയ്ഡഡ് - റെക്കഗ്നൈസ്ഡ്

| നമ്പർ | പേര് | സ്ഥാപിത വർഷം | വിസ്തൃതി ഏക്കർ | അധ്യാപകർ | | |
|---|---|---|---|---|---|---|
| | | | | M | F | T |
| 1. | എം.എ. ഹൈസ്ക്കൂൾ, കാക്കനാട് | 1947 | 2.00 | 7 | 55 | 62 |
| 2. | കർദിനാൾ ഹൈസ്ക്കൂൾ, തൃക്കാക്കര | | 4.00 | 18 | 13 | 31 |
| 3. | തെങ്ങോട് യു.പി. സ്ക്കൂൾ | 1925 | 2.00 | 0 | 16 | 16 |
| 4. | കാക്കനാട് യു.പി. സ്ക്കൂൾ | | 1.80 | 3 | 14 | 17 |
| 5. | എം.എ.എ.എം. എൽ.പി. സ്ക്കൂൾ | 1982 | 1.41 | 1 | 13 | 14 |
| 6. | എൻ.ഐ.എൽ.പി. സ്ക്കൂൾ | 1982 | | 2 | 6 | 8 |
| 7. | ഡി.എൽ.പി. സ്ക്കൂൾ, തൃക്കാക്കര | | 1.50 | 3 | 6 | 9 |
| 8. | എസ്.ജെ.എൽ.പി. സ്ക്കൂൾ, കാക്കനാട് | | 1.50 | 1 | 12 | 13 |
| 9. | എസ്.എം.എൽ.പി. സ്ക്കൂൾ, തുതിയൂർ | | 1.00 | 1 | 3 | 4 |
| 10. | എൽ.പി. സ്ക്കൂൾ, അയ്യനാട് | | 1.00 | 1 | 4 | 5 |
| | ആകെ | | | 37 | 142 | 179 |
| 11. | ഇൻഫൻറ് ജീസസ് എൽ.പി. സ്ക്കൂൾ | | 1.00 | 0 | 6 | 6 |
| 12. | മേരിമാതാ ഹൈസ്ക്കൂൾ | | 3.00 | 1 | 28 | 29 |
| | ആകെ | | | 38 | 176 | 814 |

പട്ടിക - 5

## സി.ബി.എസ്.ഇ. വിദ്യാലയങ്ങൾ - പൊതുവിവരം

| നമ്പർ | പേര് | സ്ഥാപിത വർഷം | വിസ്തൃതി ഏക്കർ | അധ്യാപകർ | | |
|---|---|---|---|---|---|---|
| | | | | M | F | T |
| 1. | ഭാവൻസ് ആദർശ വിദ്യാലയ | | 8.00 | 7 | 36 | 43 |
| 2. | ഭാവൻസ് വരുണ വിദ്യാലയ | | | 6 | 26 | 32 |
| 3. | മാർതോമാ പബ്ലിക് സ്ക്കൂൾ | | 9.00 | 5 | 28 | 33 |
| 4. | അസ്സീസ്സി വിദ്യാനികേതൻ | | 8.00 | 2 | 28 | 30 |
| 5. | വ്യാസ വിദ്യാലയം | | 4.00 | 0 | 10 | 10 |
| 6. | ജമാ അത്ത് റസിഡൻഷ്യൽ പബ്ലിക് സ്കൂൾ | | 2.00 | 0 | 10 | 10 |
| 7. | കൊച്ചിൻ പബ്ലിക് സ്ക്കൂൾ | | 4.90 | 1 | 13 | 14 |
| 8. | നവനിർമാൺ സ്ക്കൂൾ | | 5.00 | 1 | 31 | 32 |
| | ആകെ | | | 22 | 182 | 204 |

# കുടിവെള്ളം

# പൊതുജനാരോഗ്യം

# കുടിവെള്ളം
# പൊതുജനാരോഗ്യം
# പരിസരശുചിത്വം

പ്രകൃതിയുടെ അമൂല്യസ്വത്താണ് ജലം. ഒരുകാലത്ത് സുലഭമായി കിട്ടിക്കൊണ്ടിരുന്ന പല പ്രകൃതി വിഭവങ്ങളും ഇന്ന് ദുർലഭമാവുകയാണ്. ജലസമ്പത്തിൻെറ കാര്യം തന്നെ ഇതിനൊരു ഉത്തമ ദൃഷ്ടാന്തമാണ്. നമ്മുടെ കുളങ്ങളിലേയും, കിണറുകളിലേയും ജലവിതാനം താഴുന്നതായും, ഭൂഗർഭജലം കുറയുന്നതായിട്ടുമാണ് ഈ അടുത്ത കാലത്തു നടത്തിയിട്ടുള്ള പഠനങ്ങളിൽ നിന്നും വ്യക്തമാകുന്നത്. പ്രകൃതിയുടെ ഈ അമൂല്യസമ്പത്ത് കാത്തുസൂക്ഷിക്കേണ്ടത് ഓരോ പൗരൻേറയും കടമയാണ്.

തൃക്കാക്കര പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ കുടിവെള്ള ക്ഷാമം ഇത്ര രൂക്ഷമായി അനുഭവപ്പെട്ടിരുന്നില്ല. എന്നാൽ അടുത്ത കാലങ്ങളിലായി പഞ്ചായത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തിന് ക്രമാതീതമായി വർദ്ധിച്ചുവരുന്ന പാർപ്പിട പദ്ധതികളും, ജനസംഖ്യാ വർദ്ധനവും ഒരു പരിധി വരെ കാരണമായിട്ടുണ്ട്. കൂടാതെ പ്രകൃതിദത്തമായ കുന്നുകൾ, ജലസംഭരണികളായ വയലേലകൾ, കുളങ്ങൾ, വനഭൂമി ഇവയുടെയെല്ലാം അശാസ്ത്രീയമായ ചൂഷണമാണ് ഈ അവസ്ഥയ്ക്കു പ്രധാനകാരണം.

തൃക്കാക്കര പഞ്ചായത്തിൽ കുടിനീരിൻെറ പ്രധാന സ്രോതസ്സ് കിണറുകളാണ്. 90% കുടുംബങ്ങളും കുടിനീരിനായി കിണറിനെയാണ് ആശ്രയിക്കുന്നത്. ടാപ്പുകളെ ആശ്രയിക്കുന്നവർ 6.5%-വും, പൊതുകിണറുകളെ ആശ്രയിക്കുന്നവർ 2.5%-വും, മറ്റു സ്രോതസ്സുകളെ ആശ്രയിക്കുന്നവർ 1%-വും ആണ്. തൃക്കാക്കര പഞ്ചായത്തിലെ 40% വീടുകളും കുടിവെള്ളക്ഷാമം അനുഭവിക്കുന്നവരാണ്. ഏറ്റവും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വാർഡുകൾ 1, 5, 6, 7, 8, 9, 10, 11, 15 എന്നിവയാണ്. പഞ്ചായത്തിൽ 282 പൊതുടാപ്പുകളും, 135 പൊതു കിണറുകളും ഉണ്ടെങ്കിലും പലതും ഉപയോഗ്യശൂന്യമാണ്.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളും കുന്നിൻ പുറങ്ങളാണ്.
2. തെങ്ങോട്, ചിറ്റേത്തുകര, തുതിയൂർ എന്നീ പ്രദേശങ്ങളിൽ പാറയുടെ വൻശേഖരം ഉള്ളതിനാൽ കിണർ കുഴിച്ച് കുടിവെള്ളം ലഭ്യമാക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
3. ഓരുവെള്ളം കയറുന്നതുമൂലം കുടവെള്ളവും, കൃഷിയും നശിക്കുന്നു.
4. സാധാരണയായി മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലാണ് കുടിവെള്ളക്ഷാമം രൂക്ഷമാകുന്നത്.
5. 135 പൊതുകിണറുകളും, 282 പൊതുടാപ്പുകളും 25 പൊതുകുളങ്ങളും നിലവിലുണ്ടെങ്കിലും അവയിൽ പലതും ഉപയോഗശൂന്യമായിക്കിടക്കുന്ന നിലയിലാണ്.
6. പഞ്ചായത്തിൽ നിലവിലുള്ള പൊതുകിണറുകളിലെ ജലം ക്ലോറിനേറ്റു ചെയ്യുന്ന പതിവില്ല.

7. പഞ്ചായത്തിൽ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ വേണ്ടതുപോലെ നടക്കുന്നില്ല.

## സാദ്ധ്യതകൾ

1. 7-ാം വാർഡിലെ 1,80,000 ലിറ്റർ സംഭരണശേഷിയുള്ള വാട്ടർ ടാങ്കിൽ ഇപ്പോൾ പൂർണ്ണമായും വെള്ളം സംഭരിക്കാറില്ല. ഈ ടാങ്കിൽ പൂർണ്ണമായും വെള്ളം സംഭരിച്ച് ഈ പ്രദേശത്തെ ജലക്ഷാമം ഒരു പരിധി വരെ പരിഹരിക്കാം.

2. പഞ്ചായത്തിൽ നിലവിലുള്ള പൊതുകിണറുകൾ അടിയന്തരമായി ശുചിയാക്കി കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി ഉണ്ടാകണം.

3. പഞ്ചായത്തിലെ വറ്റാത്ത ജലസ്രോതസ്സുള്ള പാറമടകൾ ശുദ്ധീകരിച്ച് അതിലെ ജലം കുടിവെള്ളത്തിനും, കൃഷിക്കും ഉപയോഗിക്കാം.

4. പഞ്ചായത്തിലുള്ള പൊതുകുളങ്ങൾ കല്ലുകെട്ടി വൃത്തിയാക്കി പമ്പുസെറ്റ് സ്ഥാപിച്ച് ടാങ്കുകളിൽ നിറച്ച് പൈപ്പുലൈൻ വഴി കുടിനീരിന് ക്ഷാമമുള്ള പ്രദേശങ്ങളിൽ എത്തിക്കാം.

5. ഓരു വെള്ളം കയറുന്നത് ഫലപ്രദമായി തടയാൻ സാധിച്ചാൽ സമീപപ്രദേശങ്ങളിലെ കുളങ്ങളിലും കിണറുകളിലും ഉണ്ടാകുന്ന ഓരു വെള്ള ഭീഷണതടയാം. അതോടൊപ്പം തന്നെ ആ പ്രദേശത്തെ കൃഷിയെ രക്ഷിക്കാനും സാധിക്കും.

6. കിണർ കുഴിക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ കുഴൽക്കിണർ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കാം.

7. ഉപയോഗശൂന്യമായ പൈപ്പുലൈൻ മാറ്റി പകരം ഗുണമേന്മയുള്ള പൈപ്പ് സ്ഥാപിച്ച് ജലസേചനം സുഗമമാക്കണം.

8. വ്യക്തികൾക്ക് മണ്ണ്-ജല സംരക്ഷണത്തിന് കൂടുതൽ സാമ്പത്തിക സഹായം നൽകി പ്രോത്സാഹനം കൊടുക്കേണ്ടതുണ്ട്. അതത് സ്ഥലങ്ങളിലെ ജലസംരക്ഷണത്തിന്റെ ആവശ്യകതയെ സംബന്ധിച്ചു ജനങ്ങളിൽ ബോധവൽക്കരണം നടത്തണം.

9. അശാസ്ത്രീയമായി നമ്മുടെ ഏറ്റവും വലിയ ജലസ്രോതസ്സായ പാടങ്ങളും, കുളങ്ങളും നികത്തുന്നത് തടയുകയും, പ്രകൃതിദത്തമായ കുന്നുകളും, കാടുകളും നശിപ്പിക്കുന്നതിൽ നിന്ന് ജനങ്ങൾ പിന്മാറേണ്ടതുമാണ്.

10. നീർത്തടപദ്ധതിക്ക് (വാട്ടർഷെഡ്) പ്രാധാന്യം നൽകുക.

11. ചെറുകിട ജലപദ്ധതികൾ ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്.

12. പരമ്പരാഗത ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ നിയമങ്ങൾ ആവിഷ്ക്കരിക്കുകയും, കർശനമായി നടപ്പിലാക്കുകയും ചെയ്യുക.

13. നിലവിലുള്ള പൈപ്പുകളുടെ വിനിയോഗം കാര്യക്ഷമമാക്കാൻ ഓരോ ടാപ്പിന്റെയും നിശ്ചിത ദൂരം പൈപ്പിന്റെയും ടാപ്പിന്റെയും ചുമതല അടുത്ത കുടുംബക്കാരെ ഏൽപിക്കുക.

## ആരോഗ്യം

ആരോഗ്യമുള്ള ജനത ഒരു രാജ്യത്തിന്റെ സമ്പത്താണ്. പലരംഗങ്ങളിലും മാതൃകയായിട്ടുള്ള നമ്മുടെ സംസ്ഥാനത്ത് ആരോഗ്യ രംഗത്ത് പല പോരായ്മകളും കണ്ടെത്താൻകഴിയും. ജനക്ഷേമത്തിനായുള്ള പൊതുസ്ഥാപനങ്ങൾ വെറും നോക്കുകുത്തികളായി മാറുകയും, വർഷംതോറും ആരോഗ്യസംരക്ഷണ ചിലവ് കൂടിവരികയും ചെയ്യുന്നു. ഇതിന് ഒരു പരിഹാരം കാണണമെങ്കിൽ പൊതുവുടമയിലുള്ള ആരോഗ്യസേവന സംവിധാനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും, ജനകീയമാക്കുകയും ചെയ്യുന്നതിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് അതിപ്രധാനമായ പങ്ക് വഹിക്കേണ്ടതായി വരും.

പാരമ്പര്യ ചികിത്സിക്കും, നാടൻ വൈദ്യത്തിനും ഒരു കാലത്ത് തൃക്കാക്കരയിൽ പ്രചാരം സിദ്ധിച്ചിരുന്നു. ഒരു വിധമുള്ള എല്ലാ രോഗങ്ങൾക്കും പാരമ്പര്യ ചികിത്സാരീതികളിലൂടെ ആശ്വാസം കണ്ടിരുന്നു. പിൽക്കാലങ്ങളിൽ ഈ ചികിത്സാ രീതികൾ വേണ്ടവിധത്തിൽ വളർത്തികൊണ്ടുവരുന്നതിനോ വികസിപ്പിക്കുന്നതിനോ പ്രാപ്തരായവർ വേണ്ടത്ര ശ്രദ്ധിച്ചില്ല. പൊതുവേ പഴയകാലങ്ങളിൽ ഇന്നത്തേതു പോലെ രോഗങ്ങൾ ഉണ്ടായിരുന്നില്ല. ജനാധിവാസം വർദ്ധിച്ചതോടെ പല പച്ചമരുന്നുകളും നമുക്ക് ലഭ്യമല്ലാതായി.. ഇത് ഈ ചികിത്സാ സമ്പ്രദായത്തിന്റെ തകർച്ചയ്ക്ക് കാരണമായി.

അമിതമായ വൈദ്യവൽക്കരണംകൊണ്ടോ പാരമ്പര്യചികിത്സ കൈമോശം വന്നതുകൊണ്ടോ, ഇന്ന് ചെറിയ ദേഹാസ്വാസ്ഥ്യത്തിനും തോന്നലുകൾക്കും നാം ഡോക്ടറേ കാണുന്ന പ്രവണത കൂടിക്കൂടി

വരുന്നുണ്ട്. ഉൻമൂലനം ചെയ്തു എന്നു നാം അവകാശപ്പെടുന്ന പലരോഗങ്ങളും വർദ്ധിച്ചുവരുന്നതായിക്കാണാം. ക്കാക്കര പഞ്ചായത്തിൽ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ വളരെ പിറകിലാണ്. പഞ്ചായത്തിൽ ഇപ്പോൾ രണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഒരു ആയുർവേദ ആശുപത്രിയും പ്രവർത്തിക്കുന്നു.

കൂടുതൽ സൗകര്യങ്ങളുള്ള മെച്ചമായ ചികിത്സാ കേന്ദ്രങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ചെറിയ രോഗങ്ങൾക്കുപോലും എറണാകുളത്തുള്ള ആശുപത്രികളെ ആശ്രയിക്കേണ്ടസ്ഥിതിയാണ് നിലവിലുള്ളത്. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഉണ്ടാകണം. പഞ്ചായത്തിലെ 1995-96 കാലത്തിലെ ജനന-മരണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജനനം - 452

മരണം - 104

## പ്രശ്നങ്ങളും, സാദ്ധ്യതകളും

1. പഞ്ചായത്തിലെ നിലവിലുള്ള രണ്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സേവനം പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും ലഭിക്കുന്നില്ല.
2. പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കൂടുതൽ സൗകര്യങ്ങളോടെ മെച്ചപ്പെടുത്തണം.
3. ഈ പഞ്ചായത്തിൻെറ പ്രത്യേകതകൾ കണക്കിലെടുത്ത് 100 കിടക്കകളെങ്കിലും ഉള്ള ആശുപത്രി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായിട്ടുണ്ടാകണം.
4. പകർച്ചവ്യാധികൾക്ക് ഫലപ്രദമായ കുത്തിവെയ്പ് കുറ്റമറ്റതാകാൻ ശ്രദ്ധിക്കണം.
5. ആരോഗ്യ വകുപ്പ് ഉദ്യോസ്ഥരുടെ 'ഭവന സന്ദർശന പരിപാടി' ഊർജ്ജിതമാക്കുകയും, കുട്ടികൾക്കുള്ള മരുന്നുവിതരണ പരിപാടി യഥാസമയം നടപ്പിലാക്കുകയും ചെയ്യണം.
6. വാർഡ് അടിസ്ഥാനത്തിൽ ആരോഗ്യസെമനാറുകൾ സംഘടിപ്പിച്ച് ജനങ്ങളിൽ കൂടുതൽ ബോധവൽക്കരണം നടത്തണം.
7. സിവിൽ സ്റ്റേഷനു സമീപം പൊതുജനങ്ങൾക്ക് ഒരു പൊതുകക്കൂസ്, മൂത്രപ്പുര എന്നിവ നിർമ്മിക്കുകയും അവയുടെ ശുചിത്വം ഉറപ്പുവരുത്തുകയും വേണം.
8. പാർപ്പിട കോളനികളിൽ വലച്ചെറിയുന്ന വേസ്റ്റുകൾ സംസ്ക്കരിക്കുന്നതിന് ഒരു പൊതുസ്ഥലം ഉണ്ടാകേണ്ടതും, അവ കൃത്യമായി മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാവുകയും വേണം.
9. കൊതുക് പരത്തുന്ന മാരകരോഗങ്ങളിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിന് വ്യാപകമായ മരുന്നുതളി (പ്രത്യേകിച്ചും ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ) നടത്തുന്നതിന് അടിയന്തിരമായിട്ടുണ്ടാകണം.
10. അലഞ്ഞുനടക്കുന്ന പട്ടികളുടെശല്യം പഞ്ചായത്തിൽ അടിക്കടി വർദ്ധിച്ചുവരുന്നു. അവയെ നശിപ്പിക്കുന്നതിനുള്ള നടപടി അടിയന്തരമായിട്ടുണ്ടാകണം.
11. ആവശ്യത്തിന് ഓടകൾ ഇല്ലാത്തതിനാലും, ഉള്ളവ വൃത്തിയാക്കാത്തതിനാലും വെള്ളക്കെട്ടു ഭീഷണിയും മലിനജലം കെട്ടിക്കിടക്കുന്നതും ഒഴിവാക്കാൻ വേണ്ട നടപടി ഉണ്ടാക്കണം.
12. എൻ.പി.ഓ.എൽ., വ്യവസായമേഖല, ഹോട്ടലുകൾ, പാർപ്പിട മേഖല എന്നിവിടങ്ങളിൽ നിന്നും ഒഴുകി വരുന്ന മലിനജലം ആരോഗ്യത്തിന് വലിയ ഭീഷണിയായി മാറിയിരിക്കുന്നു. ഇത് പരിഹരിക്കുന്നതിന് ടാങ്കുകൾ നിർമ്മിച്ച് വെള്ളം അതിൽ കെട്ടിനിർത്തി ശുദ്ധീകരിച്ച് കൃഷിക്ക് ഉപയുക്തമാക്കാം.
13. ഹോമയോ, ആയുർവേദ ആശുപത്രികൾ സ്ഥാപിക്കണം.
14. പി.എച്ച്.സിയിൽ സ്ത്രീകളേയും കുട്ടികളേയും ചകിത്സിക്കുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തണം.
15. എല്ലാ അത്യാവശ്യ മരുന്നുകളും പി.എച്ച്.സിയിൽ നിന്നും ലഭിക്കുന്നില്ല.
16. പി.എച്ച്.സിയോടനുബന്ധിച്ച് ഒരു മെഡിക്കൽഷോപ്പ് ഇല്ല.
17. മാതൃശിശുസംരക്ഷണ കേന്ദ്രം ഉണ്ടാകണം.
18. കിണറുകളിലെ ജലം ക്ലോറിനേറ്റു ചെയ്യുന്നതിനുള്ള നടപടി അടിയന്തിരമായിട്ടുണ്ടാവണം. ●

# ഗതാഗതം

# ഊർജ്ജം

# മാർക്കറ്റ്

# ഗതാഗതം
# ഊർജ്ജം
# മാർക്കറ്റ്

ഏതൊരു നാടിൻെറയും പുരോഗതിക്ക് ഒരു പ്രധാനഘടകം ആ നാടിൻെറ ഗതാഗതമാണ്. സമൂഹത്തിൻെറ തന്നെ സമസ്ത പുരോഗതിക്കും അതു വഴിതെളിക്കും. ജനങ്ങളുടെ പൊതുജീവിതത്തിൽ ഗതാഗതത്തിനുള്ള സ്ഥാനം വളരെ വലുതാണ്. മൊത്തത്തിൽ വികസനം എന്നു കേൾക്കുമ്പോൾത്തന്നെ, റോഡുകളുടെയും, പാലങ്ങളുടെയും കാര്യമാണ് നമ്മുടെയെല്ലാം മനസ്സിൽ ആദ്യമായി ഓടി എത്തുക. ചരിത്രസംഭവങ്ങൾക്കും, നവോത്ഥാന പ്രസ്ഥാനങ്ങൾക്കും ജന്മം നൽകിയിട്ടുള്ള നമ്മുടെ പൂർവികർ അറിയാനും, അറിയിക്കാനും യാത്ര ചെയ്തിരുന്നത് നാടൻ തോണികൾ ഉപയോഗിച്ചായിരുന്നു. ചരക്കുകൾ എത്തിക്കുന്നതിനും തോണികൾ തന്നെയായിരുന്നു ആശ്രയം. ഒരു കാലത്ത് വെള്ളം ഒലിച്ചുപോയിരുന്ന ചാലുകൾ ഇടവഴികളായും മറ്റും രൂപപ്പെട്ടു. ആദ്യകാലങ്ങളിൽ വാല്യക്കാർ ഏറ്റിനടക്കുന്ന മഞ്ചൽ സഞ്ചാരം നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നതായി ചരിത്രരേഖകൾ വ്യക്തമാക്കുന്നു. യാത്രക്കാരുടെ എണ്ണം കൂടിയതോടെ കേവലം നടവഴിയായിരുന്നവ സഞ്ചാരയോഗ്യമായ റോഡുകളായി മാറി. ഏകദേശം ഇരുപതു വർഷങ്ങൾക്കപ്പുറം പരിമിതമായ ബസ്സ് സർവ്വീസ് മാത്രം ഉണ്ടായിരുന്ന ഈ പഞ്ചായത്തിൽ ജില്ലാ ആസ്ഥാനം നിലവിൽ വന്നതോടുകൂടി ധാരാളം ബസ്സുകൾ ഓടിത്തുടങ്ങി. ഇപ്പോൾ ജില്ലയിലെ ഏതു ഭാഗത്തും, അന്തർ ജില്ലകളിലേക്കും ഉള്ള ബസ്സ് ഇവിടെ നിന്നും ലഭിക്കുന്നു. ഏകദേശം 150-ഓളം ബസ്സുകൾ ദിവസേന സർവ്വീസ് നടത്തിവരുന്നുണ്ട്.

ഈ പഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന പ്രധാനപ്പെട്ട റോഡുകൾ, പാലാരിവട്ടം-കുമാരപുരം റോഡ്, ഇടപ്പള്ളി-മൂവാറ്റുപുഴ റോഡ്, പാട്ടുപുരയ്ക്കൽ -ഇടച്ചിറയ്ക്കൽ റോഡ്, പടമുകൾ-പാലച്ചുവടു റോഡ് എന്നിവയാണ്. ഇവകൂടാതെ നൂറോളം ചെറിയ റോഡുകളും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ യാത്രാസൗകര്യം ഉതകുംവിധം ഓട്ടോസ്റ്റാൻറ്, ടാക്സിസ്റ്റാൻറ്, ടെമ്പോസ്റ്റാൻറ് എന്നിവ നിലവിലുണ്ട്.

നിലവിലുള്ള റോഡുകൾ

പഞ്ചായത്തിൽ ആകെയുള്ള റോഡുകളുടെ മൊത്തം നീളം ....... കി.മീ. ആണ്.

പട്ടിക - 1

| ക്രമ നമ്പർ | ഉടമസ്ഥത | റോഡുകളുടെ എണ്ണം | ടാർചെയ്യാത്ത നീളം (കി.മീ) | ടാർ ചെയ്തത നീളം (കി.മീ) | ആകെ നീളം കി.മീ |
|---|---|---|---|---|---|
| 1. | പഞ്ചായത്ത് | 195 | | | |
| 2. | പി.ഡബ്ല്യൂ.ഡി | 8 | | | |

### പ്രശ്നങ്ങൾ

### റോഡുകളുടെ പ്രശ്നങ്ങൾ

റോഡുകളുടെ പൊതുസ്ഥിതി മോശമാണ്. അശാസ്ത്രീയമായ വളവുകളും തിരുവുകളും കാരണം അപകടങ്ങൾ ധാരാളം ഉണ്ടാകുന്നു. മിക്കറോഡുകളിലും വെള്ളം ഒഴുകിപോകുന്നതിന് ആവശ്യമായ ഓടകളും, കലുങ്കുകളും ഇല്ല. വാർഷിക അറ്റകുറ്റപ്പണികൾ കൃത്യമായി നടത്താത്തതുകാരണം പല റോഡുകളും കുണ്ടുംകുഴിയുമായിമാറുന്നു. റോഡിൻെറ നിർമ്മാണത്തിലും അറ്റകുറ്റപ്പണിയിലും, ശാസ്ത്രീയമായ രീതി അവലംഭിക്കാത്തതും, പ്രാദേശിക ഇടപെടലും ചെലവഴിക്കപ്പെടുന്ന ഫണ്ടിൻെറ ചോർച്ചയുമാണ് റോഡിൻെറ ഇന്നത്തെ നിലയിലുള്ള ശോച്യാവസ്ഥയ്ക്ക് പ്രധാനകാരണമായി പറയുന്നത്.

### സാധ്യതകൾ - റോഡ് ഗതാഗതം

റോഡ് ഗതാഗതം മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്ന് ഏറെ നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട്. ലഭ്യമാകുന്ന ഫണ്ടും, മറ്റു സഹകരണങ്ങളും ശ്രമദാന പ്രവർത്തനങ്ങളും കൊണ്ട് സാധ്യമാക്കാൻ പറ്റുന്ന നിർദ്ദേശങ്ങളാണ് താഴെകൊടുത്തിരിക്കുന്നത്. എല്ലാ ഗ്രാമസഭകളിൽനിന്നും ശ്രമദാന പ്രവർത്തനങ്ങൾക്കുള്ള വാഗ്ദാനങ്ങൾ ഉണ്ടായിട്ടുണ്ട്.

1. എല്ലാ വാർഡുകളിലും വാഹനഗതാഗതം ഏറെയുള്ള റോഡുകൾ (മെറ്റൽറോഡും മൺറോഡും) മുൻഗണനാക്രമം അനുസരിച്ച് ടാർചെയ്ത് ഗതാഗത സൗകര്യം വർദ്ധിപ്പിക്കണം.

2. ഗതാഗത സൗകര്യം വേണ്ടത്ര ഇല്ലാത്ത പ്രദേശങ്ങളിൽ ആവശ്യമായ റോഡ് സൗകര്യം ഉണ്ടാകണം.

3. എല്ലാ ഗ്രാമസഭകളും, ധാരാളം പുതിയ റോഡുകൾക്കായി നിർദ്ദേശം വയ്ക്കുകയുണ്ടായി. മുൻഗണനാക്രമത്തിൽ അത്തരം റോഡുകൾ ഏറ്റെടുത്തു കൊണ്ട് വാർഡിലുള്ള ഗതാഗതസൗകര്യം വർദ്ധിപ്പിക്കണം.

4. ഇരുമ്പനം-കളമശ്ശേരി റോഡിലുള്ള പാലത്തിൻെറ പണിപൂർത്തിയാക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. റോഡിൻെറ ബാക്കിഭാഗം കൂടി പൂർത്തീകരിച്ച് എത്രയുംവേഗം ഗതാഗതയോഗ്യമാക്കണം.

5. ടൂറിസ്റ്റുകളെ ആകർഷിക്കാനുതകും വിധത്തിൽ പഞ്ചായത്തിൽ ജലഗതാഗതത്തിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കണം.

6. നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലഭ്യമാകുന്ന ഫണ്ട് അതത് പ്രവർത്തികൾക്ക് പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടോയെന്ന് ജനകീയ കമ്മറ്റികളുടെ ഇടപെടലുകളിലൂടെ ഓരോ ഘട്ടത്തിലും വിലയിരുത്തണം.

7. റോഡ്സൈഡുകളിൽ കയ്യേറ്റം നടത്തി കച്ചവടം നടത്തുന്നവരേയും, വർക്ക്ഷോപ്പ് നടത്തുന്നവരേയും, കെട്ടിടം വയ്ക്കുന്നതിനുള്ള സാധനങ്ങൾ ഇറക്കുന്നവരേയും കർശനമായി നിയന്ത്രിക്കണം. ഓടകൾ ഇല്ലാത്ത റോഡുകളിൽ അവ അടിയന്തിരമായി നിർമ്മിച്ച് വെള്ളക്കെട്ട് തടയുകയും, അതുവഴി റോഡുകളുടെ ശിഥിലീകരണവും തടയണം.

8. റോഡുകളിൽ വഴിവിളക്കുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന പ്രധാനപ്പെട്ട എല്ലാ റോഡുകളുടെയും സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് പഞ്ചായത്തിൽ പട്ടികപ്പെടുത്തി വയ്ക്കുന്നത് നന്നായിരിക്കും.

2. പഞ്ചായത്ത് റോഡ് അതിർത്തികളുടെയും പുറമ്പോക്കുസ്ഥലങ്ങളുടെയും അതിരുകൾ തിട്ടപ്പെടുത്തി മാർക്കുചെയ്തു വയ്ക്കുന്നത് സ്ഥലകയ്യേറ്റം ഒഴിവാക്കാൻ സഹായിക്കും.

ഗ്രാമസഭകളിൽനിന്നും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും, ഏറ്റവും കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നതുമായ മൺറോഡുകളുടെ പട്ടിക അനുബന്ധം ഏ-യിൽ കൊടുക്കുന്നു.

### ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതും വികസിപ്പിക്കേണ്ടവയും

| *നമ്പർ* | *റോഡിന്റെ പേര്* | *റിമാർക്ക്സ്* |
|---|---|---|
| 1. | പടമുഗൾ സ്കൂളിനു മുൻവശത്തുകൂടി ടി.വി. സെൻററിലേക്കുള്ള റോഡ് | മൺ റോഡ് - 2 കി.മീ |
| 2. | ആനമുക്ക്-വെളുത്ത പാറ റോഡ് | |
| 3. | അയ്യപ്പക്ഷേത്രം -ദൈവത്തിൻ മുഗൾ റോഡ് | |
| 4. | വാടയ്ക്കകം കോളനി റോഡ് | |
| 5. | ലക്ഷം വീട് കോളനി റോഡ് | |
| 6. | ക്രാഷ് റോഡ് | |
| 7. | ഐ.ടി.സി. റോഡ് | |
| 8. | ചെമ്പുമുക്ക്-പുളിക്കില്ലം റോഡ് | |
| 9. | കോന്നുള്ളി റോഡ് | |
| 10. | അയ്യനാട്ടു സൊസൈറ്റി റോഡ് | |
| 11. | പാപ്പുമേസ്തിരി റോഡ് | |
| 12. | ഇഞ്ചിപ്പറമ്പു റോഡ് | |
| 13. | മോളത്തുറോഡ് | |
| 14. | പൈപ്പ്ലൈൻ-എൻജിനീയറിംഗ് കോളേജ് റോഡ് | |
| 15. | കരിമക്കാട്-മസ്ജിത് റോഡ് | |
| 16. | കൊല്ലംകുടി-മില്ലുംപടി റോഡ് | |
| 17. | കൊടുപ്പള്ളിമൂല നടപ്പാത റോഡ് | |
| 18. | കർദ്ദിനാൾനഗർ-ചർച്ച് റോഡ് | |
| 19. | കരുണാലയം-ചൂരിക്കട്ടയിമൂല റോഡ് | |
| 20. | കർദ്ദിനാൾ ഹൈസ്ക്കൂൾ-കരിമക്കാട് റോഡ് | |
| 21. | വിജോഭവൻ-മലേപ്പള്ളിറോഡ് | |
| 22. | ജഡ്ജിമുക്ക്-കാരുവള്ളിമൂല റോഡ് | |
| 23. | വിജോഭവൻ-കൊല്ലംകുടി മുഗൾ റോഡ് | |
| 24. | അത്താണിശ്മശാനം റോഡ് | |
| 25. | കീരേലിമല റോഡ് | |
| 26. | കാക്കനാട്-കൊല്ലംകുടി മുകൾ റോഡ് | |
| 27. | കൊല്ലംകുടി 4 സെൻറ് ഹരിജൻ കോളനി ഹോസ് | |

| നമ്പർ | റോഡിന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 28. | അമ്പാടിമൂല കോളനിറോഡ് | |
| 29. | കാക്കനാട്-നെച്ചിക്കാട്ടു റോഡ് | |
| 30. | നെച്ചിക്കാട്ടുമൂല-ഇരുമ്പനം-കളമശ്ശേരി റോഡ് | |
| 31. | മില്ലുംപടി-കുഴിക്കാല റോഡ് | |
| 32. | ചെമ്പംവേലി കോളനി റോഡ് | |
| 33. | ബി. കോളനി റോഡ് | |
| 34. | വെട്ടിക്കുഴി റോഡ് | |
| 35. | പള്ളത്തുപടി-പോട്ടക്കാട്ടും റോഡ് | |
| 36. | കളത്തിക്കുഴി-മുണ്ടയ്ക്കനട റോഡ് | |
| 37. | എ. കോളനി റോഡ് | |
| 38. | വായനശാല-തെങ്ങോട് വിശുദ്ധമാർത്താ മറിയം റോഡ് | |
| 39. | കളത്തിക്കുഴി-കീരിക്കാട്ടുമൂല റോഡ് | |
| 40. | ലാവണ്യപ്രസ്സ്-അത്താണി റോഡ് | |
| 41. | നെടുംകുളങ്ങരമല-അത്താണി റോഡ് | |
| 42. | അത്താണി-പാറമാട റോഡ് | |
| 43. | കുഴിക്കാട്ടുമൂല-പള്ളിത്താഴം റോഡ് | |
| 44. | കുസുമഗിരി-മണ്ണോർക്കാട്ടുമുല റോഡ് | |
| 45. | പാറയ്ക്കമുഗൾ-ബ്രഹ്മപുരം റോഡ് | |
| 46. | ഇടച്ചിറ - തലക്കോട്ടുമൂല മസ്ജിത്റോഡ് | |
| 47. | ഇടച്ചിറ-മാർത്തോമാ റോഡ് | |
| 48. | കരിമ്പനയ്ക്ക മൂല-മാർത്തോമാ റോഡ് | |
| 49. | നിലംപതിഞ്ഞി-ചിറ്റേത്തുകര റോഡ് | |
| 50. | നിലംപതിഞ്ഞി-കുഴിക്കാട്ടുമൂല റോഡ് | |
| 51. | അത്തിക്കാലി റോഡ് | |
| 52. | ചിറ്റേത്തുകര സിയന്നാഭവൻ റോഡ് | |
| 53. | പ്രതിഭാ ലേ ഔട്ട് റോഡ് | |
| 54. | നിലംപതിഞ്ഞി-ആഞ്ഞിക്കാത്ത് റോഡ് | |
| 55. | ചിറ്റേത്തുകര-കോലോത്തുംകടവ് റോഡ് | |
| 56. | എൻ.ജി.ഓ. ഫ്ളാറ്റ്-ഇടപ്പിള്ളിറോഡ് | |
| 57. | പടമുഗൾ-യൂത്ത് ഹോസ്റ്റൽ റോഡ് | |

| നമ്പർ | റോഡിന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 58. | ചാത്തൻവേലിപ്പാടം-ഇല്ലത്തുമുഗൾ റോഡ് | |
| 59. | ചാലക്കരറോഡ് | |
| 60. | കല്ലടായിത്തടം-സിവിൽ സ്റ്റേഷൻ റോഡ് | |
| 61. | പൊയ്കച്ചിറ-ഇരുമ്പനം റോഡ്. | |
| 62. | തോപ്പിൽ മേരിമാതാ റോഡ് | |
| 63. | ദേശീയകവല-ലക്ഷംവീടുകോളനി റോഡ് | |
| 64. | എൻ.ജി.ഒ ക്വാർട്ടേഴ്സ്-ചാലിപ്പറമ്പു റോഡ് | |
| 65. | കരിമക്കാട്-എൻ.പി.ഓ.എൽ റോഡ് | |
| 66. | വലിയപ്പാടം സഹകരണറോഡ് | |
| 67. | പൈപ്പ്ലൈൻ സഹകരണറോഡ് | |
| 68. | തോട്ടപ്പാട്ട് ഹെൽത്ത് സെൻറർ കണ്ണങ്കേരി റോഡ് | |
| 69. | തുതിയൂർ-കുനനാഞ്ഞിലി റോഡ് | |
| 70. | തുതിയൂർ-ചാത്തനാംചിറ റോഡ് | |
| 71. | തുതിയൂർ-മണ്ടോത്തിത്താഴം റോഡ് | |
| 72. | ചാത്തനാംചിറ-ചിറ്റേത്തുകര റോഡ് | |
| 73. | എഞ്ചിനീയറിംഗ് കോളേജ്-തെങ്ങോച്ചാൽ റോഡ് | |
| 74. | പുതുവാൻമൂല-ചങ്ങാലമൂല റോഡ് | |
| 75. | കുടിലുമുക്ക്-തൈക്കാവ് റോഡ് | |
| 76. | ഇല്ലത്തുമുഗൾ-കിണറ്റിശാല റോഡ് | |
| 77. | രാജീവ് ലക്ഷംവീടു റോഡ് | |
| 78. | ഉള്ളംപള്ളിമൂല-ഭാരതമാതാ കോളേജ് റോഡ് | |
| 79. | നെയ്തേലിമൂല-മാവേലിപുരം റോഡ് | |
| 80. | ഇല്ലത്തുമുഗൾ-മാമകോളനി റോഡ് | |
| 81. | വെള്ളാട്ടുപാടം റോഡ് | |
| 82. | പാലച്ചുവട്-എൻ.പി.ഓ.എൽ റോഡ് | |
| 83. | മുഹയിദ്ധീൻ പള്ളി-ചർച്ച് ഓഫ് ക്രൈസ്റ്റ് റോഡ് | |
| 84. | കുടിലുമുക്ക്-ഇരുമ്പനം-കളമശ്ശേരി റോഡ് | |
| 85. | ഇല്ലത്തുമുഗൾ-വെള്ളാട്ടുപാടം റോഡ് | |
| 86. | ആനിക്കാത്തുനട-വ്യവസായമേഖല റോഡ് | |

| നമ്പർ | റോഡിൻെറ പേര് | റിമാർക്ക്സ് |
|---|---|---|
| 87. | ഓലിക്കുഴി കോളനി റോഡ് | |
| 88. | ഓലിക്കുഴി ഹരിജൻ കോളനി റോഡ് | |
| 89. | പാപ്പാളി കോളനി റോഡ് | |
| 90. | സാറ്റലൈറ്റ് ഇൻേറണൽ റോഡ് (2-ാം ഭാഗം) | |
| 91. | മാമാകോളനി റോഡ് | |
| 92. | നാലുസെൻറ് കോളനി റോഡ് (13-ാം വാർഡ്) | |
| 93. | വെള്ളാട്ടുംപാടം റോഡ് | |
| 94. | കരിമക്കാട് ഹരിജൻ കോളനി റോഡ് | |
| 95. | റേഡിയോനിലയം-ക്രാഷ് റോഡ് | |
| 96. | റോഡിയംനിലയം-പടമുഗൾ റോഡ് | |
| 97. | മസ്ജീത്-ഇല്ലത്തുമുഗൾ റോഡ് | |
| 98. | ഗിരിഭവൻ-സെൻറ് ആൻറണീസ് ചർച്ച് റോഡ് | |
| 99. | സെൻട്രൽ എക്സൈസ് -തൈക്കാവ് റോഡ് | |
| 100. | കൊറ്റേത്ത്-താണപാടം റോഡ് | |
| 101. | കൊറ്റേത്ത് കോളനി റോഡ് | |
| 102. | ക്രാഷ്-മസ്ജിത് റോഡ് | |
| 103. | ഗിരിഭവൻ റോഡ് | |
| 104. | കൊച്ചിൻ പബ്ലിക്ക് സ്കൂൾ റോഡ് | |
| 105. | പടന്നാട്ട് പറമ്പ്-പൈപ്പ്ലൈൻ റോഡ് | |
| 106. | കരിമക്കാട് വൈ.എം.സി.എ-പൈപ്പ്ലൈൻ റോഡ് | |
| 107. | കരിമക്കാട്-പടന്നാട്ടുപറമ്പ് റോഡ് | |
| 108. | വാർളിമൂല-മൂന്ന് സെൻറ് കോളനി ഇൻറീരിയൽ റോഡ് | |
| 109. | ഇടച്ചിറ-തലക്കോടുമൂല ഇൻറീരിയർ റോഡ് | |
| 110. | നെടുംകുളങ്ങരമല ഇൻറീരിയർ റോഡ് | |
| 111. | അത്താണി-മണ്ണോർക്കോട്ടുമൂല റോഡ് | |
| 112. | അത്താണിമലയിൽ കോളനി റോഡ് | |
| 113. | പാറക്കമുഗൾ-ചേലക്കുഴി റോഡ് | |
| 114. | തുതിയൂർ-വെട്ടുവേലി റോഡ് | |
| 115. | പാലച്ചോട്-മൂലേപ്പാറ റോഡ് | |

| *നമ്പർ* | *റോഡിന്റെ പേര്* | *റിമാർക്ക്സ്* |
|---|---|---|
| 116. | കുന്നേപ്പറമ്പ്-പീച്ചുംപിള്ളി റോഡ് | |
| 117. | കെ.പി.കുര്യൻ റോഡ് | |
| 118. | നിലംപതിഞ്ഞി-ഇടക്കാട്ടുശ്ശേരി സിവിൽ സ്റ്റേഷൻ റോഡ് | |
| 119. | പ്രതിഭാ ലേ ഔട്ട്-നിലംപതിഞ്ഞി മുഗൾ റോഡ് | |
| 120. | ചിറ്റേത്തുകര-ബൈപ്പാസ് റോഡ് (പഴയത്) | |
| 121. | പള്ളിമുഗൾ-കുഴിക്കാട്ടുമൂല റോഡ് | |
| 122. | നിലംപതിഞ്ഞി-ലക്ഷംവീടു കോളനി റോഡ് | |
| 123. | ഇടയ്ക്കാട്ടുകേരി-മൂന്നുസെൻറ് കോളനി റോഡ് | |
| 124. | ഇടച്ചിറ-തട്ടാൻ കടവ് റോഡ് | |
| 125. | തലക്കോട്ടുമൂല മസജിത്-ഇടച്ചിറബണ്ട് റോഡ് | |
| 126. | കരിമ്പനക്കമൂല-ഒറ്റിക്കാലി റോഡ് | |
| 127. | കരമ്പനക്കമൂല കോളനി റോഡ് | |
| 128. | ചേലക്കായി-മസ്ജിത് റോഡ് | |
| 129. | അടുപ്പുനട-ഡിസ്റ്റിലറി റോഡ് | |
| 130. | കുന്നേപ്പറമ്പ്-ക്രാഷ് റോഡ് | |
| 131. | ഐ.ടി.സി-ചെട്ടിമൂല റോഡ് | |
| 132. | കണ്ടേപാടം റോഡ് | |
| 133. | പറേപാടം-കൈതേലിപ്പടി റോഡ് | |
| 134. | മലമേൽപാടം റോഡ് | |
| 135. | ഇല്ലത്തുമുഗൾ-ക്രാഷ് റോഡ് | |
| 136. | കാദർപിള്ള ഹാജി മെമ്മോറിയൽ റോഡ് | |
| 137. | രാജീവ്ജി റോഡ് | |
| 188. | പ്രതിഭാ ലേ ഔട്ട് ഇൻറീരിയർ റോഡ് | |
| 189. | നിലംപതിഞ്ഞി-മൂന്ന് സെൻറ് കോളനി ഇൻറീരിയർ റോഡ് | |
| 140. | എം.എൽ.എ റോഡിന്റെ വടക്കോട്ടുള്ള കുഴിക്കാട്ടുമൂല റോഡ് | |
| 141. | ചിറ്റേത്തുകര-കുമേന്ത റോഡ് | |
| 142. | നിലംപതിഞ്ഞി-കുഴിക്കാട്ടുമുല റോഡ് | |
| 143. | കെ.പി. കുര്യൻ-ചിറ്റേത്തുകര-നോർത്ത് ആൻറ് സൗത്ത് ഇൻറീരിയർ റോഡ് | |
| 144. | ചിറ്റേത്തുകര-കോരംകുളം റോഡ് | |

| നമ്പർ | റോഡിന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 145. | ചിറ്റേത്തുകര മസ്ജിത് റോഡ് | |
| 146. | ചിറ്റേത്തുകര മേക്കാത്ത് റോഡ് | |
| 147. | ചിറ്റേത്തുകര-മുളക്കാമ്പിള്ളി റോഡ് | |
| 148. | ചിറ്റേത്തുകര-പാറമട റോഡ് | |
| 148. | ചിറ്റേത്തുകര സ്കൂൾ റോഡ് | |
| 150. | പാറക്കാമുഗൾ റോഡ് | |
| 151. | ചേരിഹരിജൻകോളനി റോഡ് | |
| 152. | കാട്ടാമറ്റം റോഡ് | |
| 153. | പാലച്ചുവട്-പൊരുതിയിൽ നാരായണൻ വൈദ്യർ റോഡ് | |
| 154. | പടമുഗൾ-മോരിക്കാമൂല റോഡ് | |
| 155. | പടമുഗൾ താണപാടം റോഡ് | |
| 156. | പടമുഗൾ-സാറ്റലൈറ്റ് റോഡ് | |
| 157. | ഹരിജൻ കോളനി-മടത്തിപറമ്പിൻ റോഡ് | |
| 158. | തുതിയൂർ ജനതാ റോഡ് | |
| 159. | പാലച്ചുവട്-അമ്പലപ്പാറ റോഡ് | |
| 160. | ഊച്ചമുക്ക് എ.ബി.എം.-നിലംപതിഞ്ഞിമുഗൾ റോഡ് | |
| 161. | ജഡ്ജിമുക്ക്-യൂണിവേഴ്സിറ്റി റോഡ് | |
| 162. | പള്ളത്തുഞാൻ കോളനി റോഡ് | |
| 163. | പഴങ്ങാട്ടുമൂല-മില്ലുംപടി റോഡ് | |
| 164. | കൊല്ലംകുടി-ബി.എം.സി. റോഡ് (ഹരിജൻ കോളനി) | |
| 165. | വള്ളത്തോൾ-സാൽവേഷൻ ആർമി റോഡ് | |
| 166. | ദാറുസലാം-തൃക്കാക്കര മസ്ജിത് റോഡ് | |
| 167. | ചൂരക്കെട്ടായിമൂല-പച്ചാനിക്കൽ റോഡ് | |
| 168. | റബ്ബർതോട്ടം-ഹെൽത്ത് സെൻറർ റോഡ് | |
| 169. | പുതുവാമൂല-ചെങ്ങാലമൂല റോഡ് | |
| 170. | എൽ.എഫ്.ജനറലേറ്റ്-ലക്ഷംവീടു റോഡ് | |
| 171. | മലേപള്ളി-കൊല്ലംകുടിമുഗൾ റോഡ് | |
| 172. | കൊല്ലംകുടിമുഗൾ-കങ്ങരപടി റോഡ് | |
| 173. | ഹെൽത്ത് സെൻറർ റോഡ് | |

| നമ്പർ | റോഡിൻെറ പേര് | റിമാർക്ക്സ് |
|---|---|---|
| 174. | വളവൻ കോളനി റോഡ് | |
| 175. | കണ്ണൻ കേരി കോളനി റോഡ് | |
| 176. | നോടുഫാട്ട് കോളനി അമ്മൻകോവിൽ റോഡ് | |
| 177. | കുന്നത്തുകര കോളനി-ആദർശ് സ്കൂൾ റോഡ് | |
| 178. | തോട്ടവാട്ട് കോളനി-ചിറ്റേത്തുകര-കണ്ണങ്കേരി റോഡ് | |
| 179. | ആദർശ്-കൂനനാഞ്ഞിലി റോഡ് | |
| 180. | മനക്കകോളനി റോഡ് | |
| 181. | സെമിത്തേരി കോളനി റോഡ് | |
| 182. | പോങ്കാട്ടുകോളനി റോഡ് | |
| 183. | ആദർശ്-വളവൻ കോളനി റോഡ് | |
| 184. | കുന്നത്തുചിറ കോളനി-ബിസ്ക്കറ്റ് കമ്പനി റോഡ് | |
| 185. | മാന്ത്രകോളനി-മാന്ത്രയിൽ റോഡ് | |
| 186. | തുതിയൂർ-മാന്ത്രകോളനി റോഡ് | |
| 187. | തെങ്ങോട് സ്കൂൾ-മനയ്ക്കക്കടവ് റോഡ് | |
| 188. | ഇടച്ചിറ-കളത്തിക്കുഴി റോഡ് | |
| 189. | മില്ലുംപടി-കളത്തിക്കുഴി റോഡ് | |
| 190. | കളത്തിക്കുഴിമൂല-ലക്ഷം വീടു കോളനി റോഡ് | |
| 191. | കളത്തിക്കുഴി-കോറോമാണ്ടൽ റോഡ് | |
| 192. | കളത്തിക്കുഴി-മർത്തോമസ്കൂൾ റോഡ് | |
| 193. | മനയ്ക്കക്കടവ്-എളവക്കാട്ടുമൂല റോഡ് | |
| 194. | കുഴിപ്പിള്ളിമൂല-കനാൽ ബണ്ട് റോഡ് | |
| 195. | കാക്കനാട്-പരപ്പയിൽ കോളനി റോഡ് | |

## പി.ഡബ്ല്യൂ.ഡി റോഡ്

| | | |
|---|---|---|
| 1. | പാലാരിവട്ടം-കുമാരപുരം റോഡ് | |
| 2. | ഇരുമ്പനം-കളമശ്ശേരി റോഡ് | |
| 3. | പാലച്ചോട്-കാക്കനാട്-നിലംപതിഞ്ഞിറോഡ് | |
| 4. | നിലംപതിഞ്ഞിമുഗൾ-മാപ്രാണം എം.എൽ.എ റോഡ് | |
| 5. | പടമുഗൾ-പാലച്ചോട് റോഡ് | P.W.D ഏറ്റെടുത്തു |

| നമ്പർ | റോഡിന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 6. | കുഴിക്കാട്ടുമൂല-ഇടച്ചിറ-വായനശാല റോഡ് | P.W.D ഏറ്റെടുത്തു |
| 7. | അത്താണി-മുണ്ടംപാലം റോഡ് | P.W.D ഏറ്റെടുത്തു |
| 8. | ഇടപ്പള്ളി-പരുത്തേലി റോഡ് | |

## ടാർ ചെയ്ത റോഡുകൾ

| | | |
|---|---|---|
| 1. | രാമകൃഷ്ണനഗർ-തുതിയൂർ റോഡ് | |
| 2. | വാഴക്കാല-ദേശീയകവല റോഡ് | |
| 3. | വാഴക്കാല-മൂലേപ്പാറ റോഡ് | |
| 4. | വാഴക്കാല-കുന്നേപ്പറമ്പ് റോഡ് | |
| 5. | ചെമ്പുമുക്ക്-കെന്നഡിമൂക്ക് റോഡ് | |
| 6. | ചെമ്പുമുക്ക്-പുളിക്കില്ലം-കടമക്കേരി റോഡ് | ഭാഗികം |
| 7. | വാഴക്കാല-കുണ്ടുവേലി റോഡ് | |
| 8. | വാഴക്കാല-മൊറാർജി റോഡ് | |
| 9. | റേഡിയോനിലയം-ക്രാഷ് റോഡ് | ഭാഗികം |
| 10. | ബി.എം.നഗർ റോഡ് | ഭാഗികം |
| 11. | എഞ്ചിനീയറിംഗ് കോളേജ്-തോപ്പിൽ റോഡ് | |
| 12. | തോപ്പിൽ-മരോട്ടിച്ചോട് റോഡ് | |
| 13. | ഇല്ലത്തുമുഗൾ-മരോട്ടിച്ചോട് റോഡ് | |
| 14. | ഉണിച്ചിറ-തോപ്പിൽ റോഡ് | |
| 15. | വെള്ളയ്ക്കൽ-തയ്ക്കാവ് റോഡ് (ക്ലബ്ബ് റോഡ്) | |
| 16. | എഞ്ചിനീയറിംഗ് കോളേജ്-ടെംബിൾ റോഡ് | |
| 17. | എൻ.പി.ഓ.എൽ-കരിമക്കാട് റോഡ് | |
| 18. | ദേശീയകവല - തോപ്പിൽ റോഡ് | ഭാഗികം |
| 19. | ബി.എം.സി-ഉള്ളമ്പിള്ളി റോഡ് | ഭാഗികം |
| 20. | ബി.എം.സി-വിജോഭവൻ റോഡ് | |
| 21. | ഇടച്ചിറ-പണ്ടാരത്തിമല റോഡ് | ഭാഗികം |
| 22. | ഇടച്ചിറ-മാഞ്ചേരിക്കുഴി റോഡ് | ഭാഗികം |
| 23. | C.E.P.Z-ചാത്തനാം ചിറ റോഡ് | |
| 24. | ഉരലുകുത്തിപ്പാറ കോളനി റോഡ് | |

| നമ്പർ | റോഡിന്റെ പേര് | റിമാർക്ക്സ് |
|---|---|---|
| 25. | നവോദയ-മില്ലുംപടി റോഡ് | |
| 26. | വികാസവാണി-കുഴിക്കാല റോഡ് | |
| 27. | ഹൈസ്ക്കൂൾ-നിലംപതിഞ്ഞി റോഡ് | ഭാഗികം |
| 28. | പാപ്പക്കുടം കോളനി റോഡ് | |
| 29. | ഓത്തുപള്ളി പറമ്പ് റോഡ് | |
| 30. | ബി.എം.സി. തെങ്ങോച്ചാൽ കനാൽ റോഡ് | |
| 31. | ഓലിക്കുഴി റോഡ് | |
| 32. | സാറ്റലൈറ്റ് ഇൻേറണൽ റോഡ് | |

# ഊർജ്ജം

രാജ്യത്തിന്റെ വികസനപ്രക്രിയയിൽ ഏറ്റവും പ്രധാനപങ്ക് ഊർജ്ജത്തിനാണുള്ളത്. സമൂഹത്തിന്റെ ഭൗതികനിലവാരം അളക്കുന്നത് ഊർജ്ജത്തിന്റെ ഉപയോഗം ആസ്പദമാക്കിയാണ്. ഗാർഹികരംഗത്തെ ഊർജ്ജ ഉപയോഗം ജീവിത സൗകര്യങ്ങളെ മെച്ചപ്പെടുത്തുമ്പോൾ, വ്യവസായരംഗത്തെ വൈദ്യുതി ഉപയോഗം തൊഴിലവസരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നു. വൈദ്യുതി ഉപയോഗം തൊഴിലവസരങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നു. വൈദ്യുതിയുടെ ഉൽപാദനത്തിലും, ഉപയോഗത്തിലും പിന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. അതിലും പിന്നോക്കമാണ് നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി.

പഞ്ചായത്തിൽ 9840 വീടുകളാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. വ്യാപാരാവശ്യത്തിന് 980-ഉം, വ്യവസായികാവശ്യത്തിന് 345-ഉം, കാർഷികാവശ്യത്തിന് 360-ഉം കണക്ഷനുകളാണുള്ളത്. പഞ്ചായത്തിൽ വൈദ്യുതി കണക്ഷണൻ ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുള്ളവരിൽ ഓർഡിനറി വിഭാഗത്തിൽ 610-ഉം, ഒ.ടി.പി. വിഭാഗത്തിൽ 35-ഉം, OYEC വിഭാഗത്തിൽ 420-ഉം ആണുള്ളത്. പഞ്ചായത്തിൽ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ 7 എണ്ണമാണ്. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.ടി. ട്രാൻസ്ഫോർമറുകളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| *നമ്പർ* | *എൽ.ടി.ട്രാൻസ്ഫോർമറുകൾ* |
|---|---|
| 1. | ചെമ്പുമുക്ക് |
| 2. | സതേൺ ഇൻവെസ്റ്റുമെൻറ് |
| 3. | സ്കൈലെയിൻ |
| 4. | വാഴക്കാല |
| 5. | ആക്കാമ്പാറ |
| 6. | വിസിറ്റേഷൻ |
| 7. | സാറ്റലൈറ്റ് |
| 8. | പടമുകൾ |
| 9. | അമ്പലപ്പാറ |
| 10. | ഹൗസ് ഓഫ് കാർട്ടൻ |
| 11. | തുതിയൂർ - 1 |
| 12. | തുതിയൂർ - 2 |
| 13. | ഇന്ദിരാനഗർ |
| 14. | സി.ഇ.പി.സെഡ് |
| 15. | ചിറ്റേത്തുകര |
| 16. | മാപ്രാണം |
| 17. | കെ.ടി.ആർ |
| 18. | യൂത്ത് ഹോസ്റ്റൽ |
| 19. | എൻ.ജി.ഓ. ക്വാർട്ടേഴ്സ് |
| 20. | എ്യ.ഐ.ആർ. |
| 21. | എൻ.ജി.ഓ. ഫ്ളാറ്റ് - 1 |
| 22. | എൻ.ജി.ഓ. ഫ്ളാറ്റ് - 2 |
| 23. | ദേശീയമുക്ക് |
| 24. | കെന്നടിമുക്ക് |
| 25. | ജേർണലിസ്റ്റ് |
| 26. | സോഷ്യൽ വെൽഫെയർ |
| 27. | ബി.എം.നഗർ |
| 28. | പോളിപൈപ്പ് |
| 29. | പരുത്തേലി |
| 30. | ഉണിച്ചിറ |
| 31. | ടെമ്പിൾ |
| 32. | ഭാരതമാതാകോളേജ് |
| 33. | കുടിലുമുക്ക് |
| 34. | കരിമക്കാട് |
| 35. | കൊല്ലംകുടിമുകൾ - 1 |
| 36. | കൊല്ലംകുടിമുകൾ - 2 |
| 37. | കെ.ആർ.ആർ |
| 88. | കല്ല്യാൺ പോളിമർ |
| 39. | മാവേലിപുരം |
| 40. | കെ.പി.ബി.എസ് |
| 41. | കളക്ട്രേറ്റ് |
| 42. | പാട്ടുപുര |
| 43. | ഐ.എം.ജി |
| 44. | സുരഭിനഗർ |
| 45. | സെൻട്രൽപൂൾ |
| 46. | കുസുമഗിരി |
| 47. | ഡിസ്റ്റിലറി |
| 48. | ഇടച്ചിറ |
| 49. | തെങ്ങോട് |
| 50. | നവോദയ |
| 51. | നടപ്പറമ്പ് |
| 52. | ജിൽ ജിൽ |
| 53. | ജോസ് ഇലക്ട്രിക്കൽ |

## പഞ്ചായത്തിലെ പാചക ഇന്ധന സ്രോതസ്സ്

1. തെങ്ങിന്റെ ഓല, മടൽ, തൊണ്ട്, ചിരട്ട എന്നിവ
2. മറ്റ് ഉണങ്ങിയ വസ്തുക്കൾ
3. വിറക്, കരി
4. മണ്ണെണ്ണ
5. ഗ്യാസ്
6. ഇലക്ട്രിസിറ്റി
7. ബയോഗ്യാസ്
8. മറ്റുള്ളവ

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും, എല്ലാ പ്രദേശത്തും വൈദ്യുതി ഇനിയും എത്തിയിട്ടില്ല.
2. പഞ്ചായത്തിൽ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന പാർപ്പിട പദ്ധതികൾ കാരണം വൈദ്യുതി സംബന്ധിച്ച പ്രശ്നങ്ങൾ ഏറിവരുന്നു.
3. പ്രേഷണം, വിതരണരംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ്, സമയാസമയങ്ങളിൽ ലൈനിൽ മുട്ടിക്കിടക്കുന്ന മരച്ചില്ലകൾ മുറിച്ചുമാറ്റാതിരിക്കുക, മാസങ്ങളോളം കത്താതെ കിടക്കുന്ന ട്യൂബുലൈറ്റുകൾ മാറ്റിയിടാതിരിക്കുക എന്നിവ കാരണം വിതരണ രംഗത്ത് പ്രശ്നങ്ങൾ ഉണ്ടാകുന്നു.
4. ബോർഡ് ജീവനക്കാരുടെ കുറവുകാരണം ലൈനിൽ പ്രശ്നങ്ങളുണ്ടായാൽ അത് പരിഹരിക്കാൻ കാലതാമസം നേരിടുന്നു.
5. വോൾട്ടേജ് ക്ഷാമം കാരണം വൈദ്യുതി ഉപഭോക്താവിന്റെ ചിലവുകൾ കൂടാൻ കാരണമായിത്തീരുന്നു.
6. വിറകുക്ഷാമം സാധാരണക്കാരന്റെ നിത്യജീവിതച്ചെലവ് കൂട്ടുന്നു.

## സാദ്ധ്യതകൾ

1. വൈദ്യുതി ലഭിച്ചിട്ടില്ലാത്ത പ്രദേശങ്ങളിൽ കൂട്ടായി ആലോചിച്ച് ബോർഡിന്റെ സഹായത്തോടെ നടപ്പാക്കാവുന്നതാണ്.
2. സിവിൽ സ്റ്റേഷൻ പരിസരത്തുള്ള ട്രാൻസ്ഫോർമറിൽ നിന്നും ധാരാളം പാർപ്പിട മേഖലകളിലേക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനാൽ ഈ പ്രദേശവാസികൾക്ക് വാൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. ഇതു പരിഹരിക്കുന്നതിന് സിവിൽ സ്റ്റേഷൻ പരിസരത്തുള്ള ശക്തികുറഞ്ഞ ട്രാൻസ്ഫോർമർ മാറ്റി പകരം ശക്തികൂടിയ ട്രാൻസ്ഫോർമർ അടിയന്തിരമായി സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ ഉണ്ടാകണം.
3. വൈദ്യുതി കണക്ഷനുകൾ ശാസ്ത്രീയമായി 3 ഫേസിലും വിഭജിച്ച് വോൾട്ടേജ് പ്രശ്നം ചെറിയ തോതിലെങ്കിലും പരിഹരിക്കണം.
4. വൈദ്യുതോപയോഗം നിയന്ത്രിക്കാൻ ഇലക്ട്രോണിക്ക് ചോക്ക് പരമാവധി സബ്സിഡി നൽകി വ്യാകമായി പ്രചരിപ്പിക്കണം.
5. വൈദ്യുതിയുടെ ഉപയോഗം കുറച്ച്, കൂടുതൽ പ്രകാശം നൽകുന്ന സി.എഫ്.എസ് (കോംപാക്ട് ഫ്ളൂറസെൻറ് ലാംപ്) പ്രചരിപ്പിക്കാവുന്നതാണ്.
6. സൗരോർജ്ജംകൊണ്ടു പ്രവർത്തിക്കുന്ന റാന്തൽ, ടി.വി., പമ്പ്, ഫ്രിഡ്ജ് മുതലായ ആധുനിക ഉപകരണങ്ങൾ പ്രചരിപ്പിച്ചാൽ വൈദ്യുതി ഉപയോഗം ഒരു പരിധിവരെ കുറച്ചുകൊണ്ടുവരാൻ സാധിക്കും.
7. പാചകത്തിന് ചെലവുകുറഞ്ഞ പുകയില്ലാത്ത അടുപ്പുകൾ ഇന്ധനം ലാഭിക്കുന്നതിനായി പ്രചരിപ്പിക്കേണ്ടതാണ്. കൂടാതെ കച്ചിപ്പെട്ടി, പ്രഷർകുക്കർ എന്നിവ ഉപയോഗിച്ചും ഇന്ധനം ലാഭിക്കാം.
8. ബയോഗ്യാസ് പ്ലാൻറുകൾകൊണ്ടുള്ള പ്രയോജനത്തെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുകയും, അതിനുള്ള സബ്സിഡി പരിധി ഉയർത്തുകയും വേണ്ടതാണ്.

# മാർക്കറ്റ്

കർഷകർക്ക് സ്വന്തം ആവശ്യത്തിൽ കവിഞ്ഞ് ഉൽപാദിപ്പിക്കുന്ന കാർഷികോൽപന്നങ്ങൾ വിറ്റഴിക്കാനും, മറ്റുള്ളവർക്ക് സൗകര്യപ്രദമായി അവ വാങ്ങി ഉപയോഗിക്കുവാനുമാണ് നാം മാർക്കറ്റുകളെ ആശ്രയിക്കുന്നത്. യാന്ത്രികതയുടെ ചെലവിൽ നിത്യജീവിതം ക്രമപ്പെടുത്തുന്ന നമുക്ക് സമയം ഒരു പ്രശ്നമായി മാറിയിരിക്കുന്നതിനാൽ ഒരു പൊതുമാർക്കറ്റിന്റെ അഭാവം അനുഭവപ്പെടുന്നു. സഹകരണാടിസ്ഥാനത്തിൽ സാമൂഹ്യബോധത്തോടുകൂടി പ്രവർത്തിക്കാൻ കഴിയുന്നതരത്തിൽ ഒരു പൊതുമാർക്കറ്റ് രൂപപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നത് നന്നായിരിക്കും. നീതിപൂർവ്വമായ വിതരണ ശൃംഖലയുടെ കണ്ണിയായി മാറാൻ അത്തരം ചന്തകൾക്ക് കഴിയണം.

അനുബന്ധം 10

വൈദ്യുതിസംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ :

| | | |
|---|---|---|
| എ) | ഗാർഹികം | 9840 |
| ബി) | വ്യാപാരം | 980 |
| സി) | വ്യാവസായികം | 345 |
| ഡി) | കാർഷികം | 360 |

2. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം :

| | | |
|---|---|---|
| എ) | ഓർഡിനറി | 610 (10/91) |
| ബി) | ഓ.ടി.പി. | 35 എണ്ണം (4/95) |
| സി) | ഓ.വൈ.ഇ.സി | 420 (9/95) |

3. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം :

| | | |
|---|---|---|
| എ) | ബൾബ് (25, 40, 60, 100) | 810 |
| ബി) | ട്യൂബ് | : " 820 |
| സി) | മെർക്കുറി വേപ്പർ | |
| ഡി) | സോഡിയം വേപ്പർ | 20 |

4. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ : 7 എണ്ണം

5. തൻ വർഷത്തെ കണക്ഷൻ : (96-97)

| | |
|---|---|
| ഓർഡിനറി | 60 |
| ഓ.ടി.പി | 10 |
| ഓ.വൈ.ഇ.സി | 220 |

6. സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക : രൂപ 34,495.00

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ എണ്ണം | സൗജന്യ സ്ലാബിൽ വൈദ്യു. ഉപ. എണ്ണം | പണം നൽകി വൈദ്യുതി കണ: ലഭിക്കുന്ന കുടം (എണ്ണം) |
|---|---|---|---|---|
| 14 | മാന്ത്രഹരിജൻ കോളനി | 18 | 7 | 11 |
| 1 | തുതിയൂർ ഹരിജൻ കോളനി (രാമകൃഷ്ണ നഗറിനടുത്ത്) | 20 | 4 | 16 |
| 8 | ചേന്ദംവേലി മുഗൾ | 20 | 3 | 17 |
| 8 | ശിവരാമൻ കോളനി | 22 | 7 | 15 |
| 7 | അത്താണി ഹരിജൻ സെറ്റിൽമെൻറ് | 42 | 9 | 33 |
| 7 | കൊല്ലൻകുടി മുഗൾ ഹരിജൻ കോളനി | 38 | 9 | 29 |
| 8 | ഒരലുകുത്തിപ്പാറ (മനയ്ക്കകടവ്) | 44 | 7 | 37 |

# പാർപ്പിടം
# സാമൂഹ്യക്ഷേമം

# പാർപ്പിടവും സാമൂഹ്യക്ഷേമവും

ഈ നൂറ്റാണ്ടിന്റെ അറുപതുകളിലും, എഴുപതുകളിലും ഈ പഞ്ചായത്തിൽ ഉണ്ടായിരുന്ന വീടുകളുടെ അവസ്ഥ വളരെ ശോചനീയമായരുന്നു. ഓലയും, മുളയും ഉപയോഗിച്ചുണ്ടാക്കിയ ചെറ്റപ്പുരകളും, വെട്ടുകല്ലും മട്ടികല്ലും ഉപയോഗിച്ചുള്ള പുരകളുമാണ് ഉണ്ടായിരുന്നത്. അടിസ്ഥാന സൗകര്യങ്ങൾ തീരെ ഇല്ലാതിരുന്ന വീടുകളായിരുന്നു അവ. ഇന്നത്തെപ്പോലെ ഓരോ വീടിനും ഓരോ കിണർ ആയിരുന്നില്ല അന്ന്. കുറച്ചു വീടുകൾക്ക് കൂടി ഒരു കിണർ. വിശാലമായ ഒരു പറമ്പിൽ ഒരു വീടാവും ഉണ്ടാവുക. പറമ്പുകൾ കക്കൂസായിരുന്നു. ഇടത്തരം കൃഷിക്കാരുടെ വീടുകൾ കുറച്ചുകൂടി വലുതായിരുന്നു. വിശാലമായ മുറികളോ, മറ്റു സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. എഴുപതുകൾക്കു ശേഷം മൊത്തത്തിൽ വീടുകളുടെ സങ്കൽപത്തിൽത്തന്നെ സമൂലമായ മാറ്റം വന്നു. സ്വീകരണ മുറി, ശയനമുറി, അടുക്കള തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ വലിയ വീടുകളോടുള്ള താൽപര്യം കൂടിവന്നു. വ്യവസായികളേയും, ഗൾഫുകാരേയും അനുകരിച്ച് ഇടത്തരക്കാർ കടംവാങ്ങി വീടുവയ്ക്കാൻ തുടങ്ങി. വീടുകൾക്കുള്ളിലെ ആഢംബരവും കൂടിവന്നു. വരുമാനത്തിന്റെ ഏറിയപങ്കും പാർപ്പിടത്തിനുവേണ്ടി നീക്കിവെയ്ക്കേണ്ടിവന്നു.

തൃക്കാക്കര പഞ്ചായത്തിൽ കേരളത്തിലെ മറ്റൊരു പഞ്ചായത്തിലും ഇല്ലാത്ത വിധത്തിലുള്ള പുതിയ പുതിയ പാർപ്പിടപദ്ധതികൾ അനുദിനം വളർന്നുകൊണ്ടിരിക്കുന്നു. എവിടെ നോക്കിയാലും അംബരചുംബികളായ ബഹുനിലകെട്ടിടങ്ങൾ തലയുയർത്തി നിൽക്കുന്ന കാഴ്ചയാണ് ഇന്നുള്ളത്. പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളും അടിസ്ഥാന സൗകര്യങ്ങൾ ഉള്ളവയാണ്. എങ്കിലും പഞ്ചായത്തിൽ കുടിലുകളും ധാരാളമായുണ്ട്. ചേരിനിവാസികളും പുറമ്പോക്കുകാരും താരതമ്യേന കുറവാണ്. പഞ്ചായത്തിൽ മൊത്തം മുപ്പത്തിമൂന്നു ഹരിജൻ കോളനികൾ ഉണ്ട്. കോളനികളുടെ പശ്ചാത്തല സൗകര്യം ഒരു വിധം തൃപ്തികരമാണ്. എങ്കിലും ചില കോളനികളിൽ ഇനിയും വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.

പഞ്ചായത്തിൽ ലഭ്യമായ കണക്കുകൾ അനുസരിച്ച് 1500 -ഓളം പേർക്ക് സ്വന്തമായി വീടുകൾ ഇല്ലാത്തവരാണ്. ഇതിൽ സ്വന്തമായി ഭൂമി ഇല്ലാത്തവരും ഉൾപ്പെടുന്നു. ഭവനരഹിതരിൽ 30% പട്ടിക ജാതി, പട്ടിക വർഗ്ഗത്തിൽ പെടുന്നു. പട്ടയം ലഭിക്കാത്തതുമൂലം ധനകാര്യസ്ഥാപനങ്ങളിൽനിന്നുമുള്ള വായ്പ ലഭിക്കുന്നില്ല. ഗ്രാമവികസന വകുപ്പു വഴി കഴിഞ്ഞ അഞ്ചു വർഷക്കാലത്ത് 132 വീടുകൾ പണിതു കൊടുത്തിട്ടുണ്ട്. ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം പഞ്ചാത്തിൽ ഉണ്ടാകേണ്ടിയരിക്കുന്നു.

## പ്രശ്നങ്ങൾ

1. വ്യക്തിപരമായ ലോണുകൾ എന്ന നിലയിൽ ഉയർന്ന പലിശ നൽകിയാണ് ഭവന നിർമ്മാണ വായ്പകൾ എടുക്കുന്നത്. ഇത്തരം വായ്പകൾ സാധാരണക്കാർക്ക് ലഭിക്കാൻ പ്രയാസം അനുഭവപ്പെടുന്നു.
2. ഭവന നിർമ്മാണ വായ്പകൾക്കു പലിശ നിരക്ക് ഉയർന്നതാണ്.
3. വീട് നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു.
4. കെട്ടിടനിർമ്മാണ തൊഴിലാളികളുടെ കൂലി വർദ്ധനവും സാമഗ്രികളുടെ അമിതമായ വിലവർദ്ധനവും കാരണം പാവപ്പെട്ടവന് വീടം ഒരു സ്വപ്നം മാത്രമായി അവശേഷിക്കുന്നു.
5. ഭൂമിയുടെ വർദ്ധിച്ച വില, വീടുവയ്ക്കുക എന്ന സങ്കൽപത്തിന് മങ്ങലേൽപ്പിക്കുന്നു.
6. വയലുകൾ നികത്തി വീടുവയ്ക്കുന്ന പ്രവണത ഈ പഞ്ചായത്തിൽ വളരെക്കൂടുതലായി കാണുന്നു. പുതിയ വീടുവയ്ക്കുന്നതിന് ആവശ്യമായ സ്ഥല ലഭ്യതയും മറ്റൊരു പ്രശ്നം തന്നെ.
7. ആശാരിമാർ, കൽപണിക്കാർ തുടങ്ങിയ വിദഗ്ദ്ധ തൊഴിലാളികളെ ആവശ്യത്തിനു കിട്ടുന്നില്ല.

## നിർദ്ദേശങ്ങൾ

1. സർക്കാർ ഏജൻസികളുടെ സാമ്പത്തിക സഹായം വഴി വീടുവയ്ക്കുന്നവർ പാവപ്പെട്ടവരാണ്. അവർക്കു ലഭിക്കുന്ന പരിമിതമായ സഹായധനം ഉപയോഗിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ വീടുപണി പൂർത്തിയാക്കാൻ അവർക്കു കഴിയുന്നില്ല. ഇത്തരക്കാർക്കുള്ള സഹായധനവും, വായ്പാതുകയും വർദ്ധിപ്പിക്കണം.
2. ഗുണഭോക്താക്കൾ പണി ഘട്ടംഘട്ടമായി പൂർത്തിയാക്കണം.
3. മറ്റു വരുമാന മാർഗ്ഗങ്ങൾ ഇല്ലാത്തത് അവരുടെ തന്നെ സ്വന്തം പ്രശ്നമാണെന്നിരിക്കെ, സഹായധനം നിബന്ധനകൾക്ക് അനുസരിച്ച് അവർ ഉപയോഗപ്പെടുത്തണം.
4. പഞ്ചായത്തു തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.
5. ഇതിൻെറ പ്രധാന ഉദ്ദേശലക്ഷ്യം താഴ്ന്ന വരുമാനക്കാർക്കുള്ള ഭവനനിർമ്മാണമായിരിക്കണം.
6. സാധാരണക്കാർക്ക് വായ്പ ലഭിക്കാനുള്ള വ്യവസ്ഥകൾ ഉദാരമാക്കണം. പലിശനിരക്ക് കുറയ്ക്കണം.
7. ഭവനനിർമ്മാണ സഹകരണസംഘങ്ങൾ വായ്പാതുക നൽകുന്നതോടൊപ്പം കെട്ടിട നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങളും ഉണ്ടാകണം.
8. ഭൂരഹിത കർഷക തൊഴിലാളികൾക്ക് ഭൂമി പതിച്ചു നൽകുന്നതോടൊപ്പം വീടുനിർമ്മാണത്തിനാവശ്യമായ സഹായധനം ഗ്രാൻറായി നൽകണം.
9. വയൽ നികത്തി വീടുണ്ടാക്കുന്ന പ്രവണത കർശനമായി തടയണം.
10. വീടു നിർമ്മിക്കാൻ പ്രത്യേക സ്ഥലങ്ങൾ പഞ്ചായത്തു മുഖാന്തിരം കണ്ടുപിടിച്ച് ഫ്ളാറ്റു സമ്പ്രദായത്തിലുള്ള വീടുകൾ സൊസൈറ്റി സ്ഥാപിച്ച് നിർമ്മിക്കണം.
11. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനും, ചെലവു കുറഞ്ഞ നിർമ്മാണ വൈദഗ്ദ്ധ്യം നേടുന്നതിനുവേണ്ടിയും നിർമ്മിതി കേന്ദ്രം മാതൃകയിലുള്ള പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൽ സ്ഥാപിക്കണം.
12. ബോധവൽക്കരണത്തിൽക്കൂടി അമിതമായ ആഢംബര പ്രവണത തടയാം.
13. കെട്ടിടങ്ങളുടെ നിർമ്മാണ ചെലിവിന് പരിധി ഏർപ്പെടുത്തണം.

## സാമൂഹ്യക്ഷേമം

നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്ന ജാതി-ജന്മി-നാടുവാഴിത്ത വ്യവസ്ഥകൾ, ഒരു വിഭാഗം ജനങ്ങളുടെ സാമ്പത്തികപിന്നോക്കാവസ്ഥയ്ക്ക് കാരണമായി.

ദാരിദ്ര്യത്തിന് തൊഴിലില്ലായ്മയും കാരണമായി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഉന്നമനത്തിനായി 1954-ൽ വികസനവകുപ്പുകൾ നിലവിൽ വന്നു. പഞ്ചവത്സരപദ്ധതികളുടെ ഭാഗമായി 1960-കളിൽ ക്ഷേമപദ്ധതികൾ ആരംഭിച്ചു. ഗ്രാമവികസനവകുപ്പ് സാമൂഹ്യക്ഷേമവകുപ്പ്, കൃഷിഭവൻ, ഗ്രാമപഞ്ചായത്ത് എന്നിവ വഴിയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ലഭ്യമായ വിവരങ്ങൾ അനുസരിച്ച് ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർ 4050 പേരാണ്. കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് ഐ.ആർ.ഡി.പി സഹായധനം ലഭിച്ച കുടുംബങ്ങൾ 403 ആണ്. എൺപത്തിയൊന്ന് അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്കം വിവിധ ട്രെയ്ഡുകളിലായി പരിശീലനം ലഭിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഐ.ആർ.ഡി.പിയുടെ ഒരു ഘടകപദ്ധതിയാണ് ഡി.ഡബ്ല്യു.സി.ആർ.എ (DWCRA). ഈ പദ്ധതിയിൻ കീഴിൽ പഞ്ചായത്തിൽ അഞ്ചു തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കുടുതൽ യുണിറ്റുകൾ ഈ പദ്ധതിയിൻ കീഴിൽ തുടങ്ങേണ്ടിയിരിക്കുന്നു. കൂടാതെ സി.ആർ.എസ്.പി പദ്ധതിപ്രകാരം കക്കൂസ് നിർമ്മിക്കുന്നതിനുള്ള ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ട്. അംഗൻവാടി, ബാലവാടി എന്നിവയുടെ പ്രവർത്തനം കുറച്ചുകൂടി വിപുലീകരിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. ഐ.ആർ.ഡി.പി പദ്ധതിപ്രകാരം ധനസഹായം ആവശ്യമായ ഗുണഭോക്താക്കാൾ മുന്നോട്ടു വരുന്നില്ല. പലപ്പോഴും യഥാർത്ഥ ഗുണഭോക്താവ് തഴയപ്പെടുന്നു.
2. വിവിധ പദ്ധതികൾ പ്രകാരം ധനസഹായം വാങ്ങുന്നവർ പ്രസ്തുത തുക, നിശ്ചയിക്കപ്പെട്ട പ്രവർത്തനത്തിനുവേണ്ടി ഉപയോഗിക്കുന്നില്ല.
3. ട്രൈസം പദ്ധതി പ്രകാരം പരിശീലനം തേടുന്നവർക്ക് തൊഴിൽ ലഭിക്കുന്നതിന് വേണ്ട സംവിധാനം ഇല്ല.
4. കാലഘട്ടത്തിനനുസരിച്ച്, ഐ.ആർ.ഡി.പി, ട്രൈസം എന്നീ പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കണം.
5. ഐ.ആർ.ഡി.പി, ഡി.ഡ്ബ്ല്യു.സി.ആർ.എ, എന്നിവയിലൂടെ ഉണ്ടാകുന്ന ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് വിപണന സൗകര്യം ഉണ്ടാകണം.
6. നിലവിലുള്ള അംഗൻവാടികൾക്ക് പരിമിതമായ സൗകര്യങ്ങളേ ഉള്ളു. കുട്ടികൾക്ക് ഇരിക്കാനും കിടന്നുറങ്ങുന്നതിനും കളിക്കുന്നതിനും വേണ്ടത്ര സൗകര്യങ്ങൾ ഉണ്ടാകണം. അവർക്ക് ആവശ്യമായ കളിപ്പാട്ടങ്ങൾ നൽകുന്നതിനും സംവിധാനം ഉണ്ടാകണം.
7. മിക്ക അംഗൻവാടികളിലും പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം പരിമിതമാണ്.
8. പലക്ഷേമ പദ്ധതികളുടെയും പ്രവർത്തനം തൃപ്തികരമല്ല.
9. വിവിധപദ്ധതികൾ പ്രകാരം അനുവദിക്കുന്ന പെൻഷനുകൾ യഥാസമയം കിട്ടുന്നില്ല.
10. വിവിധ പദ്ധതികൾ .പ്രകാരം ആനുകൂല്യം ലഭിക്കുന്നത് പലപ്പോഴും യഥാർത്ഥ ഗുണഭോക്താവിനല്ല.

## നിർദ്ദേശങ്ങൾ

1. ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി ആവിഷ്കരിക്കപ്പെട്ട ക്ഷേമപദ്ധതികൾ ഏതെന്നും, അവ യഥാർത്ഥ ഗുണഭോക്താക്കളിലേക്ക് എത്തിച്ചു കൊടുക്കേണ്ടതാണെന്നുമുള്ള അറിവ് രാഷ്ട്രീയ-സാമൂഹ്യപ്രവർത്തകർക്ക് ആവശ്യമാണ്.
2. ഈ പദ്ധതികളെക്കുറിച്ചും മറ്റും ജനകീയബോധവൽക്കരണം നടത്തണം.
3. വിവിധ പദ്ധതികൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യത്തിൻെറ തോത് വർദ്ധിപ്പിക്കണം.
4. ട്രൈസം പദ്ധതിപ്രകാരം സ്വയം തൊഴിൽ പരിശീലനം നേടുന്നവരെ തൊഴിൽ ചെയ്യിക്കാനുള്ള പ്രോത്സാഹനവും, പ്രേരണയും നൽകണം.
5. മഹിളാ സമാജങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ സാമൂഹ്യ പിന്തുണ നേടണം.
6. വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയണം.

7. ഡി.ഡബ്ല്യു.സി.ആർ.എ. യൂണിറ്റുകൾ മഹിളാസമാജം മുഖേന നടത്താവുന്നതാണ്.

8. വിപണന സൗകര്യം ഏർപ്പെടുത്തികൊടുക്കുവാനുള്ള സാമൂഹ്യപിന്തുണ അവർക്കുനൽകണം.

9. പഞ്ചായത്തിനകത്തു കിട്ടുന്ന അസംസ്കൃത വസ്തുക്കളും, വിപണന സാദ്ധ്യതയും കണക്കിലെടുത്തുവേണം ഡി.ഡബ്ല്യു.സി.ആർ.എ യൂണിറ്റ് തുടങ്ങാൻ.

10. അംഗൻ വാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. അതോടൊപ്പംതന്നെ ജീവനക്കാരുടെ വേതനവും വർദ്ധിപ്പിക്കണം..

11. വനിതാ സംഘടനകൾ പ്രാദേശിക പ്രശ്നങ്ങളിൽ ഊന്നൽ കൊടുത്ത് പ്രവർത്തിക്കണം. ●

# സംസ്കാരം

# സംസ്ക്കാരം

മാവേലി മന്നൻെറ നാടായ തൃക്കാക്കരയുടെ സാംസ്ക്കാരിക പൗരമ്പര്യത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. തിരുവോണവും തൃക്കാക്കര ക്ഷേത്രവുമായി ബന്ധപ്പെട്ട ഒട്ടേറെ ആഘോഷങ്ങൾ ഇവിടെ നിലനിന്നിരുന്നു. കാലത്തിൻെറ ഒഴുക്കിൽ പലതും നഷ്ടപ്പെട്ട തൃക്കാക്കരയുടെ സാംസ്കാരിക ജീവന് നവോന്മേഷം കൈവന്നത് സിവിൽ സ്റ്റേഷൻ ഇവിടെ സ്ഥാപിക്കപ്പെട്ടതോടുകൂടിയാണ്. എറണാകുളത്തും പരിസരങ്ങളിലും ജോലിചെയ്യുന്ന അനേകമാളുകൾ ഇവിടെ താമസം ആരംഭിച്ചതോടുകൂടി തൃക്കാക്കരയുടെ നവീനഘട്ടം ആരംഭിക്കുകയായി.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങിയ കലാസാംസ്കാരിക കേന്ദ്രങ്ങൾ തൃക്കാക്കരയുടെ എല്ലാ മുക്കിലും മൂലയിലുമുണ്ട്. തിരുവാതിര, ഒപ്പന, മാർഗ്ഗംകളി, കോൽകളി, പരിചമുട്ടം, അറവനമുട്ട്, പുലിക്കളി തുടങ്ങിയ നാടൻ കലാരൂപങ്ങളുടെ കേളീരംഗമായിരുന്നു ഈ നാട്. ഇന്നും ചില ഭാഗങ്ങളിൽ ഇവ നിലനിൽക്കുന്നു. ധാരാളം കഥകളി ആസ്വാദകരും, കലാകാരന്മാരും തൃക്കാക്കരയിൽ ജീവിക്കുന്നു. ഓട്ടം തുള്ളലിനും ഈ നാട്ടിൽ നല്ല പ്രചാരം ഉണ്ട്.

അറുപതിനായിരത്തിലധികം ജനസംഖ്യയുള്ള ഈ പഞ്ചായത്തിലെ പ്രമുഖ വിഭാഗം ഹിന്ദുക്കളാണ്. മുസ്ലീമുകൾ, ക്രിസ്ത്യാനികൾ തുടങ്ങിയ എല്ലാപ്രബല മതവിഭാഗങ്ങളും ഇവിടെയുണ്ട്. ഈ പ്രമുഖ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങൾ എല്ലാ വാർഡുകളിലുമുണ്ട്. വിവിധ മതവിഭാഗക്കാർ പരസ്പരം സഹകരിച്ചുകൊണ്ട് ഒരുമയോടെ ജീവിക്കുന്നു.

പട്ടിക 1
ആരാധനാലയങ്ങൾ

| *നമ്പർ* | *മതവിഭാഗം* | *ക്ഷേത്രങ്ങൾ* | *പള്ളികൾ* | *തൈക്കാവുകൾ* | *ചാപ്പലുകൾ* |
|---|---|---|---|---|---|
| 1 | ഹിന്ദുമതം | 22 | | | |
| 2 | ഇസ്ലാം മതം | | 13 | 19 | |
| 3 | ക്രിസ്തു മതം | | 26 | | 7 |

മതപരമായ ഉത്സവങ്ങൾ, പെരുന്നാളുകൾ, പുരങ്ങൾ എന്നിവ ആഘോഷപൂർവ്വം നടത്തപ്പെടുന്നു. ജാതിമതഭേദമന്യേ ആളുകൾ പങ്കെടുക്കുന്ന ഇത്തരം ആഘോഷങ്ങൾ ഇവിടുത്തെ കലാ സാംസ്ക്കാരിക ജിവിതത്തെ വളരെയേറെ പരിപോഷിപ്പിക്കുന്നുണ്ട്.

## വായനശാലകൾ

1989 മുതൽ കാക്കനാട് പ്രവർത്തിക്കുന്ന പഞ്ചായത്തു ലൈബ്രറിയാണ് തൃക്കാക്കരയിലെ പ്രധാനപ്പെട്ട വായനശാല. (1) തെങ്ങോട് ഗ്രാമീണ വായനശാല, (2) തുതിയൂർ ജനകീയ വായനശാല, (3) തോപ്പിൽ വായനശാല, (4) ശ്രീനാരായണ വായനശാല, (5) കൈരളീ വായനശാല എന്നിവയും പഞ്ചായത്തിലെ ജനങ്ങളുടെ വായനാശീലത്തെ പരിപോഷിപ്പിക്കുന്നു. ഒമ്പതാം വാർഡിലെ ശാസ്ത്രി മെമ്മോറിയൽ വായനശാലക്ക് സ്വന്തമായി സ്ഥലം ഉണ്ട്. പലവിധ പരിമിതികളും, പരാധീനതകളും കാരണം തൃക്കാക്കരയിലെ സാംസ്ക്കാരിക ജീവിതത്തെ സാരമായി സ്വാധീനിക്കുവാൻ ഇവയ്ക്കു കഴിയുന്നില്ല. ഇവയ്ക്കു പുറമെ എല്ലാ സ്കൂളുകളിലും സാമാന്യം നല്ല ലൈബ്രറി ഉണ്ട്. പഞ്ചായത്തിലെ ഏക കലാലയമായ ഭാരതമാതാ കോളേജിലെ വൻഗ്രന്ഥശേഖരം യുവമാനസങ്ങളെ വിജ്ഞാനത്തിൻെറ വിവിധമേഖലകളിലേക്ക് പറന്നുയരാൻ സഹായിക്കുന്നു.

## ക്ലബ്ബുകൾ

നമ്മുടെ പഞ്ചായത്തിലെ പതിനഞ്ചു വാർഡുകളിലായി മുപ്പതിലേറെ ക്ലബ്ബുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. ഓണക്കാലത്ത് മത്സരങ്ങൾ സംഘടിപ്പിക്കുന്നതൊഴിച്ചാൽ സാംസ്ക്കാരിക മണ്ഡലത്തെ സ്വാധീനിക്കത്തക്ക കാര്യമായ പ്രവർത്തനമൊന്നും ഇവിടെ നടക്കുന്നില്ല. ചില ക്ലബ്ബുകൾ വാർഷികാഘോഷങ്ങൾ നടത്താറുണ്ട്. അവശ്യം വേണ്ട നേതൃത്വവും നിയന്ത്രണവും നൽകിയാൽ തൃക്കാക്കരയുടെ സാമൂഹിക സാംസ്ക്കാരിക ജീവിതത്തെ വളരെയേറെ സ്വാധീനിക്കുവാൻ ഇവയ്ക്കു കഴിയും. സത്രീകളെയും ഹരിജനങ്ങളെയും സമൂഹധാരയിലേക്ക് കൊണ്ടുവരാൻ ഇവയ്ക്കു കഴിയണം. നിലംപതിഞ്ഞമുകളിലെ "യുവധാര"യ്ക്കും, കൊല്ലംകുടിമുകളിലെ ക്ലബ്ബിനും മാത്രം സ്വന്തമായ കെട്ടിടം ഉണ്ട്.

പഞ്ചായത്തിലെ 60% വീടുകളിലും ടി.വി. ഉണ്ട്. കേബിൾ ട.വിയുടെ കടന്നാക്രമണം നമ്മുടെ തലമുറയെ വല്ലാതെ സ്വാധീനിക്കുന്നുണ്ടോയെന്ന് സംശയിക്കണം. പാശ്ചാത്യ മാദ്ധ്യമങ്ങളുടെ സ്വാധീനം സ്വന്തം സാംസ്ക്കാരിക മൂല്യങ്ങളേയും പാരമ്പര്യത്തേയും പുച്ഛിച്ചു തള്ളുവാനും, സാധാരണക്കാർക്ക് അപ്രാപ്യമായ ഒരു ജീവിതത്തെ സ്വപ്നം കാണുവാനും ചിലരെയെങ്കിലും പ്രേരിപ്പിക്കുന്നു. സംഘടിതമായ പ്രവർത്തനങ്ങളിലൂടെ ഇത് മാറ്റിയെടുക്കാൻ നമുക്ക് കഴിയണം.

പഞ്ചായത്തിന് സ്വന്തമായി ഒരു കളിസ്ഥലം ഉണ്ടെങ്കിലും അത് വേണ്ടവിധത്തിൽ ഉപയോഗിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല. കലാകായിക രംഗത്തെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനുമുള്ള ശ്രമങ്ങൾ അവശ്യം ഉണ്ടാകണം.

കാക്കനാട് സ്ഥിതിചെയ്യുന്ന ഒരു സിനിമാശാലയേ നമ്മുടെ പഞ്ചായത്തിലുള്ളു. ടി.വി.യുടെ പ്രചാരം അതിൻെറ നിലനിൽപ് അപകടത്തിലാക്കിയിരിക്കുന്നു. കൊച്ചിനഗരത്തിലെ അസംഖ്യം തിയേറ്ററുകൾ തൃക്കാക്കര പഞ്ചായത്തു നിവാസികളുടെ ആവശ്യത്തിന് ഉപകരിക്കുന്നുണ്ട്.

## പ്രശ്നങ്ങളും പരിഹാരങ്ങളും

1. ഇലക്ട്രോണിക് മാദ്ധ്യമങ്ങളെ സ്വാധീനം മൂലം കുറഞ്ഞുവരുന്ന വായനാശീലത്തെ പോഷിപ്പിക്കുന്നതിനായി ഒരു പഞ്ചായത്തുതല സമിതി രൂപീകരിക്കണം. നിലവിലുള്ള 6 വായനശാലകളും കൂടുതൽ അംഗങ്ങളെ ചേർത്തും, കൂടുതൽ ഗ്രന്ഥങ്ങൾ ശേഖരിച്ചും വിപുലീകരിക്കണം. പുതിയ വായനശാലകൾ ആവശ്യമുണ്ടെന്ന് ഗ്രാമസഭകൾ ആവശ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ അവ സ്ഥാപിക്കാൻ ശ്രമിക്കണം.
2. ഗ്രന്ഥശാല ഗ്രാൻറ് വേണ്ടവിധം വിനിയോഗിക്കപ്പെടുന്നില്ല. ലൈബ്രറി സെസ് ആയി പിരിഞ്ഞുകിട്ടുന്ന പണം ലൈബ്രറികളുടെ ഉന്നമനത്തിനായി മാത്രം വിനിയോഗിക്കണം. ഭാഷാ ഇൻസ്റ്റിട്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രസിദ്ധീകരണങ്ങൾ ഗ്രന്ഥശാലകൾക്കും വ്യക്തികൾക്കും സൗജന്യനിരക്കിൽ ലഭിക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം.
3. പഞ്ചായത്തു ലൈബ്രറിയുടെ പ്രവർത്തനം കൂടു

തൽ മെച്ചമാക്കാൻ നടപടികൾ സ്വീകരിക്കണം. അതിനോട് ചേർന്നു കിടക്കുന്ന സ്ഥലം ഒരു പാർക്കായി വികസിപ്പിച്ചെടുക്കാവുന്നതാണ്. അവിടെ ചപ്പുചവറുകൾ നിക്ഷേപിക്കുന്നതും, വാഹനങ്ങൾ കടന്നാക്രമണം നടത്തുന്നതും ഉടൻ തടയണം.

4. തിരുവോണത്തിന്റെ നാടായ തൃക്കാക്കരയിൽ ഓണാഘോഷ പരിപാടികൾ വേണ്ടത്ര നടക്കുന്നില്ല. പൊതുജന പങ്കാളിത്തത്തോടെ സാംസ്കാരിക ഘോഷയാത്ര, കലാമത്സരങ്ങൾ, പൊതുയോഗങ്ങൾ തുടങ്ങിയവ നടത്തി വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാനും, അങ്ങിനെ പഞ്ചായത്തിന് ടൂറിസം മേപ്പിൽ സ്ഥാനം നേടിയെടുക്കാനും കഴിയണം.

5. തൃക്കാക്കരയിലെ കായിക-കലാപ്രതിഭകളെ കണ്ടെത്താനും, പരിശീലിപ്പിക്കാനും, പ്രോത്സാഹിപ്പിക്കാനുമായി ഒരു സമിതി രൂപീകരിക്കണം. അതിന് ഒരു സ്ഥിരം ഓഫീസും, ഫുൾടൈം സെക്രട്ടറിയും ഉണ്ടെങ്കിൽ മാത്രമേ ഉദ്ദേശിക്കുന്ന ഫലം കിട്ടുകയുള്ളു. ഒരു കായിക സ്കൂൾ ആരംഭിക്കുന്നതും നല്ലതാണ്.

6. എല്ലാ സാംസ്കാരിക കേന്ദ്രങ്ങളിലും നോട്ടീസ് ബോർഡു സ്ഥാപിക്കുകയും, സർക്കാർ തലത്തിലുള്ള ജനക്ഷേമപദ്ധതികളെക്കുറിച്ചും, പഞ്ചായത്തിലെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള റിപ്പോർട്ട് പ്രദർശിപ്പിക്കുകയും വേണം.

7. ഹോം ലൈബ്രറി പ്രവർത്തനം പഞ്ചായത്തിലെ 15 വാർഡുകളിലും ആരംഭിക്കുകയും, നവസാക്ഷരർക്ക് സഹായം നൽകുന്നതിൽ കൂടുതൽ ശ്രദ്ധിക്കുകയും വേണം.

8. നെഹ്റു യുവകേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ ജനകീയവൽക്കരിക്കണം.

9. എല്ലാ കോളനികളിലും ഓരോ സാംസ്കാരിക കേന്ദ്രം പണിയുകയും ടി.വി, റേഡിയോ, പത്രങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യണം.

10. ഓണത്തോടനുബന്ധിച്ച് ഒരു ഗ്രാമോത്സവം സംഘടപ്പിക്കുകയും അതിനെ പഞ്ചായത്തിന്റെ ഉത്സവമാക്കുകയും ചെയ്യുക. നാടൻ കലാരൂപങ്ങൾക്ക് പ്രോത്സാഹനം നൽകുവാനുള്ള ഒരവസരമായിരിക്കും ഇത്. ഓരോ ഇനിത്തിനും പ്രത്യേകം പ്രത്യേകം മത്സരം സംഘടിപ്പിക്കണം. ഈ കലാരൂപങ്ങൾ നശിച്ചുപോകാതിരിക്കുവാനും, അവയിൽ യുവതലമുറയ്ക്ക് താല്പര്യം ജനിക്കുവാനും ഇത് സഹായിക്കും.

11. പഞ്ചായത്തിലുൾപ്പെട്ട എല്ലാ വിദ്യാലയങ്ങളിലേയും വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് കായികകലാ മത്സരങ്ങൾ സംഘടിപ്പിക്കുക വഴി സാംസ്കാരിക സമന്വയം സൃഷ്ടിക്കുവാൻ ശ്രമിക്കേണ്ടതാണ്.

12. 'മൊറാർജി ദേശായി ഗ്രൗണ്ട്' ആസ്ഥാനമാക്കി ഒരു സാംസ്കാരിക കേന്ദ്രം പണിതുയർത്തുകയും, സാംസ്കാരിക പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ചെയ്യുന്നതായാൽ ചൂതുകളി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങളിൽ നിന്നും ആളുകളെ രക്ഷിക്കാൻ കഴിയും.

13. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം തുടങ്ങിയ ദേശീയാഘോഷങ്ങൾ കേവലം ഒഴിവുദിവസങ്ങളായി അധ:പതിച്ചിരിക്കുന്നു. ഈ സ്ഥിതിവിശേഷം വരുംതലമുറകളെ ദോഷകരമായി ബാധിക്കും. ജനങ്ങളിൽ ദേശീയ ബോധവും, ദേശഭക്തിയും വളർത്തുവാൻ പര്യാപ്തമായ രീതിയിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഇവ വിപുലമായി ആചരിക്കണം.

14. നൃത്തം, സംഗീതം എന്നിവ പരിശീലിപ്പിക്കുന്നതിനും, വിവിധ സംഗീതോപകരണങ്ങൾ അഭ്യസിപ്പിക്കുന്നതിനുമായി ഒരു സ്ഥാപനം പഞ്ചായത്തിൽ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്.

സാംസ്കാരിക പ്രവർത്തനങ്ങൾ ശക്തിപ്പെടുമ്പോൾ രാഷ്ട്രീയ സാമുദായിക വ്യത്യാസം മറന്നുകൊണ്ട് ജനങ്ങൾ പരസ്പരം സഹകരിക്കുകയും സഹായിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നമ്മുടെ ഗ്രാമസ്വരാജിനെക്കുറിച്ചുള്ള സ്വപ്നങ്ങൾ പൂവണിയണമെങ്കിൽ സാംസ്കാരിക രംഗത്ത് ഇന്നേവരെ ഉണ്ടായിട്ടില്ലാത്ത ഒരു ഉണർവ്വും ഉന്മേഷവും ജന്മമെടുക്കണം. അതിനായി എല്ലാ പൊതുപ്രവർത്തകരും സാമുദായസ്നേഹികളും ആത്മാർത്ഥമായി ശ്രമിക്കണം. ●

# വനിതാക്ഷേമം

# വനിതാക്ഷേമം

എല്ലാ സാമൂഹിക സാംസ്ക്കാരികവേദികളിലും സജീവമായി ചർച്ചചെയ്യപ്പെടുന്ന ഒരു വിഷയമാണ് വനിതാ സമത്വവും വനിതാ ക്ഷേമവും. ജനസംഖ്യയിൽ 53% വരുന്ന സ്ത്രീകളെ കഴിയുന്നത്ര അടുക്കളയുടെ നാലു ചുവരുകൾക്കുള്ളിൽ തളച്ചിടാൻ ശ്രമിച്ച ഒരു ഭൂതകാല ചരിത്രമാണ് ഈ പ്രശ്നത്തിന് ഇപ്പോൾ ഇത്രയും തീവ്രത ലഭിക്കാനുണ്ടായ കാരണം. സ്ത്രീ പുരുഷൻെറ സ്വകാര്യതയുടെ ഭാഗം മാത്രമാണെന്നും വീടിൻെറ ഉമ്മറ വാതിൽക്കലെ അവളുടെ സാന്നിദ്ധ്യം അശുഭസൂചനയാണെന്നും വിശ്വസിച്ചിരുന്ന പഴഞ്ചൻ പ്രവണതകളെ പൊട്ടിച്ചെറിഞ്ഞ് ഒരു ഉയർത്തെഴുന്നേൽപ്പിൻെറ ശംഖനാദം മുഴക്കുകയാണ് ആധുനികവനിതകൾ.

ആർഷഭാരത സംസ്ക്കാരത്തിൻെറ വിചിന്തന വേദികളിലൊക്കെ സ്ത്രീശബ്ദം കേൾക്കപ്പെട്ടിരുന്നെങ്കിലും സ്ത്രീകളോടുള്ള അവഗണന അവിടെയും ഉണ്ടായിരുന്നു. സമ്പൂർണ്ണ സാക്ഷരത നേടിയ ആധുനിക കേരളത്തിലും ഈ അധമ സംസ്ക്കാരം മറനീക്കി പുറത്തുവരുന്നുണ്ടെന്നുള്ളത് ഒട്ടും അഭിമാനാർഹമല്ല. നമ്മുടെ നിയമ നിർമ്മാണസഭകളിലെ സ്ത്രീപങ്കാളിത്തം കേവലം പത്തുശതമാനത്തിൽ താഴെയാണ്. പാർലമെൻറിലേക്ക് ഒരു വനിതയെ തെരഞ്ഞെടുത്ത് അയയ്ക്കാൻപോലും കേരള നാടിന് കഴിഞ്ഞില്ല. ബുദ്ധിമപരമായും ഭരണപരമായും സ്ത്രീകൾ ഒട്ടും പിന്നിലല്ലെന്ന് പലവട്ടം തെളിയിച്ചിട്ടും അവസരനിഷേധം മൂലം സാമൂഹ്യസാംസ്ക്കാരിക മണ്ഡലങ്ങളിലെല്ലാം തന്നെ സ്ത്രീകൾ ബഹുദൂരം പിന്നിലാണ്.

സ്നേഹസമ്പന്നയായ മാതാവും, ഭാര്യയും, സഹോദരിയും, ഗൃഹനായികയുമായ സ്ത്രീയുടെ സാന്നിദ്ധ്യം സമൂഹഗാത്രത്തിൻെറ എല്ലാ അവയവങ്ങളേയും പുഷ്ടിപ്പെടുത്തുമെന്നതിൽ ഒരു സംശയവുമില്ല. പഞ്ചായത്തീരാജ് നഗരപാലികാനിയമം സ്ത്രീ വിമോചന പ്രസ്ഥാനത്തിൻെറ 'മാഗ്നാക്കാർട്ട'യാണെന്ന് വേണമെങ്കിൽ വിശേഷിപ്പിക്കാം. മഹാത്മാഗാന്ധിജിയുടെ സ്വപ്നങ്ങൾ സാക്ഷാത്ക്കരിച്ചുകൊണ്ട് അനവധി വനിതകൾ പൊതുപ്രവർത്തന രംഗത്തേക്ക് വന്നിരിക്കുന്നു. അവരുടെ സാന്നിദ്ധ്യം രാഷ്ട്രീയ സാമുദായിക മണ്ഡലങ്ങളിൽ വലിയ ഒരു വിപ്ലവംതന്നെ സൃഷ്ടിക്കുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

പൊതുപ്രവർത്തനരംഗത്ത് സ്ത്രീകൾ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങൾ നിരവധിയാണ്. സംശയത്തിൻെറയും, തെറ്റിദ്ധാരണകളുടെയും, അപവാദത്തിൻെറയും കൂരമ്പുകൾ അവളുടെ മൃദുല ഹൃദയത്തെ വേദനിപ്പിക്കുന്നു. അഭ്യസ്തവിദ്യരായ വനിതകൾ പോലും പൊതുരംഗത്തുനിന്നും വിട്ടുനിൽക്കാനുള്ള പ്രധാനകാരണം ഇതുതന്നെയാണ്.

മദ്യപിക്കുന്ന ഭർത്താവ് ഒരു സാധാരണ സ്ത്രീയുടെ പേടിസ്വപ്നമാണ്. കുടിച്ചുപൂസായി വെറുതെ വഴക്കുണ്ടാക്കി കുടുംബസമാധാനം തകർക്കുകയും, ഭാര്യയെ മർദ്ദിക്കുകയും ചെയ്യുന്ന നിരവധി ഭർത്താക്കന്മാർ നമ്മുടെ സമൂഹത്തിലുണ്ട്. ചാരായ നിരോധന നിയമത്തിലൂടെ വലിയൊരു സാമൂഹികസേവനമാണ് സർക്കാർ നടത്തിയിട്ടുള്ളത്.

സ്ത്രീത്വത്തിനു വിലപേശുന്ന 'സ്ത്രീധനം' എന്ന ഭീകര പിശാചിന്റെ താണ്ഡവനൃത്തം ഇനിയും അവസാനിച്ചിട്ടില്ല. 'സ്ത്രീധന നിരോധനനിയമം' വെറും ഏട്ടിലെ പശുവായി അവശേഷിക്കുന്നു. നിയമ നിർമ്മാതാക്കളും, നിയമപാലകരും അർത്ഥഗർഭമായ മൗനം പാലിക്കുന്നതുമൂലം സ്ത്രീധന പീഢനങ്ങളും, മരണങ്ങളും അടിക്കടി വർദ്ധിക്കുന്നു. ഈ ഭീകരവിപത്തിനെതിരെ യുവജനങ്ങളെ ബോധവത്ക്കരിക്കാനുള്ള ശ്രമങ്ങൾ അടിയന്തിരമായി ഉണ്ടാകണം.

തൃക്കാക്കര പഞ്ചായത്തിൽ പുരുഷന്മാരുടെ എണ്ണത്തേക്കാൾ അല്പം കുറവാണ് സ്ത്രീകളുടെത്.

സ്ത്രീകളിൽ നല്ലൊരു ശതമാനം തൊഴിലില്ലാത്തവരാണ്. കെട്ടിട നിർമ്മാണം, കൃഷി, മൃഗസംരക്ഷണം, പരമ്പരാഗത വ്യവസായങ്ങൾ തുടങ്ങിയവയിൽ ഏർപ്പെടുന്ന അനവധി വനിതകൾ ഉണ്ട്. അടുത്ത കാലത്തായി വ്യവസായം, കച്ചവടം, അദ്ധ്യാപനം, ബാങ്കിംഗ് തുടങ്ങിയ മേഖലകളിലേക്ക് ധാരാളം സ്ത്രീകൾ പ്രവേശിച്ചുതുടങ്ങിയിട്ടുണ്ട്. വിദ്യാഭ്യാസത്തിലെ അവരുടെ പിന്നോക്കാവസ്ഥ ഇനിയും മാറിയിട്ടില്ല.

**പട്ടിക 1**

**1991 ലെ കണക്ക്**

| ആകെ ജനസംഖ്യ | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| 51166 | 25435 | 25731 |

**പട്ടിക 2**

**1996 ലെ കണക്ക്**

| ആകെ ജനസംഖ്യ | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| 61365 | 30497 | 30868 |

**പട്ടിക 3**

**എയ്ഡ്സ് സ്ക്കൂളുകൾ**

| | ആകെ | പെൺകുട്ടികൾ | ആൺകുട്ടികൾ | SCST ആകെ | SCST പെൺകുട്ടികൾ | SCST ആൺകുട്ടികൾ |
|---|---|---|---|---|---|---|
| L.P. | 2721 | 1309 | 1512 | 431 | 203 | 228 |
| U.P. | 2340 | 945 | 1195 | 314 | 156 | 158 |
| H.S. | 1791 | 872 | 929 | 267 | 150 | 117 |
| College | 2310 | 1790 | 520 | | | |

**പട്ടിക 4**

**ഗ്രാമസഭകളിലെ സാന്നിദ്ധ്യം**

| ഗ്രാമസഭകൾ | ആകെ പങ്കെടുത്തവർ | സ്ത്രീകൾ | പുരുഷന്മാർ | SCST സ്ത്രീകൾ | SCST പുരുഷന്മാർ |
|---|---|---|---|---|---|
| 15 | 2016 | 334 | 1682 | 128 | 292 |

പട്ടിക 5

അദ്ധ്യാപകർ

| സ്കൂൾ | ആകെ | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|---|
| കോളേജ് | 51166 | 25435 | 25731 |

മുകളിൽ കൊടുത്തിട്ടുള്ള പട്ടികകളിൽ നിന്നും വിവിധ മേഖലകളിലെ സ്ത്രീ പങ്കാളിത്തത്തെക്കുറിച്ച് ഏകദേശജ്ഞാനം ലഭ്യമാണ്. ഗ്രാമസഭകളിൽ പങ്കെടുക്കാൻ ഹരിജനസ്ത്രീകൾ കാണിച്ച താത്പര്യം പോലും മറ്റു സ്ത്രീകൾ കാണിച്ചിട്ടില്ല എന്ന വസ്തുത സാമൂഹിക പ്രശ്നങ്ങളിൽ സ്ത്രീകൾക്കുള്ള പങ്ക് വളരെ കുറവാണെന്ന് വ്യക്തമാക്കുന്നു.

തൃക്കാക്കര പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ ബഹുഭൂരിപക്ഷവും വനിതകളാണ്. പല പ്രധാന ഓഫീസർമാരും സ്ത്രീകളാണ്. വിദ്യാഭ്യാസ കാര്യത്തിൽ സ്ത്രീകളുടെ പിന്നോക്കാവസ്ഥ മാറിക്കൊണ്ടിരിക്കുന്നു. നഗരജീവിതവുമായി താദാത്മ്യം പ്രാപിക്കാനുള്ള വെമ്പലിൽ സ്വന്തം സാംസ്കാരികമൂല്യങ്ങളെ വിസ്മരിക്കാനുള്ള പ്രവണത നമ്മുടെ പെൺകുട്ടികളിലും വർദ്ധിച്ചുവരുന്നുണ്ട്.

കസ്തൂർബാ മഹിളാസമാജം ജനാധിപത്യമഹിളാ അസോസിയേഷൻ തുടങ്ങിയ മഹിളാസമാജങ്ങളുടെ പ്രവർത്തനം പഞ്ചായത്തിൽ ഉണ്ടെങ്കിലും വനിതകളുടെ സംവാദവേദിയായി മാറാനോ, സൃഷ്ടിപരമായ പ്രവർത്തനങ്ങളിൽ വേണ്ടത്ര ഏർപ്പെടാനോ അവയ്ക്കു കഴിഞ്ഞിട്ടില്ല. അംഗനവാടികളുടെ പ്രവർത്തനവും ഒട്ടും തൃപ്തികരമല്ല.

## പ്രശ്നങ്ങൾ പരിഹാരമാർഗ്ഗങ്ങൾ

1. തൃക്കാക്കര പഞ്ചായത്തിലെ വനിതകളുടെ ഒരു വലിയപ്രശ്നം പല തൊഴിൽരംഗത്തും വേണ്ടത്ര സുരക്ഷിതത്വവും വേതന തുല്യതയും ലഭിക്കുന്നില്ല എന്നതാണ്. 'സെയിൽസ് ഗേൾസാ'യി ജോലിചെയ്യുന്നവർക്ക് ലഭിക്കുന്ന പ്രതിമാസ വേതനം അഞ്ഞൂറോ, അറുനൂറോ രൂപമാത്രമാണ്. വ്യാപാരമേഖലയിൽ ആയിരം രൂപപോലും പ്രതിമാസ വേതനം ലഭിക്കാതെ ദിവസം മുഴുവൻ കഠിനജോലിചെയ്യുന്ന ആയിരക്കണക്കിനു പെൺകുട്ടികളുണ്ട്. അൺ എയ്ഡഡ് സ്ക്കൂളുകളിലെയും മറ്റും വനിതകളുടെ വേതനം തൃപ്തികരമല്ല. ജീവിക്കാനാവശ്യമായ വേതനം നിയമനിർമ്മാണത്തിലൂടെ ഉറപ്പാക്കുകയും ആ നിയമം പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കാൻ പഞ്ചായത്തുതല കമ്മിറ്റി രൂപീകരിക്കുകയുമാണ് ഇതിനുള്ള പരിഹാരമാർഗ്ഗം.

2. സ്ത്രീകൾക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ യഥാവിധി ലഭിക്കുന്നില്ല എന്നത് വലിയ ഒരു പ്രശ്നമായി അവശേഷിക്കുന്നു. സർക്കാർ വക സാമ്പത്തിക സഹായങ്ങളെക്കുറിച്ചുള്ള അജ്ഞതയും, വേണ്ടത്ര പ്രോത്സാഹനത്തിന്റെ അഭാവവും വനിതകളെ തൊഴിൽ സംരംഭങ്ങളിൽ നിന്നും മാറ്റിനിർത്തുന്നു. അംഗൻവാടികൾ, മഹിളാസമാജങ്ങൾ, വനിതാക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാനാവും.

3. വസ്ത്രനിർമ്മാണം, ഭക്ഷണപദാർത്ഥങ്ങളുണ്ടാക്കൽ, പരമ്പരാഗത വ്യവസായങ്ങളായ കൊട്ട, പായ തുടങ്ങിയവയുടെ നിർമ്മാണം, പ്ലാസ്റ്റിക്ക് സാധനങ്ങളുടെ നിർമ്മാണം, പപ്പട നിർമ്മാണം തുടങ്ങിയ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന ഒട്ടേറെ വനിതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തു തലത്തിൽ ഇത്തരക്കാരെ സംഘടിപ്പിച്ചുകൊണ്ട് വനിതാസഹകരണ സംഘങ്ങൾ രൂപീകരിക്കണം. പുതുതായി രംഗത്തേക്ക് വരുന്നവർക്ക് ട്രെയിനിംഗ് നൽകുവാനും, ഉൽപ്പാദക വസ്തുക്കൾ വിറ്റഴിക്കുവാനും പ്രസ്തുത സംഘങ്ങൾക്കു കഴിയണം.

4. തൊഴിലിനു പോകുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനായി ക്രെഷേകൾ, നേഴ്സറികൾ എന്നിവ എല്ലാ വാർഡുകളിലും ഉണ്ടാവേണ്ടതാണ്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ അഭ്യസ്തവിദ്യരായ തൊഴിൽരഹിത വനിതകളെ ഇതിനായി നിയോഗിക്കാവുന്നതാണ്.

5. തൃക്കാക്കര പഞ്ചായത്തിൽ ഒരു ആശുപത്രിയുടെ അഭാവം സ്ത്രീകളേയും കുട്ടികളെയും വളരെയേറെ ബുദ്ധിമുട്ടിക്കുന്നു. പോളിയോ കുത്തിവെയ്പ്, മറ്റു രോഗനിവാരണ മാർഗ്ഗങ്ങൾ എന്നിവ സൗജന്യമായി ലഭിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.

6. വനിതകളുടെ തൊഴിലില്ലായ്മക്കും സാമ്പത്തിക പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താനായി മൃഗസംരക്ഷണം പരിപോഷിപ്പിക്കാവുന്നതാണ്. കോഴി,

താറാവ്, ആട്, പശു, പന്നി, മുയൽ എന്നിവയെ വളർത്താനുള്ള മൃഗസംരക്ഷണ വകുപ്പിന്റെ പുതിയ സ്കീമുകൾ പഞ്ചായത്തിൽ നടപ്പാക്കുകയും, താത്പര്യമുള്ള എല്ലാവരേയും ഏതെങ്കിലും ഒരു സ്കീമിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. നമ്മുടെ മൃഗാശുപത്രിയിൽ പുതിയ സ്കീമുകളൊന്നും പ്രവർത്തിപഥത്തിലേക്ക് കൊണ്ടുവരാൻ തുടങ്ങിയിട്ടില്ല.

7. അടുക്കളത്തോട്ടം, പുഷ്പകൃഷി തുടങ്ങിയ രംഗങ്ങളിൽ വനിതകൾക്ക് പരിശീലനം നൽകുവാനും, കൃഷി ആരംഭിക്കാൻ വേണ്ട സഹായം ചെയ്തുകൊടുക്കുവാനുമുള്ള സംവിധാനവും ഉണ്ടാക്കണം. വനിതാ ഓർക്കിഡ്ക്ലബ്ബുകൾ, വനിതാ അടുക്കളത്തോട്ട സംഘങ്ങൾ എന്നിവയ്ക്ക് ജന്മം നൽകുന്നത് ഈ രംഗത്ത് കൂടുതൽ വികാസം ഉണ്ടാവാൻ സഹായിക്കും. ആവശ്യമായ നടീൽ സാധനങ്ങൾ ലഭ്യമാക്കാനും വിപണനത്തെ സഹായിക്കാനും പഞ്ചായത്തുതല സംവിധാനം ഉണ്ടായാലേ ഈ സംരംഭങ്ങൾ വിജയിക്കുകയുള്ളൂ.

8. നെൽപ്പാടങ്ങൾ നികത്തുന്നതുമൂലം കാർഷിക മേഖലയിൽ ഏർപ്പെട്ടിരുന്ന വനിതകൾക്ക് തൊഴിൽ നഷ്ടപ്പെടുന്നു. ഇത് ഒഴിവാക്കാൻ ശ്രദ്ധിക്കണം.

9. അന്ധവിശ്വാസങ്ങളും, അമിതമായ ഭയവും സ്ത്രീകളുടെ പുരോഗതിയെ തടയുന്നു. ഇതിനെതിരായി ശക്തമായ ബോധവത്ക്കരണം ഉണ്ടാകണം.

10. പൊതുവിതരണ കേന്ദ്രങ്ങൾ, ഗ്യാസ് ഏജൻസികൾ തുടങ്ങിയവ ആരംഭിക്കുമ്പോൾ വനിതകൾക്കും വനിതാ സംഘടനകൾക്കും മുൻഗണന നൽകണം.

11. സ്ത്രീപീഡനത്തിനെതിരായി ഒരു കൗൺസിലിംഗ് സെന്റർ സ്ഥാപിക്കണം. പ്രശ്നങ്ങൾ യഥാസമയം റിപ്പോർട്ടു ചെയ്യുവാനും, പരിഹരിക്കുവാനുമായി പഞ്ചായത്തു പ്രസിഡണ്ട് അദ്ധ്യക്ഷനായിട്ടുള്ള ഒരു സമിതിയെ നിയമിക്കണം. സ്ത്രീകളെ ആഭാസമായി ചിത്രീകരിക്കുന്ന പരസ്യങ്ങൾ കണ്ടെത്തി അതിനെതിരെ പ്രതികരിക്കുവാനും സമിതിക്കു കഴിയണം.

12. നിർദ്ധനരും ആലംബഹീനരുമായ സ്ത്രീകളുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനായി സ്ത്രീകളുടെ നേതൃത്വത്തിൽ നടക്കുന്ന ഒരു അഗതി മന്ദിരം സ്ഥാപിക്കേണ്ടതാണ്. ലക്ഷ്യബോധമുള്ള സേവന തല്പരരായ പുരുഷന്മാരേയും ഇതിന്റെ പ്രവർത്തനത്തിൽ ഉൾക്കൊള്ളിക്കണം.

13. ഐ.ആർ.ഡി.പി., ഡി.ഡബ്ലിയു.സി.ആർ.എ. തുടങ്ങിയ പ്രസ്ഥാനങ്ങളെക്കുറിച്ച് പഞ്ചായത്തിലെ വനിതകളെ ബോധവത്ക്കരിക്കുവാനും, സാമ്പത്തികസഹായം നേടിയെടുക്കാൻ സഹായിക്കുവാനുമായി ഒരു സമിതി പഞ്ചായത്തു തലത്തിൽ ഉണ്ടാവണം.

14. ചാരായ നിരോധനം നിലവിലുണ്ടെങ്കിലും അനധികൃതമായ മദ്യം ചില സ്ഥലങ്ങളിൽ ലഭ്യമാണ്. ഇതു തടയാനായി ഒരു മദ്യനിരോധന സമിതി രൂപീകരിക്കണം. പൂർണ്ണ മദ്യനിരോധനത്തിനായുള്ള പ്രവർത്തനങ്ങൾക്ക് ഈ സമിതി നേതൃത്വം നൽകണം.

15. വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന ഹരിജൻ, മുസ്ലീം പെൺകുട്ടികളെ സഹായിക്കാനായി വനിതകളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ട്യൂഷൻ സെന്ററുകൾ സ്ഥാപിക്കണം. ടൈപ്പ്റൈറ്റിംഗ്, ഷോർട്ട് ഹാൻറ് തുടങ്ങിയവ പഠിക്കാനുള്ള സൗകര്യവും ഏർപ്പെടുത്തണം.

16. കലാകായിക രംഗങ്ങളിൽ കഴിവും താത്പര്യവുമുള്ള പെൺകുട്ടികളെ സഹായിക്കാനായി ഒരു സമിതി രൂപീകരിക്കുന്നത് പ്രതിഭകളെ കണ്ടെത്താനും വളർത്താനും സഹായിക്കുന്നു.

17. പൊതുസ്ഥലങ്ങളിൽ വനിതകൾക്ക് പ്രാഥമിക ആവശ്യങ്ങൾ നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം. ഇതിന്റെ അഭാവം വനിതകളെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നു. ●

# സഹകരണം

# സഹകരണമേഖല

വ്യക്തികൾ കൂട്ടായ പ്രവർത്തനത്തിലൂടെ മനുഷ്യരെന്ന സമഭാവനയുടെ അടിസ്ഥാനത്തിൽ സ്വയമേധാ സംഘടിപ്പിക്കുകയും, അതിൻെറ ഭരണം നീതി നിഷ്ഠമായി നടത്തുകയും ചെയ്യുന്ന സ്വയം പ്രേരിതമായ ഒരു സംഘടനയാണ് സഹകരണം. അംഗങ്ങളുടെ ഇടയിൽ മിതത്വം, സ്വയംപ്രാപ്തതാബോധം, പരസ്പര സേവന ബുദ്ധി എന്നീ ഗുണങ്ങൾക്ക് പ്രോത്സാഹനം നൽകുകയും അതിലേക്ക് അവരെ നയിക്കുകയും ചെയ്യുന്നു.

ഗ്രാമപഞ്ചായത്തുകളെപ്പോലെ തന്നെ ഗ്രാമീണരുടെ മനസ്സിൽ വേരൂന്നിയിട്ടുള്ള ഒരു പ്രസ്ഥാനമാണ് സഹകരണ പ്രസ്ഥാനം. 1844-ൽ 28 തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ഇംഗ്ലണ്ടിൽ ആരംഭിച്ച ഈ പ്രസ്ഥാനം കഴിഞ്ഞ ഒരു നൂറ്റാണ്ടായി ഇന്ത്യയിൽ പ്രവർത്തനം ആരംഭിച്ചു. സഹകരണപ്രസ്ഥാനം ഏറ്റവും ശക്തമായി പ്രവർത്തിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം.

തൃക്കാക്കര പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണസംഘം, രണ്ടു ക്ഷീരസഹകരണ സംഘ ങ്ങൾ, ഒരു ഹരിജൻ സഹകരണസംഘം, ഒരു ഭവന സഹകരണസംഘം, പ്രസ് തൊഴിലാളികൾക്കുവേണ്ടിയുള്ള എംപ്ലോയീസ് സഹകരണസംഘം, ജില്ലാ സഹകരണബാങ്കിൻെറ ഒരു ബ്രാഞ്ച് എന്നിവയാണ് സഹകരണ വകുപ്പുകൾക്കം കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ. ഇതിൽ ഹരിജൻ സഹകരണ സംഘം കാര്യമായ യാതൊരു പ്രവർത്തനവും നടത്തുന്നില്ല. ഇതിൻെറ പ്രവർത്തന പരിധിയിൽ വരുന്ന മുഴുവൻ ഹരിജനങ്ങളെ അംഗങ്ങളാക്കുകയും അവർക്കിടയിൽ സംഘത്തിൻെറ ഉപനിയമവ്യവസ്ഥയിൽ കാണിച്ചിരിക്കുന്ന പ്രകാരം പ്രവർത്തനം സംഘടിപ്പിക്കേണ്ടയുമിരിക്കുന്നു. ഈ ഹരിജൻ സഹകരണ സംഘത്തിൻെറ പുനരുദ്ധാരണത്തിന് ബന്ധപ്പെട്ടവർ മുൻകൈ എടുക്കേണ്ടിയിരിക്കുന്നു.

സഹകരണ ഡിപ്പാർട്ടുമെൻറിനു കീഴിൽ രജിസ്റ്റർ ചെയ്തുപ്രവർത്തിച്ചുവന്നിരുന്ന ഒരു ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് സൊസൈറ്റി ഉണ്ട്. ഇപ്പോഴത് പ്രവർത്തിക്കുന്നില്ല. കളിമണ്ണുകൊണ്ട് വിവിധ ഉൽപ്പന്നങ്ങൾ കൈകൊണ്ട് നിർമ്മിക്കുന്ന ചില തൊഴിലാളി കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. അവരുടെ നേതൃത്വത്തിലാണ് ഈ സംഘം രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചിരുന്നത്. വിവിധതരം കൈത്തൊഴിലുകാരെ ചേർത്തുകൊണ്ട് വൈവിധ്യങ്ങളായ പ്രവർത്തനം ഏറ്റെടുത്ത് ഇതു പുനരുദ്ധരിപ്പിച്ചാൽ ഗ്രാമീണ മേഖലയിൽ പ്രയോജനപ്പെടുത്തുവാൻ കഴിയും.

കാക്കനാട് ആസ്ഥാനമായുള്ള നവകേരളപുരി സൊസൈറ്റി ഒരു ഹൗസിംഗ് സൊസൈറ്റിയുടെ

പ്രവർത്തനം ആണെങ്കിലും അതിൻെറ പ്രവർത്തനം മരവിച്ചിരിക്കുകയാണ്. ക്ലിപ്ത അംഗങ്ങളെ ചേർത്ത് അവർക്ക് വീടിനുവേണ്ടിയുള്ള സ്ഥലത്തിനും, വീടിനും വേണ്ടിയുള്ള ലക്ഷ്യമിട്ടായിരുന്നു പ്രവർത്തിച്ചിരുന്നത്. ആ ലക്ഷ്യം പൂർത്തിയാക്കികഴിഞ്ഞു. സംഘത്തിൻെറ ഉടമസ്ഥതയിലുള്ള സ്ഥലവും ഓഫീസും പ്രവർത്തനരഹിതമായിരിക്കുകയാണ്.

തെങ്ങോടും, ചിറ്റേത്തുകരയും കേന്ദ്രമാക്കി 2 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആവശ്യമായ മറ്റു സ്ഥലങ്ങളിലും ക്ഷീരകൃഷിക്കാരെ സംഘടിപ്പിച്ചുകൊണ്ട് സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം വിപുലപ്പെടുത്തുവാൻ കഴിയും. അതുമൂലം കർഷകർക്ക് അവരുടെ ഉൽപ്പന്നത്തിന് ന്യായമായ വില ലഭിക്കുന്നതോടൊപ്പം ഉപഭോക്താക്കൾക്ക് നല്ല ഗുണനിലവാരമുള്ള ഉൽപ്പന്നം ലഭിക്കുകയും ചെയ്യും.

കെ.ബി.പി.എസ്. ലെ തൊഴിലാളികൾ നടത്തുന്ന സഹകരണ സംഘത്തിൻെറ കീഴിൽ ഒരു കൺസ്യൂമർ സ്റ്റോറും നടത്തുന്നുണ്ട്. പൊതുജനങ്ങൾക്കുകൂടി ഇത് പ്രയോജനപ്രദമാണ്.

ജില്ലാസഹകരണ ബാങ്കിൻെറ ഒരു ബ്രാഞ്ച് പ്രവർത്തനം നടത്തുന്നുണ്ട്. വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ ഈ ബാങ്ക് നടത്തുന്നുണ്ട്. 63,25,000/-രൂപ ഇത് ഇവിടെ വായ്പയായി നൽകിയിട്ടുണ്ട്. പാലാരിവട്ടം ആസ്ഥാനമായുള്ള കണയന്നൂർ സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിൽ (ഭൂപണയം) ഈ പഞ്ചായത്തിലെ ആയിരത്തോളം കുടുംബങ്ങൾ അംഗങ്ങളാണ്. ഏതാണ്ട് 60 ലക്ഷം രൂപ വിവിധ ആവശ്യങ്ങൾക്കായി ഈ ബാങ്ക് ഇവിടെ വായ്പ നൽകിയിട്ടുണ്ട്. ഇപ്പോൾ ഈ ബാങ്കിൻെറ പ്രവർത്തനം വിപുലപ്പെടുത്തിയിട്ടുണ്ട്. ലോറി, ടെമ്പോ, ചരക്ക് ഓട്ടോറിക്ഷ, വ്യവസായ വായ്പ, മറ്റു കാർഷിക വായ്പകൾ, ഭവനനിർമ്മാണം എന്നിവയ്ക്കായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു.

കെ.ബി.പി.എസ്. എംപ്ലോയീസ് സൊസൈറ്റിയിൽ 383 അംഗങ്ങളുണ്ട്. 11,48,300/- രൂപയുടെ ഓഹരി മൂലധനവും 32,50,000/- രൂപയുടെ സ്ഥിരനിക്ഷേപവും ഉണ്ട്. 85,68,000/- രൂപ വായ്പയായി തൊഴിലാളികളായ അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

സഹകരണ മേഖലയിൽ ഏറ്റവും ശക്തമായി പ്രവർത്തിക്കുന്നത് വാഴക്കാല ആസ്ഥാനമായുള്ള അയ്യനാട് സർവ്വീസ് സഹകരണബാങ്ക് ആണ്. തൃക്കാക്കര പഞ്ചായത്തിൽ 1,2,3,6,7,9,10,11,12,13,14,15 എന്നീ വാർഡുകളാണ് സംഘത്തിൻെറ പ്രവർത്തനമേഖല. മറ്റു മേഖലകൾ ഇടപ്പള്ളി നാഷണൽ സർവ്വീസ് ബാങ്ക്, പുതുപ്പള്ളിപ്പുറം സർവീസ് സൊസൈറ്റി, കങ്ങരപ്പടിയിൽ പ്രവർത്തിക്കുന്ന തൃക്കാക്കര സർവ്വീസ് സഹകരണ ബാങ്ക് എന്നിവയുടെ പരിധിയിലാണ്. ഇടപ്പള്ളി നാഷണൽ സർവ്വീസ് ബാങ്കിൻെറയും, പുതുപ്പള്ളിപ്പുറം സർവ്വീസ് സഹകരണ സൊസൈറ്റിയുടെയും പ്രവർത്തനം തൃപ്തികരമല്ല. അതു പരിഹരിക്കേണ്ടിയിരിക്കുന്നു.

അയ്യനാട് സർവ്വീസ് സഹകരണ സംഘം

8000 ഓളം അംഗങ്ങൾ ഈ സംഘത്തിൽ ഉണ്ട്. സംഘത്തിന് സ്വന്തമായി കെട്ടിടവും, സ്ഥലവുമുണ്ട്. സംഘത്തിൽ ചിട്ടി മറ്റ് ബാങ്കിംഗ് ഇടപാടുകൾ കൂടാതെ കൺസ്യൂമർ സ്റ്റോർ, റേഷൻ വ്യാപാരം, സർക്കാരിൻെറ സബ്സിഡിപദ്ധതി പ്രകാരമുള്ള വളം വിതരണം എന്നിവയുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും ലഭ്യത അനുസരിച്ച് സഹകരണ മാവേലി സ്റ്റോറും പ്രവർത്തിക്കുന്നു. എല്ലാവർഷവും ഓണക്കാലത്ത് ഓണച്ചന്തയും നടത്തിവരുന്നു.

കേരള ഗവൺമെൻറിൻെറ ഉൽപ്പന്നമായ മലബാർ സിമൻറിൻെറ തൃക്കാക്കര പഞ്ചായത്തിലെ ഏക അംഗീകൃത ഏജൻറായി പ്രവർത്തിക്കുന്നു.

സംഘത്തിൻെറ ആസ്തിബാദ്ധ്യത കണക്കു പ്രകാരം 2,41,89,300/- രൂപയുടെ കടം എടുക്കുവാനുള്ള അംഗീകാരം ഉണ്ട്. പൊതുജനങ്ങളിൽനിന്നും ഒരു കോടി രൂപയുടെ നിക്ഷേപം സ്വീകരിച്ചിട്ടുണ്ട്. വിവിധയിനങ്ങളിലായി 1.25 കോടി രൂപ അംഗങ്ങൾക്കായിവായ്പ നൽകിയിട്ടുണ്ട്.

ഇതിൽ 5 ലക്ഷം രൂപയുടെ ഐ.ആർ.ഡി.പി. വായ്പയും 15,69,562/- രൂപയുടെ ഭവനനിർമ്മാണ വായ്പയും ഉൾപ്പെടും. ഇടപ്പള്ളി ബ്ലോക്കിനു കീഴിൽ ഐ.ആർ.ഡി.പി. വായ്പ ഏറ്റവും കൂടുതൽ നൽകുന്ന ധനകാര്യസ്ഥാപനം ഇതാണ്. അതിവേഗം വികസിച്ചു വരുന്ന ഈ പഞ്ചായത്തിലെ എല്ലാ വീട്ടിലേയും ഓരോരുത്തരെയെങ്കിലും ഈ സംഘത്തിൽ അംഗമാക്കുകയും അവർക്ക് ബാങ്കിംഗുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾ

ക്കും സംഘത്തിൻെറ സഹായം ഉണ്ടാകുകയും വേണം ഓരോരുത്തരുടെയും കൂടുതൽ വരുന്ന നിക്ഷേപം സംഘത്തിൽ നിക്ഷേപിക്കുകയും ആ തുക ഗ്രാമീണർക്ക് വിവിധ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്ന സൗകര്യം ഉണ്ടാക്കുകയും ചെയ്യുന്നതോടൊപ്പം സമ്പാദ്യശീലം വളർത്തുവാനും കഴിയും.

## പ്രശ്നങ്ങൾ:

1. ഹരിജൻ സൊസൈറ്റി പ്രവർത്തന രഹിതമാണ്.
2. ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് സൊസൈറ്റി പ്രവർത്തന രഹിതമാണ്.
3. അയ്യനാട് സർവ്വീസ് സഹകരണസംഘം ശാഖകൾ ആവശ്യത്തിനില്ല.

## സാധ്യതകൾ:-

1. അയ്യനാട് സർവീസ് സഹകരണ സംഘത്തിൻെറ ശാഖകൾ രണ്ടിടത്തെങ്കിലും സ്ഥാപിക്കണം.
2. ഒരു ഉപഭോക്തൃ സഹകരണസംഘത്തിൻെറ പ്രവർത്തനം ഉടൻ ആരംഭിക്കണം.
3. കാർഷിക വികസന ബാങ്കിൻെറ (ഭൂപണയ ബാങ്ക്) പ്രവർത്തനം സംബന്ധിച്ച് വിപുലമായ അറിവു നൽകണം.
4. ഒരു വനിതാസഹകരണ സംഘം സ്ഥാപിച്ച് സ്ത്രീകളുടെയിടയിൽ ഉള്ള പ്രവർത്തനം നടത്തണം.
5. കൂടുതൽ ക്ഷീര വ്യവസായ സംഘങ്ങൾ രൂപീകരിക്കണം.
6. ട്രെയിനിംഗ് സെൻറർ സ്ഥാപിക്കുവാനുദ്ദേശിച്ച് അത്താണിയിൽ സഹകരണ യുണിയൻ വാങ്ങിയ സ്ഥലത്ത് സഹകരണ ട്രെയിനിംഗ് കോളേജ് തുടങ്ങണം.
7. ധാരാളം നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശം എന്ന നിലയ്ക്ക് ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി വേണം.
8. ഒരു ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിച്ച് ഉടൻ പ്രവർത്തനം ആരംഭിക്കണം.
9. സഹകരണ വിദ്യാഭ്യാസം വ്യാപകമായി പ്രചരിപ്പിക്കണം.

# പട്ടികജാതി
# പട്ടികവർഗ്ഗ ക്ഷേമം

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് അമ്പതു വർഷമായെങ്കിലും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സ്ഥിതി ഇന്നും അതിദയനീയമാണ്. രാഷ്ട്രപിതാവായ ഗാന്ധിജി സ്നേഹാദരപൂർവ്വം ഹരിജനങ്ങൾ എന്ന് വിളിച്ചിരുന്ന ഇവരുടെ ഉന്നമനത്തിനായി ഒട്ടേറെ പദ്ധതികൾ നടപ്പാക്കപ്പെട്ടിട്ടുണ്ടെങ്കിലും വികസനത്തിൻെറ രാജപാതയിലേക്ക് കടന്നുവരാൻ അവരിൽ വളരെ ചെറിയ ശതമാനം ആളുകൾക്കേ കഴിഞ്ഞിട്ടുള്ളു. അതുകൊണ്ടുതന്നെ ഇവരുടെ ഉന്നമനം രാഷ്ട്രപുരോഗതിയുടെ തുറുപ്പു ചീട്ടായി അവശേഷിക്കുന്നു. അവരെ ഉണർത്താനും, ഉത്തേജിപ്പിക്കാനും, അങ്ങിനെ വികസന നിർമ്മാണ പ്രവർത്തനങ്ങളിൽ അവരുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുവാനും ജനകീയ ആസൂത്രണത്തിനു കഴിയണം.

തൃക്കാക്കര പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഏറ്റം വലിയ പ്രശ്നം വികസന ക്ഷേമ പ്രവർത്തനങ്ങളോടുള്ള വിമുഖതയാണ്. വിദ്യാഭ്യാസത്തിൻെറ അഭാവമാണ് ഇതിനുള്ള പ്രധാനകാരണം. നൂറ്റാണ്ടുകളായി ചൂഷണവിധേയമാക്കപ്പെട്ട ഒരു ജനതയ്ക്ക് സർക്കാർ നടപ്പാക്കുന്ന പദ്ധതികളിൽ വിശ്വാസം നഷ്ടപ്പെടുന്നതിൽ അതിശയിക്കേണ്ടതില്ല. ഉദ്യോഗസ്ഥന്മാരുടെ പലവിധത്തിലുള്ള ചൂഷണമൂലം അവർക്ക് ഒന്നിനേയും വിശ്വസിക്കാനാവാത്ത ഒരു അവസ്ഥ ഉണ്ടായിരിക്കുകയാണ്. അവർക്കായി ചിലവഴിക്കപ്പെടുന്ന സംഖ്യയിൽ നല്ലൊരുശതമാനവും മദ്ധ്യവർത്തികളുടെ പോക്കറ്റിലേക്ക് പോകുന്നു. ഈ സ്ഥിതിവിശേഷം ഇനിയും തുടർന്നുകൂടാ.

സ്വാശ്രയബോധവും, പരസ്പരവിശ്വാസവും പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽ വളർത്തിയെടുക്കണം. പഞ്ചായത്തിൻെറ എല്ലാ വികസനപ്രവർത്തന രംഗങ്ങളിലും അവർക്കു സജീവ പങ്കാളിത്തം നൽകിക്കൊണ്ട് ഇതു ചെയ്യാവുന്നതാണ്. എല്ലാം സർക്കാർ ചെയ്തു തരണം എന്ന മിഥ്യബോധത്തിൽനിന്നും ഉണർന്നെണീറ്റ് സ്വന്തം അവകാശങ്ങൾ നേടിയെടുക്കാൻ അവരെ പ്രാപ്തരാക്കണം. അവരുടെ ഇടയിലുള്ള ചില പ്രമുഖർ എല്ലാ ആനുകൂല്യങ്ങളും നേടിയെടുക്കുന്ന സ്ഥിതിവിശേഷം അവസാനിപ്പിക്കാൻ ഇതു മാത്രമേ മാർഗ്ഗമുള്ളു.

തൃക്കാക്കര ഗ്രാമപഞ്ചായത്തിൽ ഏകദേശം രണ്ടായിരത്തി ഇരുനൂറു ഹരിജൻ കുടുംബങ്ങൾ ഉണ്ട്.. ഇതിൽ അറുനൂറോളം കുടുംബങ്ങൾ സ്വന്തമായ വീട് ഇല്ലാത്തവരാണ്. സ്വന്തമായി ഒരു സെൻറു സ്ഥലം പോലും ഇല്ലാത്തവർ നാനൂറോളം വരും. പരമ്പരാഗതമായി കൈവശമുണ്ടായിരുന്ന ഭൂമി മിക്കവാറും അന്യാധീനപ്പെട്ടുപോയിരിക്കുന്നു. സർക്കാർ വക പൊതു സ്ഥലങ്ങളിൽ വർഷങ്ങളായി താമസിച്ചുകൊണ്ടിരിക്കുന്ന പലർക്കും ഇനിയും പട്ടയം കിട്ടാത്തതുമൂലം ഒട്ടേറെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്.

S.C. HABITTATS : TOTAL 15

| Households | SC Houses | | Population | SC | ST |
|---|---|---|---|---|---|
| 628 | 429 | ST.1 | 2771 | 1928 | 4 |

## ഹരിജൻ കോളനികൾ

ആകെ മുപ്പത്തിമൂന്നു ഹരിജൻ കോളനികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ഇതിൽ പതിനഞ്ചെണ്ണമേ സർക്കാർ അംഗീകരിച്ചിട്ടുള്ളു. ബാക്കി നാലെണ്ണത്തിനു അംഗീകാരം കിട്ടാനുള്ള ശ്രമങ്ങൾ ഉടൻ ഉണ്ടാകണം. നാല് 1 എച്ച്.ഡി.പി. കോളനികളും ഇവിടെയുണ്ട്. കണ്ണങ്കേരി, പോരലുകുത്തിപ്പാറ, പാറയ്ക്കാമുകൾ, ചങ്ങമ്പുഴ സ്മാരക ഹരിജൻ കോളനി എന്നിവ. ഹരിജൻ കോളനികളുടെ അവസ്ഥ അതിദയനീയമാണ്. പല വീടുകളും പൊട്ടിപ്പൊളിഞ്ഞ് വാസയോഗ്യമല്ലാത്ത അവസ്ഥയിലാണ്. വേണ്ടസമയത്ത് അവ നന്നാക്കാനുള്ള ശ്രമം അധികാരികളുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നില്ല. മാത്രമല്ല സ്വന്തം ഭവനം വൃത്തിയായും, ഭംഗിയായും സൂക്ഷിക്കാനുള്ള പരിശീലനം ആരും കോളനിനിവാസികൾക്ക് നൽകിയിട്ടില്ല. റോഡ്, വെള്ളം, വൈദ്യുതി, പ്രാഥമികാവശ്യങ്ങൾ നടത്താനുള്ള സൗകര്യം എന്നിവപോലും ചില കോളനികളിലില്ല. കുന്നത്തുചിറ കോളനി ഇനിയും വൈദ്യുതീകരിച്ചിട്ടില്ല. തുതിയൂർ മാന്ത്രി കോളനിയിൽ കുടിവെള്ളവും റോഡുസൗകര്യവും ഇല്ല. പറമ്പുകൾ കക്കൂസുകളായി ഉപയോഗിക്കുന്നതുമൂലം സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാനുള്ള സാദ്ധ്യത വളരെയേറെയാണ്.

എല്ലാ കോളനികളിലും അംഗൻവാടികളും, കുട്ടികൾക്ക് കളിക്കാനുള്ള സൗകര്യങ്ങളും ഉണ്ടാകണം. വായനശാലയും, ടി.വി. കാണാനുള്ള സൗകര്യവും ഉണ്ടാകുന്നത് അവരുടെ സാംസ്കാരിക ഉന്നമനത്തിന് അത്യാവശ്യമാണ്. ഓരോ കോളനിയിലേയും യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് വെൽഫെയർ ക്ലബ്ബുകൾ രൂപീകരിക്കുകയും, അവരിലൂടെ കോളനിയുടെ സമുന്നതി ഉറപ്പുവരുത്തുകയും വേണം.

## പ്രശ്നങ്ങൾ : പരിഹാരമാർഗ്ഗങ്ങൾ

1. ഹരിജനങ്ങൾക്കുള്ള വാർദ്ധക്യകാല പെൻഷൻ, വിധവാപെൻഷൻ, വികലാംഗപെൻഷൻ, കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയവ യഥാസമയം വിതരണം ചെയ്യപ്പെടുന്നില്ല. അർഹരായ പലരും അജ്ഞതമൂലം ഇത്തരം അവകാശങ്ങൾക്കായി അപേക്ഷിച്ചിട്ടില്ല. ഒരു പഞ്ചായത്തുമെമ്പറുടെ നേതൃത്വത്തിൽ ഇതിനായി ഒരു കമ്മിറ്റി ഉണ്ടാക്കുകയും അവർ ഈ വിഷയത്തിൽ ആവുന്നതെല്ലാം ചെയ്തുകൊടുക്കുകയും വേണം.

2. നമ്മുടെ പഞ്ചായത്തിലെ ഹരിജനങ്ങളിൽ നല്ലൊരു ശതമാനം ആളുകൾ കാർഷികമേഖലയുമായി ബന്ധപ്പെട്ട കൂലിപ്പണി ചെയ്യുന്നവരാണ്. പാടം നികത്തി വീട് വയ്ക്കുന്ന പ്രക്രിയ ഇവരുടെ തൊഴിൽസാദ്ധ്യതയെ ദോഷകരമായി ബാധിക്കുന്നു. ഇതു തുടരാതിരിക്കാനാവശ്യമായ നടപടികൾ പഞ്ചായത്തിൽനിന്നും ഉണ്ടാകണം.

3. വിദ്യാഭ്യാസവും കഴിവുമുള്ള ഒട്ടേറെ ഹരിജൻ യുവജനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, വിവിധ സർക്കാർ ഏജൻസികളുടെ സഹായത്തോടെ നൂതന സംരംഭങ്ങളിലേർപ്പെടുന്നതിനും ആവശ്യമായ വിദഗ്ദ്ധോപദേശം ഇവർക്കു നൽകുവാനുള്ള ഒരു സംവിധാനം ഉണ്ടാകണം. ഒരു മെമ്പറുടെ നേതൃത്വത്തിൽ ഒരു ഹരിജൻ "കരിയർ ഗൈഡൻസ് ബ്യൂറോ" ആരംഭിക്കുന്നത് ഉചിതമായിരിക്കും.

4. ഈ ഗ്രാമപഞ്ചായത്തിൽ പൊതുവിൽ അല്ലെങ്കിൽ ഓരോ വാർഡുകൾക്കും പ്രത്യേകമായി ഹരിജൻ സൊസൈറ്റികൾ സ്ഥാപിക്കുകയും അവയിലൂടെ നിലവിലുള്ള പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുകയും വേണം.

5. മൂന്നും നാലും അംഗങ്ങൾ നിത്യവും ജോലിക്കു പോയിട്ടും സാമ്പത്തിക സുസ്ഥിതി കൈവരിക്കാൻ പല ഹരിജൻ കുടുംബങ്ങൾക്കും സാധിക്കാത്തത് മിതവ്യയവും, സമ്പാദ്യശീലവും ശീലിക്കാത്തതുകൊണ്ടാണ്. ഇതിനായി ഹരിജൻ സൊസൈറ്റികളിൽ ബാങ്കിം

ഗ് സംവിധാനം ഏർപ്പെടുത്തണം. അവിടത്തെ ജീവനക്കാർ ഹരിജനങ്ങൾത്തന്നെ ആണെങ്കിൽ മാത്രമേ ഉദ്ദിഷ്ട ഫലപ്രാപ്തി ഉണ്ടാവുകയുള്ളു.

6. പരമ്പരാഗത വ്യവസായങ്ങളായ കുട്ടനിർമ്മാണം, കയർ നിർമ്മാണം, തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്നവരെ സഹായിക്കാനായി സഹകരണാടിസ്ഥാനത്തിൽ ഈറ്റ, മുള, ചൂരൽ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്യുവാനും, ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാനുമുള്ള സംവിധാനം ഉണ്ടാകണം.

7. വിദ്യാഭ്യാസമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ മുമ്പിലുള്ള ഏറ്റവും വലിയ വെല്ലുവിളി. സർക്കാർ എയിഡഡ് സ്ക്കൂളുകളിൽ വിദ്യാഭ്യാസം നടത്തുന്ന ഇവരുടെ കുട്ടികളെ സംബന്ധിച്ചിടത്തോളം, ഇത്തരം സ്ഥാപനങ്ങളിലെ നിലവാരത്തകർച്ച നിർണ്ണായകമായിത്തീരുന്നു. അതുകൊണ്ട്, എൽ.പി., യു.പി., ഹൈസ്ക്കൂൾ തലങ്ങളിൽ അദ്ധ്യയന നിലവാരത്തിൽ പിന്നോക്കം നിൽക്കുന്ന ഇത്തരക്കാരായ വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. സേവന സന്നദ്ധരായ യുവജനങ്ങളുടെയും ഉദ്യോഗസ്ഥന്മാരുടെയും സേവനം ഇതിനായി ഉപയോഗിക്കുകയും, പഞ്ചായത്തിൽനിന്നും അവർക്ക് വേണ്ടത്ര പ്രോത്സാഹനവും, പാരിതോഷികവും നൽകേണ്ടതുമാണ്. എസ്.എസ്.എൽ.സി. പാസ്സാകുന്ന കുട്ടികൾക്ക് കോളേജിൽ ചേരുന്നതിനുമുമ്പായി ഒരു പ്രത്യേക ഓറിയന്റേഷൻ കോഴ്സ് നൽകുന്നത് അഭികാമ്യമായിരിക്കും.

8. കോളനികളിലും പുറത്തും താമസിക്കുന്ന ഹരിജനങ്ങൾക്ക് സ്വന്തമായി കക്കൂസ് നിർമ്മിക്കുവാനുള്ള സാമ്പത്തികശേഷിയും സന്നദ്ധതയും കുറവാണ്. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നത് ഇവരുടെയും സമീപവാസികളുടെയും ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു. സൗജന്യമായി കക്കൂസ് നിർമ്മിച്ചുകൊടുക്കാനുള്ള ഒരു സംവിധാനം ഉടൻ ഉണ്ടാകണം.

9. ഹരിജൻ സ്ത്രീകൾക്ക് ഉപതൊഴിൽ എന്ന നിലയിൽ മൃഗസംരക്ഷണം, തയ്യൽ, പ്ലാസ്റ്റിക്ക്, ചൂരൽ എന്നിവകൊണ്ടുള്ള ഗൃഹോപകരണങ്ങളുടെ നിർമ്മാണം തുടങ്ങിയ ശീലിക്കുവാനുള്ള സൗകര്യം ചെയ്തു കൊടുക്കുകയാണെങ്കിൽ അവരുടെ സാമ്പത്തിക പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും.

10. കീരേലി മലയിൽ താമസിക്കുന്നവരുടേതുൾപ്പെടെ എല്ലാ ഹരിജനങ്ങളുടെയും ഭൂമിയിലെ മണ്ണൊലിപ്പു തടയുന്നതിനാവശ്യമായ നടപടികൾ ഉണ്ടാകണം.

11. ജോലിക്കാരും മാതാപിതാക്കളോടൊപ്പം താമസിക്കാൻ കഴിയാത്തവരുമായ ഹരിജനങ്ങൾക്കായി പഞ്ചായത്തിൽ ഒരു ഹരിജൻ ഹോസ്റ്റൽ നിർമ്മിക്കണം.

12. കൂലിപ്പണി ചെയ്യുന്ന ഹരിജൻ തൊഴിലാളികളുടെ ഒരു ഫെഡറേഷൻ രൂപീകരിക്കണം. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ തൊഴിലെടുക്കുന്നവർ ആവശ്യത്തിനില്ലാതിരിക്കുമ്പോൾത്തന്നെ മറ്റു ഭാഗങ്ങളിൽ തൊഴിലില്ലായ്മ രൂക്ഷമായിരിക്കുന്നു. ഇതു പരിഹരിച്ച് തൊഴിലാളികളെ വേണ്ടസ്ഥലത്ത് വേണ്ട രീതിയിൽ എത്തിക്കുവാൻ ഫെഡറേഷൻ ഭാരവാഹികൾക്കു കഴിയണം.

13. ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന എല്ലാ സ്ഥലങ്ങളേയും ഹരിജൻ കോളനികളായി പ്രഖ്യാപിക്കുകയും കോളനികൾക്കുള്ള ആനുകൂല്യങ്ങൾ നൽകുകയും വേണം.

14. നിരക്ഷരരായ ഹരിജനങ്ങൾക്ക് സാക്ഷരതയും സാമൂഹ്യ ബോധവും, പരിശീലിക്കുന്നതിനുതകുന്ന തരത്തിലുള്ള സ്റ്റഡീക്ലാസ്സുകൾ നടത്തുന്നത് നന്നായിരിക്കും.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഏറ്റവും വലിയ പ്രശ്നം സമൂഹത്തിന്റെ എല്ലാ തലങ്ങളിലും അവർക്കു തുല്യത ലഭിക്കുന്നില്ല എന്നതാണ്. ഇത്തരം ജാതീയവും, സാമൂഹികവുമായ ഉച്ചനീചത്വങ്ങളെ തുടച്ചു മാറ്റാൻ ജനകീയ ആസൂത്രണത്തിനു കഴിയണം. നിയമനിർമ്മാണത്തിലൂടെയോ, ശക്തിപ്രകടനത്തിലൂടെയോ നേടിയെടുക്കാവുന്ന ഒന്നല്ല ഇത്. ഹരിജനങ്ങളുടെ ജീവിതനിലവാരം ഉയരുകയും, സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലും അവരുടെ സാന്നിദ്ധ്യം ഉണ്ടാവുകയും ചെയ്യുമ്പോൾ ഉച്ചനീചത്വങ്ങൾ താനെ അപ്രത്യക്ഷമായിക്കൊള്ളും. ●

# വിഭവസമാഹരണം

# വിഭവസമാഹരണം

വിഭവസ്രോതസ്സുകളുടെ കാര്യത്തിൽ ഭേദപ്പെട്ട പഞ്ചായത്തുകളിൽ ഒന്നാണ് തൃക്കാക്കര. കൃഷി, കച്ചവടം, ചെറുകിട വ്യവസായം, കെട്ടിടനിർമ്മാണം, സേവന മേഖലകളിലും വിദേശത്തും പണിയെടുക്കുന്നവരുടെ വരുമാനം എന്നിവയാണ് പഞ്ചായത്തിലെ മൊത്തം ജനങ്ങളുടെ വരുമാനം.

പഞ്ചായത്തിൻെറ മൊത്തം വരുമാനത്തിൻെറ കഴിഞ്ഞ മൂന്നു വർഷത്തെ പട്ടിക താഴെ കൊടുക്കുന്നു.

### വരവു സംബന്ധിച്ച വിവരങ്ങൾ

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| കെട്ടിട നികുതി | 978267.75 | 1297520.60 | 1583145.40 |
| തൊഴിൽ നികുതി | 735500.00 | 1067194.00 | 1004247.00 |
| വിനോദ നികുതി | 71570.95 | 58237.12 | 32919.28 |
| അഡീഷണൽ വിനോദ നികുതി | | 35322.08 | 19684.75 |
| പ്രദർശന നികുതി | 43375.75 | 4051.00 | 2002.15 |
| പ്രദർശനനികുതിയിലുള്ള സർചാർജ് | 2776.00 | 981.50 | 500.50 |
| ലൈസൻസ് ഫീസ് | 9219.00 | 20261.00 | 22814.00 |
| വസ്തുകൈമാറ്റ നികുതി 75% | 720720.00 | 797432.00 | 954891.00 |
| വസ്തുകൈമാറ്റ നികുതി 25% | 150000.00 | 206437.00 | 350000.00 |
| സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെ മറ്റു വരവുകൾ | 672351.45 | 351483.80 | 600157.67 |
| ഡെപ്പോസിറ്റ് | 84695.00 | 24749.00 | 867110.00 |
| ആകെ | 3468471.90 | 3863668.60 | 5437471.75 |

## വരവു സംബന്ധിച്ച വിവരങ്ങൾ

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| ഭരണം | 650763.00 | 626886.00 | 849864.00 |
| പൊതുമരാമത്ത് | 509580.00 | 513432.00 | 981975.00 |
| വിദ്യാഭ്യാസം | 10603.00 | 24272.00 | 25812.00 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 148220.00 | 126868.00 | 6753.00 |
| തെരുവുവിളക്കുകൾ കത്തിക്കുന്നതിന് | 400104.00 | 413940.00 | 443540.00 |
| മറ്റുള്ളവ | 2576838.20 | 2283249.00 | 2029879.80 |
| ആകെ | 4296108.20 | 3988647.00 | 4337823.80 |

## പഞ്ചായത്തിന്റെ തനതു വരുമാനം

| ഇനം | തുക 1995-96 |
|---|---|
| (സ്വകാര്യ) ചന്ത | 875.00 |
| വണ്ടിത്താവളങ്ങൾ | 45000.00 |
| കടത്ത് | 14000.00 |
| കെട്ടിടനികുതി | 1583145.40 |
| തൊഴിൽ നികുതി | 1004247.00 |
| വിനോദ നികുതി | 32919.28 |
| അഡീഷണൽ വിനോദ നികുതി | 19684.75 |
| പ്രദർശന നികുതി | 2002.15 |
| പ്രദർശന നികുതിയിൻമേൽ സർചാർജ് | 500.50 |
| ലൈസൻസ് ഫീസ് | 22814.00 |
| ആകെ | 2725188.08 |

പഞ്ചായത്തിന്റെ തനതു വരുമാനം 27,25,188 രൂപ 08 പൈസയും ഭരണച്ചെലവുൾപ്പെടെയുള്ള നിത്യനിദാനച്ചെലവുകൾ 43,37,823 രൂപ 80 പൈസയുമാണ്.

ടൗൺഷിപ്പുപോലെ വികസിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്തായതിനാൽ നിരവധി ക്വാർട്ടേഴ്സുകളും ഫ്ളാറ്റുകളും ഉയർന്നുകൊണ്ടിരിക്കുന്നു. തന്മൂലം മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും, ജലവിതരണം, പൊതുജനാരോഗ്യം എന്നീ ചെലവിനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം.

ഗൾഫ് മേഖലയിൽ പണിയെടുക്കുന്ന 1000ത്തോളം തൊഴിലാളികൾ പഞ്ചായത്തിലുണ്ട്. ദൂരവ്യാപകമായി ഈ പ്രശ്നത്തേക്കണ്ട് അവരെ പുനരധിവസിപ്പിക്കുന്നതിനും, ചെറുകിട വ്യവസായങ്ങൾക്കു തുടക്കം കുറിക്കുന്ന തരത്തിൽ അവരെ ആ രംഗത്തേക്കു കൊണ്ടുവരുന്നതിനും പഞ്ചായത്തു തലത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ (സിവിൽ സ്റ്റേഷൻ & CEPZ), കാത്തലിക് സിറിയൻ ബാങ്ക്, ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്, ഫെഡറൽ ബാങ്ക്, അയ്യനാട് സർവ്വീസ് സഹകരണ സംഘം, മിനി മുത്തൂറ്റ് ബാങ്കേഴ്സ് എന്നിവയാണ് പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ.

അനുദിനം പാഴായിക്കൊണ്ടിരിക്കുന്ന വിഭവശേഷി ഉപയോഗപ്പെടുത്തി ഉൽപ്പാദന മേഖലകൾ വളർത്തിക്കൊണ്ടുവരുവാനും ഗ്രാമീണരുടെ സാമ്പത്തിക പുനർജ്ജീവനത്തിനുവേണ്ടിയുള്ള കർമ്മപരിപാടികൾ ആവിഷ്കരിക്കുകയും വേണം.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 1175 | 25 | 173 | 690 | 274 | 13 |
| 2 | 796 | 75 | 274 | 493 | 46 | 8 |
| 3 | 1154 | 100 | 343 | 570 | 132 | 9 |
| 4 | 1070 | 50 | 255 | 807 | 152 | 6 |
| 5 | 827 | 24 | 192 | 547 | 46 | 18 |
| 6 | 1140 | 82 | 279 | 372 | 289 | 18 |
| 7 | 1397 | 206 | 370 | 643 | 168 | 10 |
| 8 | 988 | 20 | 114 | 556 | 283 | 15 |
| 9 | 894 | 48 | 102 | 448 | 293 | 3 |
| 10 | 1047 | 150 | 394 | 328 | 166 | 9 |
| 11 | 1402 | 359 | 330 | 586 | 119 | 8 |
| 12 | 1076 | 164 | 220 | 543 | 144 | 5 |
| 13 | 1124 | 64 | 279 | 619 | 156 | 6 |
| 14 | 808 | 15 | 108 | 436 | 243 | 6 |
| ആകെ | 14898 | 1382 | 3567 | 7438 | 2511 | 134 |

വിഭവസമാഹരണ കാര്യത്തിൽ ആശാവഹമായ പുരോഗതിയാണ് പഞ്ചായത്തു നേടിയിട്ടുള്ളത്. നഗര പ്രാന്ത പഞ്ചായത്ത് എന്ന നിലയിലുള്ള ഗുണവശം ഇക്കാര്യത്തിൽ ഉണ്ട്. കെട്ടിടനികുതി, തൊഴിൽ നികുതി, വസ്തുകൈമാറ്റ നികുതി എന്നിവയിലുള്ള വരുമാന വർദ്ധനവാണ്, പഞ്ചായത്തിന് ഈ പുരോഗതി ഉണ്ടാക്കിയിട്ടുള്ളത്. വസ്തുകൈമാറ്റനികുതിയിനത്തിൽ ഇന്നുള്ളതിലും എത്രയോ ഇരട്ടി വർദ്ധന ഇക്കാര്യത്തിലുള്ള അഴിമതി തടയൽ മൂലം ഉണ്ടാക്കാൻ കഴിയും. എന്നാൽ മറ്റു പഞ്ചായത്തുകളിൽനിന്നും വ്യത്യസ്തമായി വിനോദനികുതിയിനത്തിലുള്ള വരുമാനം തകർച്ചയെ നേരിടുന്നതായിട്ടാണ് കാണുന്നത്.

## വിഭവ സമാഹരണം 1997-98

### വരുമാനം

| | | | |
|---|---|---|---|
| 1. | തൊഴിൽ നികുതി | | 14,86,149 |
| 2. | കെട്ടിടനികുതി | | 3412928 |
| 3. | വിനോദനികുതി | | 66127 |
| 4. | നികുതിയേതര വരുമാനം | | |
| | 1) ലൈസൻസ് ഫീസ് | 27376 | |
| | 2) വസ്തുകൈമാറ്റ നികുതി | 1304891 | |
| | 3) സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരുമാനം | 600157 | 3299536 |
| | 4) ഡിപ്പോസിറ്റ് | 867110 | |
| | 5) ലാൻറ് കൺവർഷൻ | 500000 | |
| 5. | അൺടൈഡ് ഫണ്ട് | | 1500000 |
| 6. | ജെ.ആർ.വൈ സ്കീം | | 500000 |
| 7. | സംസ്ഥാന നികുതിവിവരം | | 10000000 |
| 8. | മനുഷ്യാദ്ധ്വാനം ആൻറ് സ്പോൺസറിംഗ് | | 640000 |
| | | | 20904740 |
| 9. | ധനകാര്യസ്ഥാപനങ്ങളിൽനിന്ന് | | |
| | 1) സഹകരണം | | 4000000 |
| | 2) ബാങ്കുകൾ | | |

### ചെലവ്

| | | |
|---|---|---|
| 1. | എസ്റ്റാബ്ലിഷ്മെൻറ് | 1200000 |
| 2. | പൊതുമരാമത്ത് | |

## 1991 സെൻസസ്

| | |
|---|---|
| ജനസംഖ്യ | 51,166 |
| വിസ്തീർണ്ണം | 27.46 ച. കി.മീ |
| വീടുകൾ | 10,448 |
| കുടുംബങ്ങൾ | 10468 |
| പട്ടികജാതി | |
| ആൺ | 3472 |
| പെൺ | 3464 |
| പട്ടികവർഗം | |
| ആൺ | 46 |
| പെൺ | 35 |
| സമ്പൂർണ്ണ സാക്ഷരർ | |
| ആകെ തൊഴിലാളികൾ | 12697 |
| സ്ത്രീകൾ | 3462 |
| കൃഷിക്കാർ | |
| ആൺ | 468 |
| പെൺ | 45 |
| കർഷകത്തൊഴിലാളികൾ | 1290 |
| സ്ത്രീകൾ | 644 |
| തൊഴിൽ രഹിതർ | |
| ആൺ | 12442 |
| പെൺ | 21624 |

KERALA INSTITUTE OF LOCAL ADMINISTRATION ★ THRISSUR-680581 ★ LIBRARY
4260

Printed at ENCEES PRINTERS, Ph: 422454